**Visa Virtual Debit Card, Visa International Debit Card എന്നിവയ്ക്കുള്ള നിബന്ധനകളും വ്യവസ്ഥകളും.**

5.1 Debit Card നിബന്ധനകളും വ്യവസ്ഥകളും

ഈ നിബന്ധനകളും വ്യവസ്ഥകളും നിങ്ങളുടെ Debit Card ന് ബാധകമായവയാണ്. നിങ്ങൾ Debit Card ൽ ഒപ്പുവയ്ക്കുകയോ അത് ഉപയോഗിക്കുകയോ ചെയ്യുന്നതിന് മുമ്പ് ദയവായി ഇവ ശ്രദ്ധാപൂർവ്വം വായിക്കുക. നിങ്ങൾ ഈ നിബന്ധനകളും വ്യവസ്ഥകളും വായിക്കുമ്പോൾ, "നിങ്ങൾ", "നിങ്ങളുടെ", "കാർഡ് അംഗം" എന്നിവ അർത്ഥമാക്കുന്നത് digibank ഇ-വാലറ്റ് അക്കൗണ്ട് അല്ലെങ്കിൽ digiSavings ഉള്ള വ്യക്തിയെയാണ്. "ഞങ്ങൾ", "നമ്മുടെ", “ഞങ്ങളുടെ”, "ബാങ്ക്" എന്നീ വാക്കുകൾ DBS Bank India Limited നെയും അതിന്റെ പിൻഗാമികളെയും ചുമതലയുള്ളവരെയും സൂചിപ്പിക്കുന്നു.

5.2 നിബന്ധനകളുടെ പ്രായോഗികത

നിങ്ങളും DBS Bank India Limited ഉം തമ്മിലുള്ള ഒരു കരാറിന് രൂപം നൽകുന്ന നിബന്ധനകളും വ്യവസ്ഥകളുമാണ് ഇവിടെ നൽകിയിട്ടുള്ളത്. നിങ്ങൾ ഈ നിബന്ധനകളും വ്യവസ്ഥകളും നിരുപാധികമായി അംഗീകരിച്ചതായി കണക്കാക്കുന്നു. കൂടാതെ, ഭേദഗതി ചെയ്യപ്പെടുകയോ മാറ്റം വരുത്തപ്പെടുകയോ ചെയ്യുന്നതുൾപ്പെടെയുള്ള പ്രസക്തമായ RBI Regulations, Exchange Control Regulations of Reserve Bank of India ("RBI"), Foreign Exchange Management Act, 1999 എന്നിവയും, ഒരു അക്കൗണ്ട് അല്ലെങ്കിൽ digiSavings തുറക്കുന്നതിനായി രൂപപ്പെടുത്തിയ എല്ലാ നിയമങ്ങളും നിയന്ത്രണങ്ങളും പാലിക്കുന്നതിനുള്ള നിങ്ങളുടെ വിധേയത്വം ഇതിനാൽ ഉറപ്പാക്കുകയും ചെയ്യുന്നു.

ഈ നിബന്ധനകളും വ്യവസ്ഥകളും digibank ഇ-വാലറ്റുമായോ, digiSavings മായോ ബന്ധപ്പെട്ട നിബന്ധനകൾക്കും വ്യവസ്ഥകൾക്കും പുറമെയായിരിക്കും. Debit Card മായി ബന്ധപ്പെട്ട ഏതെങ്കിലും സേവനങ്ങൾ/സൗകര്യങ്ങൾ നിങ്ങൾ ഉപയോഗിക്കുമ്പോൾ അത്തരം സേവനങ്ങൾക്കായി/സൗകര്യങ്ങൾക്കായി കാലാകാലങ്ങളിൽ DBS Bank India Limited അനുശാസിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും നിങ്ങൾക്ക് ബാധകമായിരിക്കും.

5.3 നിർവചനങ്ങൾ

മറ്റു വിധത്തിൽ പ്രത്യേകമായി വ്യാഖ്യാനിച്ചിട്ടില്ലെങ്കിൽ, ഇനി പറയുന്ന പദങ്ങൾ ഇവിടെ പറഞ്ഞിരിക്കുന്ന അർത്ഥം സൂചിപ്പിക്കുന്നതിനായി ഉപയോഗിക്കുന്നു. ഏകവചനത്തെ സൂചിപ്പിക്കുന്ന വാക്കുകൾ ബഹുവചനമായും തിരിച്ചും ഉപയോഗിക്കുന്നു. പുല്ലിംഗത്തെ സൂചിപ്പിക്കുന്ന വാക്കുകൾ സ്ത്രീലിംഗമായും, ലിംഗമില്ലാത്തവയായും സൂചിപ്പിക്കുന്നു. വ്യക്തികളെ കുറിച്ചുള്ള പരാമർശങ്ങൾ സന്ദർഭത്തിനനുസരിച്ച് ഒരു വ്യക്തിയേയോ, കമ്പനിയേയോ, ട്രസ്റ്റിനേയോ കുറിച്ചുള്ള റഫറൻസുകളായും അതുപോലെ തിരിച്ചും കണക്കാക്കണം. ക്ലോസുകളും മറ്റ് സമാന ശീർഷകങ്ങളും റഫർ ചെയ്യാൻ എളുപ്പത്തിനായുള്ളതാണ്. മാത്രമല്ല, അവ ഏതെങ്കിലും വ്യവസ്ഥയുടെ വ്യാഖ്യാനത്തെ ബാധിക്കുകയുമില്ല.

a. "അക്കൗണ്ട്" എന്നാൽ digibank ഇ-വാലറ്റും, digiSavings ഉം, അല്ലെങ്കിൽ ഇവയിലേതെങ്കിലും ഒന്നോ ഉൾപ്പെടുന്നു.

b. "ATM" എന്നാൽ "ഓട്ടോമേറ്റഡ് ടെല്ലർ മെഷീൻ" അല്ലെങ്കിൽ "കാർഡ് ഓപ്പറേറ്റഡ് മെഷീൻ" എന്നറിയപ്പെടുന്ന ഞങ്ങളുടേതോ, പങ്കിട്ട നെറ്റ്‌വർക്കിലെതോ, മറ്റേതെങ്കിലും ബാങ്കിന്റെതോ ആയ ഉപകരണമാണ്. ഞങ്ങളുടെ കൈവശമുള്ള നിങ്ങളുടെ അക്കൗണ്ടിലെ/ അക്കൌണ്ടുകളിലെ ഫണ്ടുകൾ **പിൻവലിക്കാൻ** നിങ്ങളുടെ Visa International Debit Card ഉപയോഗിക്കാം.

c. "ATM ലിമിറ്റ്" എന്നാൽ എല്ലാത്തരത്തിലുള്ള പണം പിൻവലിക്കലുകൾക്കും, ATM വഴി നിങ്ങൾ പ്രാബല്യത്തിൽ വരുത്തുന്ന മറ്റേതെങ്കിലും ഇടപാടുകൾക്കും ബാങ്ക് നിർദ്ദേശിക്കുന്ന പരമാവധി അനുവദനീയമായ പ്രതിദിന / ഇടപാട് പരിധി എന്നാണ് അർത്ഥമാക്കുന്നത്.

d. "കാർഡ് ട്രാൻസാക്ഷൻ" എന്നാൽ ഏതെങ്കിലും ചരക്കു**കൾ/ സേവനങ്ങൾ/ മറ്റ് ആനുകൂല്യങ്ങൾ** എന്നിവ**ക്കായി ഒപ്പ് ഉപയോഗിച്ചോ,** PIN ഉപയോഗിച്ചോ അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലോ Debit Card ഉപയോഗിച്ചോ, സെയിൽസ് ഡ്രാഫ്റ്റ് / മറ്റു തരത്തിലുള്ള വൌച്ചറുകൾ അല്ലെങ്കിൽ നിങ്ങൾ ഒപ്പ് വച്ചതോ, ഞങ്ങളോട് അംഗീകാരം അഭ്യർത്ഥിച്ചതോ ആയ ഫോം പരിഗണിക്കാതെ നടത്തുന്ന ഏതെങ്കിലും തരത്തിലുള്ള പണമടയ്ക്കൽ അല്ലെങ്കിൽ ഈടാക്കുന്ന തുക എന്നാണ് അർത്ഥമാക്കുന്നത്.

e. "കാർഡ്-നോട്ട്-പ്രെസന്റ് ട്രാൻസാക്ഷൻ" എന്നാൽ ഉപയോഗസമയത്ത് കാർഡ് അംഗവും, കാർഡും ഭൗതികമായി ഇല്ലാത്ത ഒരു വ്യാപാര പരിതസ്ഥിതിയിൽ നടക്കുന്ന ഇടപാട് എന്നാണ് അർത്ഥമാക്കുന്നത്. സാധാരണ കാർഡ് ഇല്ലാത്ത ഇടപാടുകളിൽ ഇന്റർനെറ്റ് അധിഷ്ഠിത ഇടപാടുകൾ, മെയിൽ, ടെലിഫോൺ അല്ലെങ്കിൽ ഫാക്സിമൈൽ ഓർഡറുകൾ, റിസർവേഷനുകൾ, ആവർത്തിച്ചുള്ള പേയ്മെന്റുകൾ, മറ്റ് സമാന ഇടപാടുകൾ എന്നിവ ഉൾപ്പെടുന്നു. Visa Virtual Debit Card നായുള്ള എല്ലാ ഇടപാടുകളും കാർഡ്-ഇല്ലാത്ത ഇടപാടുകളായിരിക്കും.

f. "digiSavings" എന്നത് Debit Card ന്റെ ഉപയോഗത്തിലൂടെയും ഇലക്ട്രോണിക് സേവനങ്ങളിലൂടെയും നിങ്ങൾ ആക്സസ്സുചെയ്യുന്നതിലൂടെയും പ്രവർത്തനത്തിന് യോഗ്യമായ അക്കൗണ്ടായി ഞങ്ങൾ നിയുക്തമാക്കിയ ഒരു സേവിംഗ്സ് അക്കൗണ്ടിനെ സൂചിപ്പിക്കുന്നു.

g. "digibank ആപ്പ്" എന്നാൽ ഒരു നിയുക്ത ലൊക്കേഷനിൽ നിന്നോ ആപ്ലിക്കേഷൻ സ്റ്റോറിൽ നിന്നോ നിങ്ങൾക്ക് ഡൗൺലോഡ് ചെയ്യാവുന്ന മൊബൈൽ ഉപകരണങ്ങൾക്കായുള്ള ഒരു ആപ്ലിക്കേഷനാണ്.

h. "digibank ഇ-വാലറ്റ് അല്ലെങ്കിൽ digibank ഇ-വാലറ്റ് അക്കൗണ്ട്" എന്നാൽ digibank ആപ്പ് വഴി digibank വാഗ്ദാനം ചെയ്യുന്ന ഒരു ഉൽപ്പന്നം എന്നാണ് അർത്ഥമാക്കുന്നത്. ഇത് നിങ്ങളുടെ മൊബൈൽ ഫോണിലെ, അല്ലെങ്കിൽ അനുവദനീയമായ മറ്റേതെങ്കിലും ഉപകരണത്തിൽ, വാലറ്റായി നിങ്ങൾക്ക് ഉപയോഗിക്കാവുന്ന ഒരു സെമി-ക്ലോസ്ഡ്-പ്രീപെയ്ഡ് പേയ്മെന്റ് (പലിശയില്ലാത്തത്) ഉപകരണമാണ് .

i. "ഇലക്ട്രോണിക് സേവനങ്ങൾ" എന്നാൽ, ഞങ്ങളും ഏതെങ്കിലും പങ്കെടുക്കുന്ന സ്ഥാപനങ്ങളും ചേർന്ന് നിങ്ങൾക്ക് കാലാകാലങ്ങളിൽ ഇലക്ട്രോണിക് മാർഗങ്ങളിലൂടെ ലഭ്യമാക്കിയേക്കാവുന്ന സേവനങ്ങളും സൗകര്യങ്ങളുമാണ്. ഇതിൽ ഏതെങ്കിലും കാർഡ്, ഇലക്ട്രോണിക് / കമ്പ്യൂട്ടറൈസ്ഡ് / ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, ഓപ്പറേറ്റിംഗ് അക്കൗണ്ടുകളുടെ മോഡുകൾ, സന്ദർഭോചിതമായി PIN / കാർഡ് എന്നിവയിലൂടെ ഉള്ള സേവനങ്ങൾ, ഇന്ത്യയ്ക്ക് അകത്തു പുറത്തും ലഭ്യമാക്കുന്നതിന്, വാഗ്ദാനം ചെയ്യുന്നതുമായ ഇലക്ട്രോണിക് സേവനങ്ങളും സൗകര്യങ്ങളും ഉൾപ്പെടുന്നു.

j. "GST" എന്നാൽ ഏതെങ്കിലും തരത്തിലുള്ള ചരക്ക് സേവന നികുതി എന്നാണ് അർത്ഥമാക്കുന്നത്. ഇതിൽ സമാന സ്വഭാവമുള്ള നികുതികളും, ഭേദഗതി ചെയ്യപ്പെടുകയോ, മാറ്റം വരുത്തപ്പെടുകയോ, കൂടുതലായി ഈടാക്കാവുന്നതുമായതോ മറ്റേതെങ്കിലും പേരിൽ വിളിക്കപ്പെടുന്നതുമായതോ ആയ നികുതികളും ഉൾപ്പെടുന്നു.

k. "വിവരങ്ങൾ" എന്നാൽ പണത്തെയോ, നിങ്ങളെയോ, ഏതെങ്കിലും ഉപയോക്താവിനേയോ, അക്കൗണ്ടിനേയോ, ഏതെങ്കിലും ഇടപാടിനേയോ സംബന്ധിക്കുന്ന മറ്റ് പ്രസക്തമായ വിവരണമാണ്.

l. "അന്തർ ദേശീയ ഇടപാടുകൾ" എന്നത് ഇന്ത്യ, നേപ്പാൾ, ഭൂട്ടാൻ എന്നിവയ്ക്ക് പുറത്തേയ്ക്ക് Debit Card വഴി നിങ്ങൾ നടത്തുന്ന ഇടപാടുകളെ സൂചിപ്പിക്കുന്നു.

DBS Live more, Bank less

m. "മർച്ചന്റ്" എന്നാൽ ബാങ്കുമായി കരാറിൽ ഏർപ്പെടുന്ന ഏതെങ്കിലും വ്യക്തി, സ്ഥാപനം, കോർപ്പറേഷൻ, Master Card International, Visa International എന്നിവയുടെ ഏതെങ്കിലും അംഗം/ലൈസൻസ് കൈവശമുള്ളയാൾ, ചരക്കുകൾക്കോ സേവനങ്ങൾക്കോ നല്കുന്നതോ ചിലവാക്കുന്നതോ ആയ പണമിടപാടുകളിൽ പണം നൽകുമ്പോൾ ഒരു കാർഡ് ഉപയോഗിക്കുകയോ സ്വീകരിക്കുകയോ ചെയ്യുന്നതുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും ഇലക്ട്രോണിക് സേവനദാതാവ് എന്നർത്ഥമാക്കുന്നു.

n. "പങ്കെടുക്കുന്നയാൾ" എന്നാൽ കാർഡുമായി ബന്ധപ്പെട്ട് ഇലക്ട്രോണിക് സേവനങ്ങളോ, ഏതെങ്കിലും ചരക്കുകളും സേവനങ്ങളും നൽകുന്നതിൽ അതാത് സമയങ്ങളിൽ നേരിട്ടോ, അല്ലാതെയോ പങ്കെടുക്കുന്നതോ / ഉൾപ്പെട്ടിരിക്കുന്നതോ ആയ, ഇന്ത്യയ്ക്ക് അകത്തോ പുറത്തോ ഉള്ള ഏതെങ്കിലും വ്യക്തിയോ, സ്ഥാപനമോ, കമ്പനിയോ, ഓർഗനൈസേഷനോ ആണ്.

o. "PIN" എന്നാൽ കാർഡിന്റെ ഉപയോഗത്തിനോ, ഇലക്ട്രോണിക് സേവനങ്ങൾ ആക്സസ്സു ചെയ്യുന്നതിനോ digibank ആപ്പിൽ ഉപയോക്താവ് സൃഷ്ടിച്ച PIN എന്നാണ് അർത്ഥമാക്കുന്നത്.

p. "പോയിന്റ് ഓഫ് സെയിൽ/POS" ഇടപാടുകൾ എന്നാൽ അർത്ഥമാക്കുന്നത് വ്യാപാരികളുടെ പോയിന്റ് ഓഫ് സെയിൽ ടെർമിനലുകളിലൂടുള്ള ഇടപാടുകളാണ്.

q. "ചെലവ് പരിധി" എന്നാൽ ഒരു ദിവസം നടപ്പിലാക്കാവുന്ന മൊത്തം കാർഡ് ഇടപാടുകളുടെ കാര്യത്തിൽ ഞങ്ങൾ നിർദ്ദേശിച്ചിട്ടുള്ള അനുവദനീയമായ പരമാവധി പരിധി എന്നാണ് അർത്ഥമാക്കുന്നത്.

r. "നിബന്ധനകളും വ്യവസ്ഥകളും" എന്നാൽ ഈ നിബന്ധനകളും, വ്യവസ്ഥകളും, ഇതിൽ ഞങ്ങൾ വരുത്തിയേക്കാവുന്ന ഭേദഗതികളും, അനുബന്ധമായി നൽകുന്ന നിബന്ധനകളും വ്യവസ്ഥകളും ഉൾപ്പെടുന്നതാണ്.

s. "ഇടപാട്" എന്നാൽ കാർഡ് / ഇലക്ട്രോണിക് സേവനങ്ങൾ മുഖേന നിങ്ങൾ നടപ്പിലാക്കിയ / പുറപ്പെടുവിച്ച / നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും ഇടപാട് അല്ലെങ്കിൽ നിർദ്ദേശം എന്നാണ് അർത്ഥമാക്കുന്നത്.

t. "ഉപയോക്താവ്" എന്നാൽ നിങ്ങളെയാണ് ഉദ്ദേശിക്കുന്നത്.

5.4 ഇന്റർനെറ്റിൽ Visa Virtual Debit Card ഉപയോഗിക്കുന്നതിനുള്ള നിബന്ധനകളും വ്യവസ്ഥകളും.

a. നിങ്ങളുടെ digibank ഇ-വാലറ്റിലോ digiSavings അക്കൗണ്ടിലോ നിങ്ങൾ നിൽകിയ രീതിയിൽ Visa Virtual Debit Card നിർദ്ദേശങ്ങളിലൂടെ ഓൺലൈൻ ഇടപാടുകൾ നടത്താനുള്ള നിങ്ങളുടെ അഭ്യർത്ഥന അനുസരിച്ച് ഞങ്ങൾ നൽകുന്ന സേവനങ്ങൾ നിങ്ങൾ അനുവദിക്കുകയും, അംഗീകരിക്കുകയും ചെയ്യുന്നു. Debit Card ന്റെ അനധികൃതവും നിയമവിരുദ്ധവുമായ ഉപയോഗവും, നിങ്ങളുടെ digibank ഇ-വാലറ്റിലേക്കോ, digiSavings അക്കൗണ്ടിലേക്കോ അനധികൃതമായ ആക്സസ്സ് തടയുന്നതിന് ആവശ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിക്കുന്നതിനുള്ള ചുമതല ഇതിനാൽ നിങ്ങൾ ഏറ്റെടുക്കുന്നു.

b. digibank സേവനങ്ങൾ ഉപയോഗിച്ച് നിങ്ങൾ പണമടയ്ക്കുന്ന വ്യാപാരികൾ നിങ്ങളുടെ ബില്ലിംഗ് വിശദാംശങ്ങൾ ഞങ്ങൾക്ക് നൽകുന്നതിൽ നിങ്ങൾക്ക് യാതൊരു വിരോധവുമില്ല.

c. കാലാകാലങ്ങളിൽ DBS ബാങ്ക് അംഗീകരിച്ചിട്ടുള്ളതും, ബാങ്ക്/Visa/ Mastercard/മറ്റേതെങ്കിലും പങ്കിട്ട നെറ്റ്വർക്കുകൾ/ഏജൻസികളുടെ ലോഗോകൾ പ്രദർശിപ്പിക്കുന്നതുമായ ഇന്ത്യയിലെ ഇന്റർനെറ്റ് വെബ്സൈറ്റുകൾ വഴി സാധനങ്ങൾ / സേവനങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യമുള്ള എല്ലാ ഇന്റർനെറ്റ് വെബ്സൈറ്റുകളിലും Visa Virtual Debit Card നിങ്ങൾക്ക് (DBS Bank മറ്റു രീതിയിൽ വ്യക്തമാക്കിയിട്ടില്ലെങ്കിൽ) ഉപയോഗിക്കാം.

d. ഒരു സാധുവായ Visa Virtual Debit Card എന്നത് കൊണ്ട് അർത്ഥമാക്കുന്നത് നിലവിൽ സിസ്റ്റത്തിൽ സജീവമായിരിക്കുന്നതും ബ്ലോക്ക്/ഹോട്ട് ലിസ്റ്റ് ചെയ്യപ്പെടാത്തതും ആയ ഒരു Debit Card നെയാണ് എന്ന് നിങ്ങൾ സമ്മതിക്കുന്നു. ഒരു Debit Card ഹോട്ട് ലിസ്റ്റ് ചെയ്യുകയോ ബ്ലോക്ക് ചെയ്യുകയോ ചെയ്താൽ, നിങ്ങൾക്ക് ഇടപാടുകളൊന്നും നടത്താൻ കഴിയില്ല.

e. തുകയുടെ ലഭ്യതയും, തുകയുടെ കൃത്യതയും, പേയ്മെന്റ് വിശദാംശങ്ങളും ഉറപ്പാക്കുന്നതിന് നിങ്ങൾ ഉത്തരവാദിയായിരിക്കും.

f. മർച്ചന്റ് ആവശ്യപ്പെടുന്നത് പോലെ നിങ്ങൾ പേയ്മെന്റുകൾ നടത്തുമെന്ന് നിങ്ങൾ സമ്മതിക്കുന്നു. തെറ്റായ എൻട്രികൾ, അപൂർണ്ണമായ എൻട്രികൾ, മറ്റേതെങ്കിലും കാരണങ്ങളാൽ മർച്ചന്റ് പേയ്മെന്റ് തുക നിരസിച്ചതിന് നിങ്ങൾ ഞങ്ങളെ ബാധ്യസ്ഥരാക്കുകയില്ല. നൽകിയിരിക്കുന്ന നിർദ്ദേശങ്ങളുടെയും ഞങ്ങളുമായുള്ള ഇടപാടുകളുടെയും റെക്കോർഡ് എല്ലാ ആവശ്യങ്ങൾക്കും നിർണായക തെളിവും ബന്ധവും ആയിരിക്കുമെന്നും, ഏത് നടപടിയിലും നിർണായക തെളിവായി ഉപയോഗിക്കാമെന്നും നിങ്ങൾ സമ്മതിക്കുന്നു.

g. mVisa / Bharat QR മുഖേന പേയ്മെന്റുകൾ സ്വീകരിക്കുന്ന വെബ്സൈറ്റുകൾ / വ്യാപാരികൾ അല്ലെങ്കിൽ 3D സെക്യൂരിറ്റി / 2 ഫാക്ടർ ഓതന്റിക്കേഷൻ എന്നിവ വാഗ്ദാനം ചെയ്യുന്നവർ മാത്രമേ Visa Virtual Debit Card വഴിയുള്ള ഇടപാടുകൾ അനുവദിക്കൂ എന്ന് നിങ്ങൾ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. ഓൺലൈൻ ഇടപാട് പൂർത്തിയാക്കാൻ ചില അധിക വിശദാംശങ്ങൾ നൽകേണ്ടി വന്നേക്കാവുന്ന വ്യത്യസ്ത പ്രവർത്തനങ്ങളും സേവന ഓഫറുകളും പങ്കിട്ട നെറ്റ്‌വർക്കുകൾ നൽകിയേക്കാമെന്നും നിങ്ങൾ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.

h. അധികമായി ഒരു ലോഗോ/വ്യാപാരമുദ്ര/ചിഹ്നം പ്രദർശിപ്പിച്ച് പങ്കിട്ട നെറ്റ്‌വർക്കുകളുടെ പ്രസ്തുത പ്രവർത്തനങ്ങളും സേവന ഓഫറുകളും വ്യാപാരിയുടെ ഇന്റർനെറ്റ് വെബ്സൈറ്റിൽ പരസ്യപ്പെടുത്തുമെന്ന് നിങ്ങൾ സമ്മതിക്കുന്നു.

i. ഒരു ഇന്റർനെറ്റ് പർച്ചേസിനായി Visa Virtual Debit Card ഉപയോഗിക്കുന്നതിന് കാർഡ് നമ്പർ, കാർഡ് വെരിഫിക്കേഷൻ വാല്യൂ (CVV), സുരക്ഷാ അക്കങ്ങൾ, Debit Card ന്റെ കാലഹരണ തീയതി, നിങ്ങളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് അയക്കുന്ന ഒറ്റത്തവണ PIN (OTP) എന്നിവ നൽകുമെന്ന് നിങ്ങൾ സമ്മതിക്കുന്നു. mVisa/Bharat QR ഉപയോഗിച്ച് നിങ്ങളുടെ വ്യാപാരിക്ക് പേയ്മെന്റ് നടത്തുന്നതിന് Visa Virtual Debit Card ഉപയോഗിക്കുന്നതിന് നിങ്ങൾ digibank ആപ്പിലേക്ക് ലോഗിൻ ചെയ്യുകയും പ്രസക്തമായ ക്വിക്ക് റെസ്പോൺസ് (QR) കോഡ് സ്കാൻ ചെയ്യുകയും നിങ്ങളുടെ സോഫ്റ്റ് ടോക്കൺ ID ഉപയോഗിച്ച് പ്രാമാണീകരിക്കുകയും ചെയ്യുമെന്ന് നിങ്ങൾ സമ്മതിക്കുന്നു.

j. ഇൻറർനെറ്റ് വെബ്സൈറ്റിലെ വെരിഫിക്കേഷൻ ഫീൽഡിൽ (i) പൂർണ്ണവും കൃത്യവുമായ ഡാറ്റ/വിവരങ്ങൾ നൽകാതിരിക്കുകയോ (ii) നിങ്ങളുടെ വ്യാപാരിയുടെ QR കോഡ് ശരിയായി സ്കാൻ ചെയ്യാത്തതുമൂലമോ, നിങ്ങളുടെ Visa Virtual Debit Card ഉപയോഗിച്ച് പണമടയ്ക്കാൻ കഴിയില്ലെന്ന് നിങ്ങൾ സമ്മതിക്കുന്നു.

k. ഒരു പിശക് മൂലമോ, അല്ലെങ്കിൽ സമ്മതിച്ച ചരക്ക് റിട്ടേൺ ആയ കാരണമോ നിങ്ങൾ പൂർത്തിയാക്കിയ ഇടപാട് റദ്ദാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ആ വ്യാപാരിയുമായുള്ള മുമ്പത്തെ ഇടപാട് റദ്ദാക്കുകയും, റദ്ദാക്കിയ രസീതിന്റെ സ്ഥിരീകരണം നിങ്ങളുടെ കൈവശം സൂക്ഷിക്കുകയും വേണം.

l. അത്തരം ഇടപാടുകൾ മൂലമുള്ള ഡെബിറ്റുകളുടെ റിവേഴ്സൽ/റീ-ഫണ്ട് സ്വമേധയാലല്ലാതെ പ്രോസസ്സ് ചെയ്യപ്പെടുന്നതാണ്. കൂടാതെ, റദ്ദ് ചെയ്ത രസീതിന്റെ സ്ഥിരീകരണം ആവശ്യപ്പെടുകയാണെങ്കിൽ നിങ്ങൾ ഹാജരാക്കേണ്ടതുണ്ട്.

m. ചരക്കുകളോ സേവനങ്ങളോ ഡെലിവറി ചെയ്യാത്തതുമൂലമോ, ചരക്കുകളോ സേവനങ്ങളോ നിരസിച്ചതുമൂലമോ ഉള്ള എല്ലാ റീ-ഫണ്ടുകളും ബന്ധപ്പെട്ട വ്യാപാരിയുടെ അഭ്യർത്ഥനപ്രകാരം മാത്രമേ ചെയ്യപ്പെടുകയുള്ളൂവെന്ന് നിങ്ങൾ സമ്മതിക്കുന്നു. റീ-ഫണ്ടുകളുടെ കാര്യത്തിൽ, ഇടപാട് പ്രോസസ്സ് ചെയ്യുന്നതിന് നിങ്ങളിൽ നിന്ന് ഈടാക്കിയ പേയ്മെന്റ് പ്രോസസ്സിംഗ് ചാർജുകൾ ഞങ്ങൾ റീ-ഫണ്ട് ചെയ്യുകയില്ല.

n. ഈ നിബന്ധനകളിലും വ്യവസ്ഥകളിലും അടങ്ങിയിരിക്കുന്ന യാതൊന്നിനോടും, മുൻവിധികളില്ലാതെ, പ്രത്യക്ഷമായോ പരോക്ഷമായോ ഇനി പറയുന്നവയിൽ നിന്നുള്ള നഷ്ടത്തിനോ കേടുപാടുകൾക്കോ ഞങ്ങൾ ബാധ്യസ്ഥരായിരിക്കില്ല എന്ന് നിങ്ങൾ സമ്മതിക്കുന്നു.

   (i) വിതരണം ചെയ്ത ഏതെങ്കിലും ചരക്കുകളുടേയോ സേവനങ്ങളുടേയോ കേടുപാടുകൾ ;
   (ii) ഏതെങ്കിലും വ്യാപാരി Visa Virtual Debit Card മുഖേനയുള്ള പേയ്മെന്റ് അംഗീകരിക്കുന്നതിനോ സ്വീകരിക്കുന്നതിനോ വിസമ്മതിക്കുന്നത്;
   (iii) ഏതെങ്കിലും കമ്പ്യൂട്ടർ ടെർമിനലിന്റെ തകരാർ/എന്തെങ്കിലും തരത്തിലുള്ള കാലതാമസം / സാങ്കേതിക തകരാറുകൾ;

(iv) നിങ്ങളുടെ അക്കൗണ്ട് ആക്സസ് ചെയ്യാനുള്ള വിശദാംശങ്ങൾ നിങ്ങളോ ഏതെങ്കിലും മൂന്നാം കക്ഷിയോ ഏതെങ്കിലും അനധികൃത വ്യക്തിയുമായി പങ്കുവയ്ക്കുന്നത്;

(v) നിങ്ങൾ ഞങ്ങളോട് വെളിപ്പെടുത്തിയ ഏതെങ്കിലും വിശദാംശങ്ങളിൽ എന്തെങ്കിലും തെറ്റായ പ്രസ്താവന, തെറ്റിദ്ധാരണ, പിശക് അല്ലെങ്കിൽ ഒഴിവാക്കൽ;

(vi) ബന്ധപ്പെട്ട വ്യാപാരി(കൾ) നൽകേണ്ട തുകയും നിങ്ങൾ നൽകിയ നിർദ്ദേശങ്ങളും തമ്മിലുള്ള എന്തെങ്കിലും പൊരുത്തക്കേട്;

(vii) QR കോഡ് സ്കാൻ ചെയ്യാൻ നിങ്ങളുടെ മൊബൈൽ ഉപകരണത്തിന്റെ കഴിവില്ലായ്മ;

(viii) ക്യാൻസലേഷൻ/റീ-ഫണ്ട് അഭ്യർത്ഥന ഉയർത്തുന്നതിൽ വ്യാപാരി പരാജയപ്പെടുന്നത്.

o. ചരക്കുകളുടേയും സേവനങ്ങളുടേയും വിതരണം ഉൾപ്പെടെ, എന്നാൽ അതിൽ മാത്രം പരിമിതപ്പെടുത്താതെ, ഇന്റർനെറ്റ് വെബ്സൈറ്റുകളിലൂടെ നിങ്ങൾക്ക് ഉണ്ടായേക്കാവുന്ന ഏതെങ്കിലും ഇടപാടുകൾക്ക് ഞങ്ങൾ ഉത്തരവാദികളായിരിക്കില്ലെന്ന് നിങ്ങൾ സമ്മതിക്കുന്നു. ഈ Debit Card സൗകര്യം നിങ്ങൾക്ക് സാധനങ്ങൾ വാങ്ങുന്നതിനും സേവനങ്ങൾ ഉപയോഗിക്കുന്നതിനുമുള്ള ഒരു സൗകര്യം മാത്രമാണെന്ന് നിങ്ങൾ വ്യക്തമായി മനസ്സിലാക്കിയിരിക്കണം. കൂടാതെ, ചരക്കുകളുടെ ഗുണനിലവാരം, ഡെലിവറി, മറ്റെന്തെങ്കിലും സംബന്ധിച്ച് ഞങ്ങൾ യാതൊരു വാറന്റിയും നൽകുന്നില്ല.

p. ഓൺലൈൻ ഇടപാട് പൂർത്തിയാക്കാൻ ഞങ്ങൾക്കോ പങ്കിട്ട നെറ്റ്‌വർക്കുകൾക്കോ ആവശ്യമായ എല്ലാ വിശദാംശങ്ങളും സ്വീകരിക്കാൻ ഇന്റർനെറ്റ് വെബ്സൈറ്റിന് കഴിയില്ല എന്ന കാരണത്താൽ, പ്രസ്തുത ഇടപാട് പൂർണ്ണമായി കണക്കാക്കില്ലെന്നും ഈ സാഹചര്യത്തിൽ അപൂർണ്ണമായ/പ്രോസസ്സ് ചെയ്യാത്ത/നിരസിക്കപ്പെട്ട ഏതെങ്കിലും ഇടപാടുകൾക്ക് ഞങ്ങൾക്ക് ബാധ്യതയുണ്ടായിരിക്കില്ല എന്നും നിങ്ങൾ സമ്മതിക്കുന്നു.

q. ഓൺലൈൻ പർച്ചേസ് ഇടപാട് പൂർത്തിയാകുമ്പോൾ, നിങ്ങൾ ഓൺലൈൻ പർച്ചേസ് നടത്തുന്ന തുക, Debit Card മായി ലിങ്ക് ചെയ്തിരിക്കുന്ന digibank ഇ-വാലറ്റിൽ നിന്നോ digiSavings അക്കൗണ്ടിൽ നിന്നോ Debit ചെയ്യപ്പെടുമെന്ന് നിങ്ങൾ സമ്മതിക്കുന്നു.

r. നിങ്ങൾ വാങ്ങിയ ഏതെങ്കിലും ഇനത്തിന്റെ ഡെലിവറിയ്ക്കോ ഡെലിവറി സമയത്തെ അതിന്റെ അവസ്ഥയ്ക്കോ ഞങ്ങൾ ഉത്തരവാദികളായിരിക്കില്ലെന്ന് നിങ്ങൾ സമ്മതിക്കുന്നു. ഞങ്ങളുടെ

ചുമതല വിവരങ്ങളും പേയ്മെന്റ് സേവനങ്ങളും നൽകുന്നതിൽ മാത്രം പരിമിതപ്പെടുത്തിയിരിക്കുന്നു. സാധനങ്ങളുടെ ഡെലിവറി/അവസ്ഥ സംബന്ധിച്ച എല്ലാ തർക്കങ്ങളും ബന്ധപ്പെട്ട വ്യാപാരിയുമായി നേരിട്ട് അറിയിക്കേണ്ടതാണ്. ഡെലിവറിയിലെ കാലതാമസം, ഡെലിവറി ചെയ്യാത്തത്, സാധനങ്ങൾ ലഭിക്കാത്തത് അല്ലെങ്കിൽ കേടുപാടുകളുള്ള സാധനങ്ങൾ ലഭിക്കുന്നത് എന്നിവ ഉൾപ്പെടെ, മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റുകളിൽ നിന്ന് നിങ്ങൾ വാങ്ങുന്നതോ പ്രയോജനപ്പെടുത്തുന്നതോ ആയ വസ്തുക്കൾ, അവയുടെ വാറന്റി അല്ലെങ്കിൽ സേവനങ്ങൾ എന്നിവയ്ക്ക് ഞങ്ങൾ ഒരു തരത്തിലും ഉത്തരവാദികളായിരിക്കില്ല.

s. ഇൻറർനെറ്റ് വെബ്സൈറ്റ് വഴി നടത്തുന്ന ഏതെങ്കിലും ഇടപാടുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ, ബന്ധപ്പെട്ട വ്യാപാരിയുമായി വിഷയം നിങ്ങൾ പരിഹരിക്കുമെന്നും അതിനു സാധിച്ചില്ല എങ്കിലും ഞങ്ങളോടുള്ള ബാധ്യതകളിൽ നിന്ന് നിങ്ങൾക്ക് ഒഴിവാകാനാകില്ലെന്നും ഇതിനാൽ സമ്മതിക്കുന്നു. ഏതെങ്കിലും ഇൻറർനെറ്റ് വെബ്സൈറ്റ് ഈടാക്കുന്ന ഏതെങ്കിലും സർചാർജിനും അത് ഇടപാട് തുകയ്ക്കൊപ്പം നിങ്ങളുടെ അക്കൗണ്ടിൽ നിന്നും ഡെബിറ്റ് ചെയ്യപ്പെടുന്നതിനും ഞങ്ങൾ ഒരു ഉത്തരവാദിത്തവും സ്വീകരിക്കുന്നില്ല. കാർഡിന്റെയും, ATM PIN ന്റെയും, നിങ്ങളുടെ Debit Card മായി ബന്ധപ്പെട്ട മറ്റ് വിശദാംശങ്ങളുടേയും സുരക്ഷ നിലനിർത്തുന്നതിന് ഇവിടെ പരാമർശിച്ചിരിക്കുന്നതുൾപ്പെടെ ഉചിതമായ എല്ലാ നടപടികളും നിങ്ങൾ എല്ലായ്പ്പോഴും കൈക്കൊള്ളേണ്ടതാണ്.

t. ചരക്കിനെ സംബന്ധിച്ച ഏതെങ്കിലും തർക്കമോ അവകാശവാദമോ ഉണ്ടെങ്കിൽ അവ വ്യാപാരിയുമായി പരിഹരിക്കേണ്ടതാണെന്ന് നിങ്ങൾ സമ്മതിക്കുന്നു. ഏതെങ്കിലും ക്ലെയിം / തർക്കം എന്നിവ എല്ലാ ചാർജുകളും അടയ്ക്കാനുള്ള നിങ്ങളുടെ ബാധ്യതയിൽ നിന്ന് നിങ്ങളെ മോചിപ്പിക്കുന്നില്ല. തർക്കമോ ക്ലെയിമോ ഉണ്ടെങ്കിലും അത്തരം ചാർജുകൾ അടയ്ക്കാൻ നിങ്ങൾ സമ്മതിക്കുന്നു.

u. എന്തെങ്കിലും തർക്കമുണ്ടായാൽ, ഏതെങ്കിലും മർച്ചന്റിനെ / മാസ്റ്റർ മർച്ചന്റിനെ താൽക്കാലികമായോ സ്ഥിരമായോ സസ്പെൻഡ് ചെയ്യാനുള്ള അവകാശം ഞങ്ങളിൽ നിക്ഷിപ്തമാണ്. ഈ കാലയളവിൽ, സസ്പെൻഡ് ചെയ്യപ്പെട്ട വ്യാപാരികളുമായുള്ള ഇടപാടുകൾക്ക് Debit Card സൗകര്യം പ്രവർത്തിക്കില്ല.

v. നിലവിലുള്ള ബാലൻസുകൾ, പലിശ നിരക്കുകൾ, കണക്കാക്കുന്നതിനുള്ള നിരക്കുകൾ, കണക്കാക്കുന്ന രീതികൾ എന്നിവയെ ബാധിക്കുന്ന മാറ്റങ്ങൾ, നിങ്ങൾക്ക് വാഗ്ദാനം ചെയ്യുന്ന സവിശേഷതകളും ആനുകൂല്യങ്ങളും ഉൾപ്പടെ ഈ നിബന്ധനകളും വ്യവസ്ഥകളും ഏത് സമയത്തും മാറ്റാനുള്ള അവകാശം ഞങ്ങളിൽ നിക്ഷിപ്തമാണ്. Debit Card സൗകര്യത്തിനും അനുബന്ധ സേവനങ്ങൾക്കുമായി എന്തെങ്കിലും നിരക്കുകൾ ഉണ്ടെങ്കിൽ അവ ഞങ്ങളുടെ വിവേചനാധികാരത്തിലായിരിക്കുമെന്നും സമയാസമയത്ത് വ്യത്യാസപ്പെടുത്തുന്നതിനുള്ള സ്വാതന്ത്ര്യം ഞങ്ങൾക്ക് ഉണ്ടായിരിക്കുമെന്നും നിങ്ങൾ സമ്മതിക്കുന്നു. ഞങ്ങളുടെ വെബ്സൈറ്റായ www.dbs.com/digibank/in/terms-and-conditions.html-ലോ അല്ലെങ്കിൽ ബാങ്ക് തീരുമാനിക്കുന്ന മറ്റേതെങ്കിലും വിധത്തിലോ ഞങ്ങൾ ഭേദഗതി ചെയ്ത എല്ലാ നിബന്ധനകളും വ്യവസ്ഥകളും അറിയിക്കുന്നതായിരിക്കും. ഈ പുതുക്കിയ നിബന്ധനകൾക്ക് കീഴിലുള്ള എല്ലാ നിരക്കുകൾക്കും മറ്റെല്ലാ കടമകൾക്കും നിങ്ങൾ ബാധ്യസ്ഥരായിരിക്കും. വെബ്സൈറ്റിൽ പോസ്റ്റ് ചെയ്തേക്കാവുന്ന ഭേദഗതികൾ ഉൾപ്പെടെ ഈ നിബന്ധനകളും വ്യവസ്ഥകളും പതിവായി അവലോകനം ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം നിങ്ങൾക്കായിരിക്കും. കൂടാതെ, Direct Debit സൗകര്യം ഉപയോഗിക്കുന്നത് തുടരുന്നതിലൂടെ ഭേദഗതി വരുത്തിയ നിബന്ധനകളും വ്യവസ്ഥകളും അംഗീകരിച്ചതായി കണക്കാക്കുകയും ചെയ്യും.

w. ഞങ്ങൾ ലഭ്യമാക്കിയ ഉൽപ്പന്നങ്ങളുമായി/സേവനങ്ങളുമായി ബന്ധപ്പെട്ട്, ഞങ്ങളുടെ സ്വന്തം വിവേചനാധികാരത്തിൽ, ബാഹ്യസേവന ദാതാവിന്റെയോ / ദാതാക്കളുടെയോ / ഏജന്റുമാരുടെയോ ഉത്പന്നങ്ങൾ / സേവനങ്ങൾ ആവശ്യമായ നിബന്ധനകൾക്ക് അനുസൃതവുമായി ഞങ്ങൾ ഉപയോഗപ്പെടുത്തിയേക്കാം.

x. നിങ്ങൾക്ക് ഒരു മുൻകൂർ അറിയിപ്പോ കാരണമോ നൽകാതെ, ഏതെങ്കിലും/എല്ലാ അക്കൗണ്ടുകളുമായും ബന്ധപ്പെട്ട് Debit Card സൗകര്യവും സേവനങ്ങളും ഞങ്ങളുടെ സ്വന്തം വിവേചനാധികാരത്തിൽ എപ്പോൾ വേണമെങ്കിലും പിൻവലിക്കാമെന്നും നിങ്ങൾ സമ്മതിക്കുന്നു

y. ഏതെങ്കിലും മെയിൽ ഓർഡർ/ഫോൺ ഓർഡർ വാങ്ങലുകൾക്ക് Visa Virtual Debit Card സൗകര്യങ്ങൾ/സേവനങ്ങൾ നിങ്ങൾ ഉപയോഗിക്കില്ലെന്ന് നിങ്ങൾ സമ്മതിക്കുന്നു. അത്തരം ഉപയോഗം അനധികൃതമായി കണക്കാക്കുമെന്നും അതിനു നിങ്ങൾ മാത്രം ഉത്തരവാദിയായിരിക്കുന്നതാണ് എന്നും ഇതിനാൽ നിങ്ങൾ സമ്മതിക്കുന്നു .

5.5 ഇലക്ട്രോണിക് സേവനങ്ങൾ

Visa Virtual Debit Card ന് ഇന്ത്യയിലെ വെബ്സൈറ്റുകൾ വഴിയുള്ള ഇലക്ട്രോണിക് ഇടപാടുകൾ മാത്രമേ സുഗമമാക്കാൻ കഴിയൂ എന്ന് ഇതിനാൽ നിങ്ങൾ സമ്മതിക്കുന്നു

5.6 Visa Virtual Debit Card ന്റെ ഉപയോഗം

ഈ Visa Virtual Debit Card ഇന്ത്യയിലെ വെബ്സൈറ്റുകൾ വഴിയുള്ള ഇടപാടുകൾ നടത്തുന്നതിന് മാത്രമേ ഉപയോഗിക്കാൻ കഴിയൂ എന്നും mVisa/Bharath QR ഉപയോഗിച്ചുള്ള മർച്ചന്റ് പേയ്മെന്റുകൾ, ആഭ്യന്തര വെബ്സൈറ്റുകളിലെ പേയ്മെന്റുകൾ എന്നിവ പോലുള്ള കാർഡില്ലാത്ത ഇടപാടുകൾ മാത്രമേ നടത്താൻ കഴിയൂ എന്നും ഇവിടെ വ്യക്തമാക്കുന്നു.

5.7 ചെലവ് പരിധി

5.7.1 ഇന്ത്യയിലെ വെബ്സൈറ്റുകൾ വഴിയുള്ള ചെലവ് പരിധി:

i. digibank ഇ-വാലറ്റ് അക്കൗണ്ട്:

നിങ്ങളുടെ digibank ഇ-വാലറ്റ് അക്കൗണ്ടിലെ ബാലൻസ് ലഭ്യതയ്ക്ക് വിധേയമായി, Visa Virtual Debit Card നായുള്ള പ്രതിദിന ചെലവ് പരിധി 10,000/- രൂപയോ, പ്രതിമാസ ചെലവ് പരിധി 10,000/- രൂപയോ, അല്ലെങ്കിൽ ബാങ്ക് കാലാകാലങ്ങളിൽ നിർണ്ണയിക്കുന്ന തുകകളോ , ആഭ്യന്തര ഇടപാടുകൾക്കായി നിങ്ങളുടെ Debit Card ലൂടെ ഉപയോഗിക്കുന്നതിനായി സജ്ജമാക്കും. നിങ്ങളുടെ digibank ഇ-വാലറ്റ് അക്കൗണ്ടിലെ Visa Virtual Debit Card ന്റെ പരിധി ഒരു ഇടപാടിന് 10,000 രൂപയാണ്. എല്ലാ കാർഡ്-നോട്ട്-പ്രസന്റ് ഇടപാടുകൾക്കും (ഇന്റർനെറ്റ് വാങ്ങലുകൾ ഉൾപ്പെടെ) പുതുതായി അവതരിപ്പിക്കപ്പെടുന്ന മറ്റ് ഇലക്ട്രോണിക് സേവനങ്ങളോ ഉപയോഗിക്കുന്നതിനും ചെലവ് പരിധി ബാധകമാകും.

ii. OTP അടിസ്ഥാനമാക്കിയുള്ള eKYC പ്രക്രിയ/ബയോമെട്രിക് പ്രാമാണീകരണം ഉപയോഗിച്ച് ആരംഭിച്ച digiSavings അക്കൗണ്ട്:

OTP അടിസ്ഥാനമാക്കിയുള്ള eKYC പ്രോസസ്സ് അല്ലെങ്കിൽ ബയോമെട്രിക് പ്രാമാണീകരണം ഉപയോഗിച്ച് ആരംഭിച്ച നിങ്ങളുടെ digiSavings അക്കൗണ്ടിലെ, ബാലൻസ് ലഭ്യതയ്ക്ക് വിധേയമായി, ഒരു ദിവസത്തെ ചെലവ് പരിധി 1,00,000 രൂപയോ അല്ലെങ്കിൽ ബാങ്ക് കാലാകാലങ്ങളിൽ നിർണ്ണയിക്കുന്ന തുകയോ നിങ്ങളുടെ Debit Card ലൂടെയുള്ള ഉപയോഗത്തിനായി സജ്ജീകരിക്കും. എല്ലാ പോയിന്റ് ഓഫ് സെയിൽ / കാർഡ്-നോട്ട്-പ്രസന്റ് ഇടപാടുകൾക്കും (ഇന്റർനെറ്റ് വാങ്ങലുകൾ ഉൾപ്പെടെ), മറ്റ് ഇലക്ട്രോണിക് സേവനങ്ങളോ ഉപയോഗിക്കുന്നതിനും ചെലവ് പരിധി ബാധകമാകും. വിവിധ ഉപയോക്താക്കൾക്ക് വ്യത്യസ്തമായ ചിലവ് പരിധി സജ്ജീകരിക്കുന്നതിനും ഞങ്ങൾ അനുവദിക്കുന്നു.

നിങ്ങളുടെ digiSavings അക്കൗണ്ടിൽ നിങ്ങൾക്ക് Visa Virtual Debit Card ഉണ്ടെങ്കിൽ കാർഡ്-നോട്ട്-പ്രസന്റ് ഇടപാടുകൾക്ക് (ഇന്റർനെറ്റ് വാങ്ങലുകൾ ഉൾപ്പെടെ)

ഇന്ത്യയിലെ വെബ്സൈറ്റുകൾ വഴിയുള്ള ഇടപാടുകൾക്കു മാത്രമേ നിങ്ങൾക്ക് കാർഡ് ഉപയോഗിക്കാൻ കഴിയൂ. OTP അടിസ്ഥാനമാക്കിയുള്ള eKYC പ്രക്രിയ ഉപയോഗിച്ച് തുറന്ന നിങ്ങളുടെ digiSavings അക്കൗണ്ടിലെ Visa Virtual Debit Card ന്റെ പരിധി പ്രതിദിനം 1,00,000 രൂപയാണ്.

നിങ്ങളുടെ digiSavings അക്കൗണ്ടിൽ നിങ്ങൾക്കൊരു Visa International Debit Card ഉണ്ടെങ്കിൽ, ATM ലിമിറ്റ് വരെ, നിങ്ങളുടെ അക്കൗണ്ടിലെ ബാലൻസ് ലഭ്യതയ്ക്ക് വിധേയമായി, പണം പിൻവലിക്കാൻ നിങ്ങൾക്ക് സാധിക്കും. ATM ലിമിറ്റ് അല്ലെങ്കിൽ ലഭ്യമായ ബാലൻസ് കവിഞ്ഞാൽ പണം പിൻവലിക്കുകയോ അല്ലെങ്കിൽ മറ്റേതെങ്കിലും ഇടപാടുകൾ നടത്തുകയോ ചെയ്യാൻ നിങ്ങളുടെ Debit Card ഉപയോഗിക്കുകയോ ഉപയോഗിക്കാൻ ശ്രമിക്കുകയോ ചെയ്യരുത്. നിങ്ങളുടെ digiSavings അക്കൗണ്ടിൽ മതിയായ ബാലൻസ് ഉറപ്പാക്കേണ്ട ചുമതല പൂർണ്ണമായും നിങ്ങളുടേതാണ്. നിങ്ങളുടെ Visa International Debit Card ഉപയോഗിച്ച് ATM ൽ നിന്ന് പ്രതിദിനം 25,000 രൂപ വരെ പിൻവലിക്കാം. അല്ലെങ്കിൽ പ്രതിദിനം 1,00,000 രൂപയുടെ POS ഇടപാട് നടത്താം.

5.7.2 അന്താരാഷ്ട്ര ചെലവ് പരിധി

ഇന്ത്യയ്ക്ക് പുറത്ത് (നേപ്പാളിലും ഭൂട്ടാനിലും ഒഴികെ) നിങ്ങളുടെ Visa International Debit Card പ്രതിദിനം 25,000 രൂപ വരെ പണം (ATM) പിൻവലിക്കാം. പ്രതിദിനം 25,000 രൂപ വരെ POS ഇടപാടിനും ഉപയോഗിക്കാം.

5.7.3 ചെലവ് പരിധി കവിയരുത്

നിങ്ങളുടെ digibank ഇ-വാലറ്റിലോ digiSavings അക്കൗണ്ടിലോ ഇടപാടുകൾക്കു ആവശ്യമായ പണം, മൊത്തം നിരക്കുകൾ അടക്കം, ഉണ്ടെങ്കിൽ മാത്രമേ നിങ്ങൾക്ക് ഒരു Visa Virtual Debit Card ഇടപാട് നടത്താനാകൂ. നിങ്ങളുടെ ചെലവ് പരിധി കവിയുന്ന Visa Virtual Debit Card ഇടപാട് നടത്താനോ പ്രാബല്യത്തിൽ വരുത്താനോ ശ്രമിക്കരുത്. നിങ്ങളുടെ ചെലവ് പരിധി കവിയാൻ ഇടയാക്കുന്ന, നിങ്ങൾ പ്രാബല്യത്തിൽ വരുത്താൻ ആഗ്രഹിക്കുന്ന ഏതെങ്കിലും ഇടപാടിനും അംഗീകാരം നൽകാൻ ഞങ്ങൾ വിസമ്മതിച്ചേക്കാം.

5.8 ഞങ്ങളെ അറിയിക്കാനുള്ള ചുമതല

(a) Debit Card മറ്റേതെങ്കിലും വ്യക്തി ഉപയോഗിക്കുന്നുണ്ടെങ്കിലോ, (b) Debit Card ന്റെയോ ഇലക്ട്രോണിക് സേവനങ്ങളുടെയോ ഉപയോഗം താൽക്കാലികമായി നിർത്താനോ / റദ്ദാക്കാനോ ഞങ്ങളെ അനുവദിക്കുന്ന മറ്റേതെങ്കിലും സംഭവം നടക്കുകയാണെങ്കിലോ, ഈ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും കീഴിൽ, നിങ്ങൾ ഉടനെ ഞങ്ങളെ അറിയിക്കണം.

മൊബൈലിന്റെ നഷ്ടം/മോഷണം, അനധികൃത ഉപയോഗം എന്നിവയെക്കുറിച്ച് ഞങ്ങളെ അറിയിക്കാനോ digibank ആപ്പിൽ നിന്ന് Debit Card ഹോട്ട്ലിസ്റ്റ് ചെയ്യുന്നതിനോ ഞങ്ങളുടെ 24 മണിക്കൂർ കസ്റ്റമർ സർവീസ് ഹോട്ട്ലൈനിലേക്ക് 18602103456 എന്ന നമ്പറിൽ വിളിക്കുകയോ, നിങ്ങൾക്ക് ബ്രാഞ്ചിന്റെ പ്രവൃത്തി ദിവസങ്ങളിലെ പ്രവൃത്തി സമയത്തിൽ അടുത്തുള്ള DBS Bank ശാഖ

സന്ദർശിക്കുകയോ, ബാങ്കിന് സ്വീകാര്യമായ മറ്റ് മോഡുകളിലൂടെയോ ഞങ്ങളെ രേഖാമൂലം അറിയിക്കണം.

5.9 digiSavigs കൾക്കായി Visa International Debit Card ഉപയോഗിക്കുന്നതിനുള്ള നിബന്ധനകളും വ്യവസ്ഥകളും ("നിബന്ധനകളും വ്യവസ്ഥകളും")

5.9.1 നിങ്ങളുടെ Debit Card നെക്കുറിച്ച് അറിയുക

നിങ്ങളുടെ Visa International Debit Card ഒരു ഭൗതികമായ Debit Card ആണ്. digiBank ആപ്പിൽ നിങ്ങൾ ഒരു Debit Card നായി അഭ്യർത്ഥിച്ചുകഴിഞ്ഞാൽ, ഞങ്ങളുടെ രേഖകളിൽ നിന്നും നിങ്ങളുടെ നിലവിലെ വിലാസം തിരഞ്ഞെടുക്കുന്നതിനോ നിങ്ങളുടെ Debit Card ഡെലിവറി ചെയ്യുന്നതിന് മറ്റൊരു വിലാസം നൽകുന്നതിനോ നിങ്ങൾക്ക് ഒരു ഓപ്ഷൻ ഉണ്ടായിരിക്കും. നിങ്ങളുടെ Debit Card ഡെലിവറി ചെയ്യുന്നതിന് നിങ്ങൾ തിരഞ്ഞെടുക്കുന്ന വിലാസം DBS ശാഖകൾ സ്ഥിതി ചെയ്യുന്ന ഏതെങ്കിലും നഗരത്തിനുള്ളിലുള്ളതായിരിക്കേണ്ടതാണ്. നിങ്ങളുടെ Debit Card സീൽ ചെയ്ത കവറിൽ ലഭിച്ചിട്ടുണ്ടെന്ന് നിങ്ങൾ ഉറപ്പാക്കേണ്ടതാണ്. നിങ്ങൾക്ക് Debit Card ലഭിക്കാതിരുന്നാൽ നിങ്ങൾക്ക് ഉണ്ടായേക്കാവുന്ന നഷ്ടങ്ങൾക്കോ കേടുപാടുകൾക്കോ ഞങ്ങൾ ബാധ്യസ്ഥരായിരിക്കില്ല.

5.9.2 ആക്ടിവേഷൻ

Visa International Debit Card ആക്ടിവേറ്റ് ചെയ്യുന്നതിന്, നിങ്ങൾ digiBank ആപ്പിൽ ഒരു വ്യക്തിഗത ഐഡന്റിഫിക്കേഷൻ നമ്പർ (PIN) സൃഷ്ടിക്കേണ്ടതുണ്ട്. ATMകളിലും POSകളിലും നിങ്ങളുടെ DBS Bank International Debit Card ആക്സസ് ചെയ്യാൻ ഈ PIN ഉപയോഗിക്കാവുന്നതാണ്. സുരക്ഷാ കാരണങ്ങളാൽ, ചാനലുകളിലുടനീളം, Debit Card 'ഇൻആക്റ്റീവ്' ആയിത്തന്നെയാണ് അയയ്ക്കുന്നത്. നിങ്ങൾ നൽകിയ വിലാസത്തിലേക്ക് Debit Card ഡെലിവറി ചെയ്തു എന്ന് സ്ഥിരീകരിക്കുന്നതിന് നിങ്ങളുടെ Visa International Debit Card സജീവമാക്കേണ്ടത് ആവശ്യമാണെന്ന് നിങ്ങൾ മനസ്സിലാക്കുന്നു. നിങ്ങളുടെ Visa International Debit Card ആവശ്യപ്പെട്ട് തൊണ്ണൂറ് (90) ദിവസത്തിനുള്ളിൽ നിങ്ങളുടെ Visa International Debit Card ആക്ടിവേറ്റ് ചെയ്യണം, ഇപ്രകാരം ചെയ്യാതിരുന്നാൽ Debit / Credit ഇടപാടുകൾ അനുവദിക്കാത്ത വിധം ബാങ്ക് നിങ്ങളുടെ digiSavings അക്കൗണ്ട് ബ്ലോക്ക് ചെയ്തേക്കാം. നിങ്ങളുടെ Visa International Debit Card സജീവമാക്കുന്നത് വരെ digiSavings അക്കൗണ്ടിലൂടെ യാതൊരു ഇടപാടും നടത്താൻ കഴിയില്ലെന്ന് നിങ്ങൾ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.

നിങ്ങളുടെ Visa International Debit Card കാർഡ് ആക്റ്റീവ് ആക്കിയതിനു ശേഷം, Visa Virtual Debit Card നിലനിൽക്കില്ല.

5.9.3 ഉപയോഗ നിർദ്ദേശങ്ങൾ

നിങ്ങളുടെ Debit Card വളരെ വൈവിധ്യമാർന്നതും ഉപയോഗിക്കാൻ എളുപ്പവുമാണ്. മർച്ചന്റ് ഔട്ട്ലെറ്റുകളിൽ നിന്നും എന്തെങ്കിലും വാങ്ങുമ്പോൾ ഒരു Credit Card ന് സമാനമായി ഇത് പ്രവർത്തിക്കുന്നു. DBS Bank ലുള്ള നിങ്ങളുടെ അക്കൗണ്ടിൽ നിന്ന് ഇടപാട് തുക നേരിട്ട് Debit ചെയ്യപ്പെടുന്നു എന്നതാണ് പ്രധാന വ്യത്യാസം. Debit Card ഒരു ATM Card ആയും പ്രവർത്തിക്കുന്നു. അതിനാൽ,

DBS Live more, Bank less

പ്രത്യേക എടിഎം കാർഡ് കൈവശം വയ്ക്കേണ്ടതിന്റെ ആവശ്യകത ഒഴിവാക്കാവുന്നതാണ്. ഇന്ത്യയ്ക്ക് പുറത്തുള്ള ATM, POS ഇടപാടുകൾക്കായി നിങ്ങൾക്ക് കാർഡ് ഉപയോഗിക്കാം.

5.9.4 Visa International Debit Card

നിങ്ങൾ തിരഞ്ഞെടുത്ത PIN നിങ്ങളുടെ digiSavings ലേക്ക് ആക്സസ് നൽകുന്നുവെന്നും, ഈ PIN ഉപയോഗിക്കുന്നതിനും, രഹസ്യമായി സൂക്ഷിക്കുന്നതിനും, സംരക്ഷിക്കുന്നതിനും, അതുപോലെതന്നെ digiSavings ൽ നൽകിയിട്ടുള്ള എല്ലാ ഓർഡറുകൾക്കും, വിവരങ്ങൾക്കും, നിരക്കുകൾക്കുമുള്ള പൂർണ്ണ ഉത്തരവാദിത്തം നിങ്ങൾ സ്വീകരിക്കുന്നുവെന്നും നിങ്ങൾ അംഗീകരിക്കുകയും, പ്രതിനിധീകരിക്കുകയും, ഉറപ്പ് നൽകുകയും ചെയ്യുന്നു. അത്തരം PIN-ന്റെ സുരക്ഷ നിലനിർത്തുന്നതിന് നിങ്ങൾ എല്ലായ്പ്പോഴും ഇവിടെ സൂചിപ്പിച്ചിരിക്കുന്ന എല്ലാ ഉചിതമായ നടപടികളും സ്വീകരിക്കേണ്ടതാണ്.

ഏതെങ്കിലും തരത്തിൽ കാർഡ് നഷ്ടപ്പെടുമ്പോൾ (കളഞ്ഞുപോകുക/ മോഷ്ടിക്കപ്പെടുക) DBS ബാങ്ക് അതിന്റെ സമ്പൂർണ്ണ വിവേചനാധികാര പരിധിയിൽ ഉൾപ്പെടുത്തി നിലവിലുള്ള ഫിസിക്കൽ Debit Card ൽ ഒരു പുതിയ PIN നൽകുകയും അതിനായി ഫീസ് ഈടാക്കുകയും ചെയ്യുന്നതാണ്. അനധികൃത ഇലക്ട്രോണിക് ഇടപാടുകൾ സംബന്ധിച്ച RBI മാർഗ്ഗനിർദ്ദേശങ്ങൾക്കും , ബാങ്കിന്റെ ആഭ്യന്തര നയങ്ങൾക്കും വിധേയമായി, Debit Card ന്റെയോ, PIN ന്റെയോ ഏതെങ്കിലും തരത്തിലുള്ള തെറ്റായ / വഞ്ചനാപരമായ / അനധികൃത / ഡ്യൂപ്ലിക്കേറ്റ് ഉപയോഗം DBS Bank നെ ബാധ്യസ്ഥരാക്കില്ല. ഏതെങ്കിലും മൂന്നാം കക്ഷികളിൽ Debit Card എത്തിച്ചേരുന്നതോ മൂന്നാം കക്ഷികളിൽ PIN വെളിവാകുന്നതോ മൂലമുള്ള Debit Card ന്റെ ഉപയോഗം/ദുരുപയോഗം എന്നിവയുമായി ബന്ധപ്പെട്ട ഏതെങ്കിലും അനന്തരഫലങ്ങൾക്ക് DBS Bank ബാധ്യസ്ഥമായിരിക്കില്ല. നിങ്ങളുടെ അശ്രദ്ധമൂലം digiSavings ഉൾപ്പെടെയുള്ള സേവനങ്ങളിലേക്ക് ഏതെങ്കിലും മൂന്നാം കക്ഷിക്ക് പ്രവേശനം ലഭിച്ചാൽ അതിന് നിങ്ങൾ ഉത്തരവാദിയായിരിക്കും. കൂടാതെ, അത്തരം ആക്സസ് അല്ലെങ്കിൽ മറ്റെന്തെങ്കിലും മൂലമുണ്ടാകുന്ന ദുരുപയോഗം/ഉപയോഗം എന്നിവയിൽ നിന്നുള്ള ബാധ്യതകൾ, ചെലവുകൾ അല്ലെങ്കിൽ നാശനഷ്ടങ്ങൾ എന്നിവയ്ക്കെതിരെ DBS Bank ന് നഷ്ടപരിഹാരം നൽകേണ്ടതായും വന്നേക്കാം.

5.9.5 ATM ഉപയോഗം

ഇന്ത്യയിലും വിദേശത്തും Visa ലോഗോ പ്രദർശിപ്പിക്കുന്ന ഏതെങ്കിലും DBS Bank ATM ലോ Visa ലോഗോ പ്രദർശിപ്പിക്കുന്ന Visa ATM ലോ പണം പിൻവലിക്കാനും മറ്റ് ഇടപാടുകൾ നടത്താനും നിങ്ങളുടെ Debit Card ഒരു സാധാരണ ATM Card ആയി ഉപയോഗിക്കാം. നിങ്ങളുടെ DBS Bank International Debit Card മായി ലിങ്ക് ചെയ്തിരിക്കുന്ന ഏത് അക്കൗണ്ടിലേക്കും സൗകര്യപ്രദമായി 24 മണിക്കൂറും ആക്സസ് സാധ്യമാക്കുന്ന Visa യ്ക്ക് ഇന്ത്യയിൽ 43,000-ലധികം ATMകളും ലോകമെമ്പാടുമായി 1,000,000-ത്തിലധികം ATMകളുമുണ്ട്. ഇന്ത്യയിലും ലോകമെമ്പാടുമുള്ള എല്ലാ Visa ATMകളുടെയും സമഗ്രമായ ലിസ്റ്റിനായി www.visa.com എന്ന Visa വെബ്സൈറ്റ് സന്ദർശിക്കുക.

നിങ്ങളുടെ അക്കൗണ്ടിലെ ബാലൻസ് ലഭ്യതയ്ക്ക് വിധേയമായി, ATMലൂടെ പ്രതിദിനം പണം പിൻവലിക്കാനുള്ള പരിധി ബാങ്ക് കാലാകാലങ്ങളിൽ നിർണ്ണയിക്കുകയും റഫറൻസിനായി digibank ആപ്പിൽ നൽകുകയും ചെയ്യും.

നിങ്ങൾക്ക് ഏതെങ്കിലും Visa ATM ൽ നിന്ന് പണം പിൻവലിക്കാൻ കഴിയുന്നില്ലെങ്കിൽ കുറഞ്ഞ തുക നൽകി വീണ്ടും ശ്രമിക്കാം (ചില ATMകൾക്ക് പണം നൽകാനുള്ള പരിധി ഉള്ളതിനാൽ). അല്ലെങ്കിൽ കുറച്ച് മിനിറ്റുകൾക്ക് ശേഷം ശ്രമിച്ചു നോക്കാം (നെറ്റ്വർക്ക് സെർവർ പ്രവർത്തനരഹിതമാകാം).

5.9.6 DBS Bank ന്റെ ATM കളിൽ

ഇന്ത്യയിലെ ഏത് DBS Bank ATM കളിലും നിങ്ങൾക്ക് (നിങ്ങളുടെ Debit Card മായി ഒരു digiSavings ലിങ്ക് ചെയ്തിട്ടുണ്ടെന്ന് കരുതുക.):

a. നിങ്ങളുടെ DigiSavings ൽ നിന്നും പണം പിൻവലിക്കാം.
b. നിങ്ങളുടെ digiSavings ന്റെ അക്കൗണ്ട് ബാലൻസ് പരിശോധിക്കാം.
c. ഒരു മിനി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാം.
d. digiSavings ലേക്ക് പണം/ചെക്ക് നിക്ഷേപം നടത്താം.
e. ബാങ്കുമായി ബന്ധപ്പെടുത്തിയിട്ടുള്ള നിങ്ങളുടെ Debit Card മായി ബന്ധിപ്പിച്ചിട്ടുള്ള അക്കൗണ്ടുകൾക്കിടയിൽ ഫണ്ട് ട്രാൻസ്ഫർ ചെയ്യാം
f. DBS Bank ഇന്ത്യ നെറ്റ്വർക്കിലെ മൂന്നാം കക്ഷി അക്കൗണ്ടുകളിലേക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്യാം
g. നിങ്ങളുടെ PIN മാറ്റാം.
h. നിലവിൽ, ഇന്ത്യയിലെ DBS Bank ATM കളിലെ എല്ലാ ഇടപാടുകളും സൗജന്യമാണ്.

ശ്രദ്ധിക്കുക: ഇന്ത്യയിൽ സ്ഥിര താമസമില്ലാത്തവരുടെ (NRI) അക്കൗണ്ടുകളിലേക്കുള്ള ഫണ്ട് ട്രാൻസ്ഫർ അനുവദനീയമല്ലെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5.9.7 DBS Bank ഇതര ATM കളിൽ

Visa ATM കളിൽ നിങ്ങളുടെ digiSavings ന്റെ പണം പിൻവലിക്കലും ബാലൻസ് അന്വേഷണ ഇടപാടുകളും മാത്രമേ കഴിയൂ. 2018 ആഗസ്റ്റ് 1 മുതൽ എല്ലാ ഇടപാടുകൾക്കും (DBS ഇതര ബാങ്ക് ATMകളിൽ) ആദ്യത്തെ 10 സൗജന്യ ഇടപാടുകൾക്ക് (പ്രതിമാസം) **ശേഷമുള്ള** ഇടപാടുകൾക്ക് നിരക്കുകളും ഫീസും അനുസരിച്ച് ട്രാൻസാക്ഷൻ ചാർജ്/ഫീസിന് വിധേയമാകുമെന്ന കാര്യം ശ്രദ്ധിക്കുക. ഇന്ത്യയിലെ DBS Bank ഇതര ATM കളിൽ നിന്നുള്ള എല്ലാ പിൻവലിക്കലുകളും നിങ്ങളുടെ Debit Card അക്കൗണ്ടിലെ ബാലൻസ് ലഭ്യതയ്ക്കും ബാങ്ക് കാലാകാലങ്ങളിൽ നിർണ്ണയിക്കുന്ന പരിധികൾക്കും വിധേയമായിരിക്കും. എല്ലാ ATM കളിലും ബാലൻസ് അന്വേഷണ ഓപ്ഷൻ ഇല്ലെന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്.

5.10 Debit Card സവിശേഷതകൾ:

5.10.1 പോയിന്റ്-ഓഫ്-സെയിൽ (പി.ഒ.എസ്) ഇടപാടുകൾ

ഇന്ത്യയിലെ 4,25,000 Visa ഇലക്ട്രോണിക് മർച്ചന്റ് ഔട്ട്ലെറ്റുകളിലും ലോകമെമ്പാടുമുള്ള 24 ദശലക്ഷത്തിലധികം ഷോപ്പിംഗ് ഔട്ട്ലെറ്റുകളിലും നിങ്ങളുടെ Visa International Debit Card ഉപയോഗിക്കുന്നത് എളുപ്പമായിരിക്കില്ല. നിങ്ങളുടെ ഷോപ്പിംഗ് അനുഭവം ശരിക്കും ആസ്വാദ്യകരമാക്കാൻ ഈ ലളിതവും സൗകര്യപ്രദവുമായ ഘട്ടങ്ങൾ പാലിക്കുക.

a. പോയിന്റ്-ഓഫ്-സെയിൽ വ്യാപാര സ്ഥാപനത്തിൽ Visa / Visa Tap-To-Pay അടയാളം ഉണ്ടോയെന്ന് നോക്കുക. വ്യാപാരിക്ക് ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ കാർഡ് സൈ്വപ്പിംഗ് ടെർമിനൽ / Visa Tap-To-Pay പ്രാപ്തമാക്കിയ ടെർമിനൽ ഉണ്ടായിരിക്കണം.
b. സാധനം വാങ്ങിയതിന് ശേഷം നിങ്ങളുടെ Debit Card നൽകുക.
c. അംഗീകാരത്തിനായി Visa ഇലക്ട്രോണിക് ഡാറ്റ ക്യാപ്ചർ ടെർമിനലിൽ വ്യാപാരി Debit Card സൈ്വപ്പ് ചെയ്യും. Visa Tap-To-Pay ഇടപാടാണ് ആവശ്യമെങ്കിൽ, വ്യാപാരി Tap-To-Pay പ്രവർത്തനക്ഷമമാക്കിയ റീഡർ/ ടെർമിനലിന് അടുത്തുള്ള ഉപഭോക്താവ് Debit Card കൈവശം വെക്കും.
d. Visa Tap-To-Pay Debit Card ഇടപാടുകൾ 2,000 രൂപ അല്ലെങ്കിൽ അതുപോലുള്ള അനുവദനീയമായ മറ്റ് തുകയാണെങ്കിൽ, ടാപ്പ്-ടു-പേ പ്രവർത്തനക്ഷമമാക്കിയ ടെർമിനലുകളിൽ, അംഗീകാരത്തിനായി നിങ്ങൾക്ക് PIN ആവശ്യമില്ല. മറ്റേതെങ്കിലും POS ഇടപാടുകൾ നടത്തണമെങ്കിൽ അംഗീകാരത്തിനായി നിങ്ങളുടെ ATM PIN നൽകേണ്ടതുണ്ട്.
e. ഓരോ Visa Tap-To-Pay ഇടപാടിന്റെയും മൂല്യം 2000 രൂപയിൽ കവിയാത്ത, അല്ലെങ്കിൽ സമയാസമയത്ത് നിങ്ങളുടെ സമ്പൂർണ്ണവുമായ വിവേചനാധികാരത്തിൽ നിങ്ങളെ മുൻകൂറായി അറിയിക്കാതെ ഞങ്ങൾ നിർണ്ണയിക്കുന്ന മറ്റ് തുകകളിൽ കൂടുതൽ അല്ലാത്ത, എത്ര കാർഡ് ഇടപാടുകൾ വേണമെങ്കിലും Visa Tap-To-Pay റീഡർമാർക്ക് നിങ്ങളുടെ Debit Card ഉപയോഗിച്ചു ചെയ്യാവുന്നതാണ്.
f. വിജയകരമായ അംഗീകാരത്തിന് ശേഷം, ഇടപാട് നടത്തിയ തുകയ്ക്കായി അഭ്യർത്ഥന നിങ്ങളുടെ digiSavings ലേക്ക് നൽകും. തുടർന്ന് നിങ്ങളുടെ digiSavings ഇടപാട് നടത്തിയ തുക ഡെബിറ്റ് ചെയ്യപ്പെടും.
g. ഒരു വിൽപ്പന സ്ലിപ്പ് സൃഷ്ടിക്കപ്പെടും.
h. വ്യാപാരിക്ക് ആവശ്യമെങ്കിൽ വിൽപ്പന സ്ലിപ്പ് പരിശോധിച്ച് ഒപ്പുവയ്ക്കാം. നിങ്ങളുടെ ഒപ്പ് കാർഡിന്റെ മറുവശത്തുള്ള ഒപ്പുമായി പൊരുത്തപ്പെടേണ്ടതാണ്.
i. നിങ്ങളുടെ Debit Card നിങ്ങൾ തിരികെ വാങ്ങുന്നുവെന്ന് ഉറപ്പാക്കുക.
j. ഭാവി റഫറൻസിനായി നിങ്ങളുടെ വിൽപ്പന സ്ലിപ്പിന്റെ പകർപ്പ് സൂക്ഷിച്ചുവയ്ക്കാം.
k. നിങ്ങളുടെ DigiSavings ലെ ബാലൻസ് ലഭ്യതയ്ക്ക് വിധേയമായി, വ്യാപാര ഔട്ട്ലെറ്റുകളിൽ നിങ്ങളുടെ Debit Card ഉപയോഗിക്കുന്നതിനായി തുകയുടെ പ്രതിദിന പരിധി കാലാകാലങ്ങളിൽ ബാങ്ക് നിർണ്ണയിക്കുന്നതാണ്. ഒരു വ്യാപാര സ്ഥാപനത്തിൽ Debit Card

DBS Live more, Bank less

ഉപയോഗിക്കുമ്പോൾ വാങ്ങുന്ന തുക എപ്പോഴും digiSavings ൽ നിന്നും ഡെബിറ്റ് ചെയ്യുന്നതാണ്.

l. Debit Card കാർഡ് ഇടപാടുകൾക്ക് ഒപ്പ്/PIN സ്ഥിരീകരണം ആവശ്യമായതിനാൽ വാങ്ങുന്ന സമയത്ത് നിങ്ങളുടെ Debit Card നിങ്ങൾ തന്നെ ഹാജരാക്കേണ്ടതുണ്ട്. മെയിൽ ഓർഡർ / ടെലിഫോൺ ഓർഡർ ഇടപാടുകൾക്ക് Debit ഉപയോഗിക്കാൻ കഴിയില്ല.

Visa ലോഗോ പ്രദർശിപ്പിക്കുന്ന ഇന്ത്യയിലും വിദേശത്തുമുള്ള വ്യാപാര സ്ഥാപനങ്ങളിലെ Visa പിന്തുണയുള്ള പോയിന്റ്-ഓഫ്-സെയിൽ ടെർമിനലുകളിൽ മാത്രമേ Visa international Debit Card സ്വീകരിക്കുകയുള്ളൂ. പോയിന്റ് ഓഫ് സെയിൽ ടെർമിനലുകളിലെ വ്യാപാര സ്ഥാപനങ്ങളിൽ Debit Card ഉപയോഗിക്കുമ്പോഴെല്ലാം നിങ്ങൾ വില്പന നടത്തിയതിനുള്ള സ്ലിപ്പിൽ ഒപ്പിടുകയും വിൽപ്പന സ്ലിപ്പിന്റെ പകർപ്പ് സൂക്ഷിക്കുകയും വേണം. വിൽപ്പന സ്ലിപ്പിന്റെ പകർപ്പുകൾ ഞങ്ങൾ നൽകില്ല. നിങ്ങൾ വ്യക്തിപരമായി ഒപ്പിടാത്തതും എന്നാൽ തെളിയിക്കാൻ കഴിയുന്നതുമായ ഏതൊരു വിൽപ്പന സ്ലിപ്പും നിങ്ങളുടെ ബാധ്യതയായി കണക്കാക്കും.

ലഭിക്കുന്നതോ ഓഫർ ചെയ്യുന്നതോ ആയ ചരക്കുകളുടെയും സേവനങ്ങളുടെയും വിതരണം ഉൾപ്പെടെയുള്ള, എന്നാൽ അതിൽ മാത്രം പരിമിതപ്പെടുത്താതെ, വ്യാപാരിക്ക് നിങ്ങളുമായി ഉണ്ടായേക്കാവുന്ന ഏതെങ്കിലും ഇടപാടുകളുടെ ഒരു ഉത്തരവാദിത്തവും ഞങ്ങൾ സ്വീകരിക്കുന്നതല്ല. Visa പിന്തുണയുള്ള ഏതെങ്കിലും കാർഡ് വ്യാപാര സ്ഥാപനവുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ, നിങ്ങൾ ആ വ്യാപാരസ്ഥാപനവുമായി നേരിട്ട് ഇടപെട്ട് പ്രശ്നം പരിഹരിക്കേണ്ടതാണ്. അങ്ങനെ ചെയ്യാനായില്ല എങ്കിലും ഞങ്ങളോടുള്ള ബാധ്യതകളിൽ നിന്ന് നിങ്ങൾ ഒഴിവാകുകയില്ല. Debit Card സൈ്വപ്പുചെയ്തതിന് ശേഷം നിങ്ങളുടെ വാങ്ങൽ ഇടപാട് റദ്ദാക്കാനും, സാധനങ്ങൾ സ്വീകരിക്കാതിരിക്കാനും നിങ്ങൾ തീരുമാനിക്കുകയാണെങ്കിൽ, വ്യാപാരി ഉടനടി ഇടപാട് റദ്ദാക്കുകയും റദ്ദാക്കൽ സ്ലിപ്പ് നിങ്ങൾക്ക് കൈമാറുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. അതിന് ശേഷമുള്ള ഏത് റദ്ദാക്കലും ഏറ്റെടുക്കുന്ന ബാങ്ക് വഴി വ്യാപാരിയിൽ നിന്ന് 'ചാർജ്ബാക്ക്' ആയി റൂട്ട് ചെയ്യപ്പെടും. ഈ പ്രക്രിയ പൂർത്തിയാക്കാൻ സമയം ആവശ്യമാണ്. തുകയുടെ പൂർണ്ണമോ ഭാഗികമോ ആയ റിട്ടേണിന് യാതൊരു ഉറപ്പും നിങ്ങൾക്ക് നൽകാനാകില്ല.

ഇടപാടുകളുടെ മൂല്യം/ചെലവ് എന്നിവയ്ക്ക് മുകളിൽ ഏതെങ്കിലും വ്യാപാര സ്ഥാപനം ഈടാക്കുന്ന നിരക്കുകൾക്കും ഇടപാട് തുകയ്ക്കൊപ്പം നിങ്ങളുടെ അക്കൗണ്ടിൽ നിന്നും അവ കുറക്കുന്നതിനും ഞങ്ങൾ ഉത്തരവാദികളായിരിക്കില്ല.

സാധനങ്ങൾ/സേവനങ്ങൾ വാങ്ങിയ നടപടി റദ്ദാക്കുന്നതും തുടർന്നുള്ള തുക ക്രെഡിറ്റ് ചെയ്യപ്പെടുന്നതും രണ്ട് വ്യത്യസ്ത ഇടപാടുകളാണ്. വ്യാപാരിയിൽ നിന്ന്

അത് ലഭിക്കുമ്പോൾ മാത്രമേ റീ-ഫണ്ട് നിങ്ങളുടെ digiSavings ലേക്ക് (റദ്ദാക്കൽ നിരക്കുകൾ കുറച്ച് ) ക്രെഡിറ്റ് ചെയ്യപ്പെടുകയുള്ളൂ. റദ്ദാക്കിയ തീയതി മുതൽ 30 ദിവസത്തിനുള്ളിൽ നിങ്ങളുടെ digiSavings ൽ ക്രെഡിറ്റ് പോസ്റ്റ് ചെയ്തില്ലെങ്കിൽ, വ്യാപാരിയിൽ നിന്നുള്ള റദ്ദാക്കൽ സ്ലിപ്പിന്റെ പകർപ്പ് സഹിതം നിങ്ങൾ ഞങ്ങളെ അറിയിക്കണം.

മെയിൽ ഓർഡർ/ഫോൺ വാങ്ങലുകൾക്ക് Debit Card ഉപയോഗിക്കരുത്, അത്തരത്തിലുള്ള ഏതൊരു ഉപയോഗവും അനധികൃതമായി കണക്കാക്കുകയും അതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന എല്ലാ ചെലവുകൾക്കും അനന്തരഫലങ്ങൾക്കും നിങ്ങൾ ബാധ്യസ്ഥരായിരിക്കുകയും ചെയ്യും.

5.10.2 mVisa/Bharat QR

mVisa/Bharat QR സൗകര്യം ഉപയോഗിച്ച് ഇന്ത്യയിലെ mVisa / Bharat QR വ്യാപാരികൾക്ക് പേയ്മെന്റുകൾ നടത്താൻ നിങ്ങളുടെ Visa Virtual Debit Card / Visa International Debit Card എന്നിവ ഉപയോഗിക്കാം. mVisa / Bharat QR സൗകര്യം ഉപയോഗിക്കുന്നതിന് നിങ്ങൾ പണമടയ്ക്കാൻ ആഗ്രഹിക്കുന്ന ബന്ധപ്പെട്ട വ്യാപാരിയുടെ QR കോഡ് സ്കാൻ ചെയ്യുകയും പേയ്മെന്റ് വിശദാംശങ്ങൾ പരിശോധിച്ചതിന് ശേഷം പേയ്മെന്റിന് അംഗീകാരം നൽകുകയും ചെയ്യേണ്ടതാണെന്ന് നിങ്ങൾ സമ്മതിക്കുന്നു. mVisa/Bharat QR ഇടപാട് പൂർത്തിയാകുമ്പോൾ, നിങ്ങൾ വ്യാപാരികൾക്ക് പണമടയ്ക്കുന്ന തുക നിങ്ങളുടെ Debit Cardമായി ലിങ്ക് ചെയ്തിരിക്കുന്ന digiBank ഇ-വാലറ്റിൽ നിന്നോ digiSavings അക്കൗണ്ടിൽ നിന്നോ ഡെബിറ്റ് ചെയ്യപ്പെടുമെന്ന് നിങ്ങൾ സമ്മതിക്കുന്നു. ഒരു ഇടപാട് സംബന്ധിച്ച് ഉപഭോക്താവിന് തർക്കമുണ്ടായാൽ, തർക്ക പരിഹാര മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി മർച്ചന്റ് അക്വയർ ബാങ്കിൽ നിന്ന് ചാർജ്ബാക്ക് ഉയർത്തുന്നതിനുള്ള സ്റ്റാൻഡേർഡ് നടപടിക്രമം ബാങ്ക് പിന്തുടരും. തർക്കപരിഹാര തുക ഉപഭോക്താവിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്നതിന് കുറഞ്ഞത് 45 ദിവസമെങ്കിലും എടുക്കും.

5.11 അന്താരാഷ്ട്ര ഉപയോഗം

നിങ്ങളുടെ Debit Card DBS ബാങ്ക് ATMകളിലും ഇന്ത്യയിലും വിദേശത്തുമുള്ള Visa ATMകളിലും സ്വീകരിക്കുന്നു. നേപ്പാളിലും ഭൂട്ടാനിലും വിദേശനാണ്യമായി പണമടയ്ക്കുന്നതിന് നിങ്ങളുടെ Debit Card സാധുതയുള്ളതല്ല.

ദയവായി ശ്രദ്ധിക്കുക: അന്താരാഷ്ട്ര പണം പിൻവലിക്കൽ ഇടപാടുകളുടെ കാര്യത്തിൽ, ബാധകമായ വിനിമയ നിരക്കുകളും ഫീസും ഈടാക്കും.

Debit Card ന്റെ ഉപയോഗം കാലാകാലങ്ങളിൽ നിലവിലുള്ള റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ (ആർബിഐ) എക്സ്ചേഞ്ച് കൺട്രോൾ റെഗുലേഷനുകൾക്ക് അനുസൃതമായിരിക്കണം. നിങ്ങൾ അങ്ങനെ ചെയ്യുന്നതിൽ പരാജയപ്പെട്ടാൽ, Foreign Exchange Management Act 1999 (FEMA) പ്രകാരമുള്ള നടപടിക്ക് നിങ്ങൾ ബാധ്യസ്ഥരായിരിക്കും. Foreign Exchange Management Act 1999 (FEMA) കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെടുകയോ മാററപ്പെടുകയോ ചെയ്തേക്കാം. കൂടാതെ, ബാങ്ക് അല്ലെങ്കിൽ RBI നിങ്ങളെ Debit Card കൈവശം വയ്ക്കുന്നതിൽ

നിന്ന് വിലക്കിയേക്കാം. നിങ്ങൾ എക്സ്ചേഞ്ച് കൺട്രോൾ റെഗുലേഷനുകൾ അനുസരിക്കാത്തതിൽ നിന്ന് ഉണ്ടാകുന്ന എല്ലാ പരിണതഫലങ്ങളിൽ നിന്നും ഞങ്ങൾ ഉത്തവാദിത്വരഹിതരായിരിക്കും. വിദേശത്തായിരിക്കുമ്പോൾ Visa ATM കളിൽ പണം പിൻവലിക്കുന്ന സമയത്ത് അക്കൗണ്ട് തിരഞ്ഞെടുക്കുന്നതിനുള്ള 3 ഓപ്ഷനുകൾ സ്ക്രീനിൽ പ്രദർശിപ്പിക്കും - 1) സേവിംഗ്സ്; 2) പരിശോധന; 3) ക്രെഡിറ്റ്. ദയവായി Visa നെറ്റ്‌വർക്കിൽ എത്തുന്നതിനായി "ചെക്കിംഗ്" ഓപ്ഷൻ തിരഞ്ഞെടുക്കുക. ചില രാജ്യങ്ങളിൽ നിങ്ങൾക്ക് "ക്രെഡിറ്റ്" ഓപ്ഷൻ തിരഞ്ഞെടുക്കേണ്ടി വന്നേക്കാം.

വിദേശത്തുള്ള ചില വ്യാപാര സ്ഥാപനങ്ങളിൽ (പ്രത്യേകിച്ച് യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയിൽ), നിങ്ങളുടെ Debit Card ഒരു ക്രെഡിറ്റ് കാർഡായി സ്വൈപ്പ് ചെയ്യാൻ നിങ്ങൾ കാഷ്യറോട് ആവശ്യപ്പെടേണ്ടി വന്നേക്കാം. ചില രാജ്യങ്ങളിൽ "ഡെബിറ്റ്" എന്നത് ലോക്കൽ നെറ്റ്‌വർക്കിലേക്ക് മാത്രമേ കണക്റ്റ് ചെയ്തിട്ടുള്ളൂ, അതിനാൽ അവ Visa നെറ്റ്‌വർക്കിൽ എത്താത്തതിനാൽ ഇടപാട് നിരസിക്കപ്പെടുന്നതായി വരും. എന്നാൽ നിങ്ങളുടെ Debit Card ഒരു Debit Card ആയി പ്രവർത്തിക്കുന്നത് തുടരും.

### 5.12 നിങ്ങളുടെ Debit Card ന്റെ പ്രയോജനങ്ങൾ

#### 5.12.1 ഇൻഷുറൻസ്

Visa International Debit Card നഷ്ടപ്പെട്ടതു മൂലമുണ്ടാകുന്ന ബാധ്യതയും വ്യക്തിഗത വിമാന അപകട പരിരക്ഷയും നൽകുന്നു.

##### 5.12.1.1 നഷ്ടപ്പെട്ട കാർഡ് ബാധ്യത പരിരക്ഷ 50,000 രൂപ വരെ

നിങ്ങളുടെ DBS Bank International Debit Card നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ ചെയ്യുന്നത് മൂലമുണ്ടാകുന്ന വഞ്ചനാപരമായ വാങ്ങൽ ഇടപാടുകളിൽ നിന്ന് നിങ്ങൾ പരിരക്ഷിക്കപ്പെട്ടിരിക്കുന്നു. ഈ പരിരക്ഷ ഒമ്പത് (9) ദിവസത്തേക്ക് ബാധകമായിരിക്കും. റിപ്പോർട്ട് ചെയ്യുന്നതിന് മുൻപുള്ള 2 ദിവസത്തെയ്ക്കും റിപ്പോർട്ട് ചെയ്തതിനു ശേഷമുള്ള 7 ദിവസത്തെയ്ക്കും പരിരക്ഷ ലഭിക്കും. കാർഡിന്റെ നഷ്ടമോ മോഷണമോ ഇന്ത്യയിലെ DBS Bank (ഞങ്ങളുടെ DBS Bank കസ്റ്റമർ സർവീസിനായി 18602103456 എന്ന നമ്പറിൽ വിളിക്കുക) അല്ലെങ്കിൽ Visa Global Assistance ഹെൽപ്പ് ലൈനിലേക്ക് (വിദേശത്താണെങ്കിൽ) റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഞങ്ങളുടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ സർവീസ് ഹോട്ട്ലൈനിലേക്ക് 18602103456 എന്ന നമ്പറിൽ വിളിച്ചോ അല്ലെങ്കിൽ പ്രവൃത്തി ദിവസങ്ങളിലെ പ്രവർത്തന സമയങ്ങളിൽ നിങ്ങൾക്ക് അടുത്തുള്ള ബ്രാഞ്ച് സന്ദർശിച്ചോ, രേഖാമൂലമോ നഷ്ടം / മോഷണം / അനധികൃത ഉപയോഗം എന്നിവയെക്കുറിച്ച് ഞങ്ങളെ അറിയിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Visa International Debit Card കരാർ പരിശോധിക്കുക.

പരിരക്ഷയുടെ വ്യാപ്തി: നഷ്ടപ്പെട്ടതോ മോഷ്ടിക്കപ്പെട്ടതോ ആയ DBS Bank International Debit card ന്റെ എല്ലാ വഞ്ചനാപരമായ വിനിയോഗവും, ഇവയിൽ വ്യാജ ഉപയോഗം, യാത്രയ്ക്കിടയിൽ നഷ്ടപ്പെടൽ, ATM ഇടപാടുകൾ, ഇന്റർനെറ്റ്

ബാങ്കിംഗ് ഇടപാടുകൾ, പോയിന്റ് ഓഫ് സെയിൽ / മർച്ചന്റ് സ്ഥാപനങ്ങളുടെ ഇടപാടുകൾ, പ്രീ-ഡെലിവറി എന്നീ കാരണങ്ങൾ ഉൾപ്പെടുന്നു.

പോളിസിയുടെ ഉദ്ദേശ്യത്തിനായി: ATM തട്ടിപ്പ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് വഞ്ചനാപരമായ പണം പിൻവലിക്കലും മോഷ്ടിച്ച/നഷ്ടപ്പെട്ട കാർഡുകൾ ഉപയോഗിച്ചുള്ള വഞ്ചനാപരമായ ഇടപാടുകളും ഉൾപ്പെട്ടതാണ്. നഷ്ടപ്പെട്ട/മോഷ്ടിക്കപ്പെട്ട കാർഡുകൾ ഉപയോഗിച്ച് ഇന്റർനെറ്റിൽ നടത്തുന്ന വഞ്ചനാപരമായ ഇടപാടുകളെയാണ് ഇന്റർനെറ്റ് ബാങ്കിംഗ് തട്ടിപ്പ് എന്ന് നിർവചിച്ചിരിക്കുന്നത്. കാർഡ് അംഗം/അംഗീകൃത വ്യക്തിയല്ലാത്തവർ ATM മായി ബന്ധപ്പെട്ട് നടത്തിയ ഇടപാടുകൾ പരിരക്ഷിക്കപ്പെടുന്നു.

എല്ലാ PIN അല്ലെങ്കിൽ സോഫ്റ്റ് ടോക്കൺ ID പ്രാമാണീകരിച്ചതോ അല്ലെങ്കിൽ PIN പരിശോധിച്ചുറപ്പിച്ചതോ ആയ ഇടപാടുകൾ പരിരക്ഷിക്കപ്പെടില്ല എന്നത് ശ്രദ്ധിക്കുക. കാർഡ് നഷ്ടപ്പെട്ടാൽ/കാർഡ് മോഷ്ടിക്കപ്പെട്ടാൽ 3 ദിവസത്തിനുള്ളിൽ നിങ്ങൾ അധികാരപരിധിയിലെ ബന്ധപ്പെട്ട പോലീസ് അധികാരിക്ക് ആദ്യ അന്വേഷണ റിപ്പോർട്ട് (എഫ്. ഐ. ആർ) ഫയൽ ചെയ്യുകയും അതിന്റെ പകർപ്പ് 3 ദിവസത്തിനുള്ളിൽ ബാങ്കിന് സമർപ്പിക്കുകയും ചെയ്യുന്നതാകുന്നു.

നഷ്ടപ്പെട്ട കാർഡ് മൂലമുള്ള ബാധ്യത:

a. റിപ്പോർട്ട് ചെയ്യുന്നതിന് മുൻപുള്ള 2 ദിവസത്തെയ്ക്കും റിപ്പോർട്ട് ചെയ്തതിനു ശേഷമുള്ള 7 ദിവസത്തെയ്ക്കും പരിരക്ഷ ലഭിക്കും.
b. ATM ഇടപാടുകൾ, ഇന്റർനെറ്റ് ബാങ്കിംഗ് ഇടപാടുകൾ, പോയിന്റ് ഓഫ് സെയിൽ/മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റ് ഇടപാടുകൾ എന്നിവയിൽ വ്യാജമായി ഉപയോഗിച്ച / യാത്രയ്ക്കിടയിൽ നഷ്ടപ്പെട്ട Debit Card കളുടെ എല്ലാ വഞ്ചനാപരമായ ഉപയോഗങ്ങളും പരിരക്ഷിക്കപ്പെടും.
c. വഞ്ചനാപരമായ പണം പിൻവലിക്കലും മോഷ്ടിച്ച/നഷ്ടപ്പെട്ട കാർഡുകളിൽ നിന്നുള്ള വഞ്ചനാപരമായ ഇടപാടുകളുമാണ് ATM തട്ടിപ്പ് എന്നതുകൊണ്ട് നിർവചിച്ചിരിക്കുന്നത്.
d. ATMമായി ബന്ധപ്പെട്ട ഇടപാടുകൾ കാർഡ് അംഗം/അംഗീകൃത വ്യക്തി നടത്തുന്നതല്ലെങ്കിൽ അവ പരിരക്ഷിക്കപ്പെടും.
e. ഏതെങ്കിലും PIN അടിസ്ഥാനമാക്കിയുള്ള ഇടപാടുകൾ (ATM, ഇൻറർനെറ്റ്, ടെലിഫോൺ മുതലായവ) അനധികൃത വ്യക്തി നിർബന്ധിച്ച് PIN കൈക്കലാക്കിയതാണെങ്കിൽ മാത്രം പരിരക്ഷിക്കപ്പെടും.
f. രണ്ടാം ലെവൽ **ഓതറൈസേഷനുകളിൽ** ഉണ്ടാകുന്ന എല്ലാ നഷ്ടങ്ങളും പരിരക്ഷിക്കപ്പെടില്ല. എല്ലാ കാർഡുകളും ചിപ്പ്, PIN എന്നിവ അടിസ്ഥാനമാക്കിയുള്ളതാണെന്ന് ഉറപ്പുനൽകുന്നു.
g. നഷ്ടപ്പെട്ട/മോഷ്ടിക്കപ്പെട്ട കാർഡുകൾ ഉപയോഗിച്ച് ഇന്റർനെറ്റിൽ നടത്തുന്ന വഞ്ചനാപരമായ ഇടപാടുകളെയാണ് ഇന്റർനെറ്റ് ബാങ്കിംഗ് തട്ടിപ്പ് എന്നത് കൊണ്ട് നിർവചിച്ചിരിക്കുന്നത്.
h. ഡെലിവറിക്ക് മുൻപ് നടക്കുന്ന തട്ടിപ്പിന് പരിരക്ഷയില്ല.
i. കാർഡ് നഷ്ടപ്പെട്ടാൽ FIR സമർപ്പിക്കേണ്ടത് നിർബന്ധമാണ്.

5.12.2 വ്യാജ കാർഡുകൾ

a. സ്കിമ്മിംഗ് - ടെലിഫോൺ, ഫാക്സ് മെഷീനുകൾ, തപാൽ സേവനങ്ങൾ അല്ലെങ്കിൽ കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനമോ നെറ്റ്‌വർക്കോ ഉപയോഗിച്ച് കാർഡ് അംഗമെന്ന് കരുതുന്ന ഒരു വ്യക്തിക്ക് വസ്തുവോ അധ്വാനമോ സേവനങ്ങളോ വിൽക്കുകയും ഒരു വ്യാപാരി കൈമാറുകയും ചെയ്യുന്ന ബാങ്ക് കാർഡിന്റെ (കളുടെ) ഏതെങ്കിലും വഞ്ചനാപരമായ ഉപയോഗം.

b. കാർഡ് അംഗത്തിന്റെ അറിവില്ലാതെ ബാങ്ക് നൽകിയപോലുള്ള ഡ്യൂപ്ലിക്കേറ്റ് അല്ലെങ്കിൽ വ്യാജ കാർഡുകൾ മൂലമുണ്ടാകുന്ന നഷ്ടങ്ങൾ.
c. ഇൻഷ്വർ ചെയ്തയാൾ എത്രയും വേഗം കാർഡ് റദ്ദാക്കണം. ഇത് ഏതെങ്കിലും സാഹചര്യത്തിൽ അനധികൃത ആക്സസ് അല്ലെങ്കിൽ മോഷണം സംബന്ധിച്ച അറിയിപ്പ് ലഭിച്ചതിന് ശേഷം 7 ദിവസത്തിൽ കൂടരുത്.

d. റിപ്പോർട്ടിംഗ് കാലയളവ് - റിപ്പോർട്ട് ചെയ്യുന്നതിന് മുൻപുള്ള രണ്ടു ദിവസവും റിപ്പോർട്ട് ചെയ്തതിനു ശേഷമുള്ള 7 ദിവസവും.

e. തർക്കത്തിലുള്ള വ്യാജ ഇടപാട് അടങ്ങിയ സ്റ്റേറ്റ്മെന്റ് ഇഷ്യൂ ചെയ്ത തീയതി മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾ ക്ലെയിം റിപ്പോർട്ട് ചെയ്യണം.

5.12.3 ഓൺലൈൻ തട്ടിപ്പ് സംരക്ഷണം

a. ഫിഷിംഗ്/അക്കൗണ്ട് ഏറ്റെടുക്കൽ - ഇൻഷ്വർ ചെയ്ത ആളുടെയോ ഇൻഷ്വർ ചെയ്ത ബാങ്ക് കാർഡ് പ്രോസസറുടെയോ ഉടമസ്ഥതയിലല്ലാത്തതോ / പ്രവർത്തിപ്പിക്കാത്തതോ/കരാറിൽ ഏർപ്പെടാത്തതോ ആയ ഒരു ഇലക്ട്രോണിക് കമ്മ്യൂണിക്കേഷനിലൂടെ വിശ്വസനീയമായ സ്ഥാപനമായി ഇടപെട്ടുകൊണ്ട് ഉപയോക്തൃനാമങ്ങൾ, പാസ്‌വേഡുകൾ, ഏതെങ്കിലും കാർഡ് വിശദാംശങ്ങൾ എന്നിവ പോലുള്ള തന്ത്രപ്രധാനമായ വിവരങ്ങളിലേക്കുള്ള അനധികൃത ആക്സസ് നേടുകയും, ഇത്തരം വിവരങ്ങൾ മൂലം ഏതെങ്കിലും തട്ടിപ്പ് / വഞ്ചന നടത്തുകയും ചെയ്യുന്നത്.

b. ബാങ്ക് നിങ്ങൾക്ക് നൽകിയിട്ടുള്ള അംഗീകൃത CVV (കാർഡ് വെരിഫിക്കേഷൻ വാല്യു കോഡ്) ഉപയോഗിച്ച് കൊണ്ട് നടത്തുന്ന Debit Card കളുടെ എല്ലാ ഓൺലൈൻ വഞ്ചനാപരമായ ഉപയോഗവും പോളിസി കവർ ചെയ്യുന്നു.

c. നിങ്ങൾക്ക് ബാങ്ക് ഇഷ്യൂ ചെയ്ത അംഗീകൃത PIN ഉപയോഗിച്ച് കാർഡ് ഇടപാടുകൾ നടത്തുന്നത് വഴി ഏതെങ്കിലും നഷ്ടമോ കേടുപാടുകളോ മൂലമുണ്ടാകുന്ന ബാധ്യത കവർ ചെയ്യുന്നു.

d. റിപ്പോർട്ടിംഗ് കാലയളവ് - റിപ്പോർട്ട് ചെയ്തതിനു മുൻപത്തെ 2 ദിവസങ്ങളും റിപ്പോർട്ട് ചെയ്തതിനു ശേഷമുള്ള 7 ദിവസങ്ങളും .

e. സെക്യൂരിറ്റി കോഡ്/പാസ്‌വേഡ് അടിസ്ഥാനമാക്കിയുള്ള ഇടപാടുകൾ പരിരക്ഷിക്കപ്പെടുന്നില്ല.

f. നേരിട്ടോ അല്ലാതെയോ ഉണ്ടാകുന്ന ഏതെങ്കിലും ക്ലെയിമിന് കമ്പനി പണമടയ്ക്കില്ല.

g. ഇൻഷുറൻസിന്റെ മുഴുവൻ കാലയളവിലും ഏത് സമയത്തും അംഗീകൃത VeriSign സെക്യൂരിറ്റി സ്റ്റാറ്റസ് അല്ലെങ്കിൽ മറ്റേതെങ്കിലും തത്തുല്യ സുരക്ഷാ സ്റ്റാറ്റസ് ഇല്ലാത്ത ഏതെങ്കിലും സൈറ്റിൽ Debit Card ദുരുപയോഗം കാരണം നിങ്ങൾക്കുണ്ടായ നഷ്ടം പരിരക്ഷിക്കപ്പെടുന്നില്ല .

h. ഹോസ്റ്റ് വെബ്സൈറ്റ്/അംഗീകൃത ബാങ്ക് വഴിയുള്ള ഏതെങ്കിലും പരാജയപ്പെട്ട / ഡ്യൂപ്ലിക്കേറ്റ് / നിരസിച്ച ഇടപാടുകൾ പരിരക്ഷിക്കപ്പെടുന്നില്ല.

i. ഹോസ്റ്റ് വെബ്സൈറ്റ്/അംഗീകൃത ബാങ്ക് വരുത്തിയ പിശകുകൾ, നഷ്ടപ്പെട്ട/മോഷ്ടിച്ച കാർഡുകൾ ഉപയോഗിച്ച് ഇന്റർനെറ്റിൽ നടത്തുന്ന വഞ്ചനാപരമായ ഇടപാടുകളെ ആണ് ഇന്റർനെറ്റ് ബാങ്കിംഗ് തട്ടിപ്പുകളെന്നത് നിർവചിച്ചിരിക്കുന്നത്.

5.13. Global Customer Assistance Service (GCAS)

Visa നൽകുന്ന ചാർജ് ഈടാക്കുന്ന സേവനമാണിത്. കാർഡ് അംഗങ്ങൾക്ക് Global Customer Assistance Service ൽ നിന്ന് 24 മണിക്കൂറും ആഴ്ചയിൽ 7 ദിവസവും സഹായം ലഭിക്കും. നഷ്ടപ്പെട്ട/മോഷ്ടിക്കപ്പെട്ട കാർഡ് റിപ്പോർട്ടിംഗ്, എമർജൻസി ക്യാഷ് അസിസ്റ്റൻസ് അല്ലെങ്കിൽ നിങ്ങൾക്ക് വിദേശത്ത്

ആവശ്യമായേക്കാവുന്ന വിവിധ വിവരങ്ങൾ എന്നിവയ്ക്ക് GCAS ഉപയോഗിക്കാം. GCAS ടോൾ ഫ്രീ നമ്പറുകൾക്കായി www.visa-asia.com എന്ന വെബ്സൈറ്റ് പരിശോധിക്കുക.

വിവിധ ഉപഭോക്തൃ സേവന അന്വേഷണങ്ങൾ എന്ന നിലയിലാണ് സേവനങ്ങൾ നിലവിൽ ഈടാക്കുന്നത് എന്നത് ശ്രദ്ധിക്കുക. ഓരോ അന്വേഷണത്തിനും US $ 5 വീതം ചാർജ് ചെയ്യും. നഷ്ടപ്പെട്ട/മോഷ്ടിച്ച കാർഡ് റിപ്പോർട്ടിംഗ് സൗജന്യമാണ് . ഈ നിരക്കുകൾ കാലാകാലങ്ങളിൽ വ്യത്യാസപ്പെടാം എന്നതും ശ്രദ്ധിക്കുക.

5.14 നിങ്ങളുടെ Debit Card ന്റെ സംരക്ഷണം

ഈ ലളിതമായ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നത് നിങ്ങളുടെ Debit Card ഉപയോഗിക്കുന്നത് സന്തോഷകരമായ അനുഭവമായി മാറുന്നുവെന്ന് ഉറപ്പാക്കും.

a. നിങ്ങളുടെ പണം സൂക്ഷിക്കുന്നത് പോലെ തന്നെ നിങ്ങളുടെ Debit Card ഉം സൂക്ഷിക്കുക. Debit Card എല്ലായ്പ്പോഴും നിങ്ങളുടെ പക്കൽ വയ്ക്കുക, ഒരിക്കലും ശ്രദ്ധിക്കാതെ ഉപേക്ഷിച്ചു കളയരുത്.

b. നിങ്ങളുടെ Debit Card നിങ്ങളുടെ പ്രത്യേക ഉപയോഗത്തിന് മാത്രമുള്ളതാണ്. DBS Bank ശാഖയിലെ (ഇന്ത്യ) ഒരു നിയുക്ത ബാങ്ക് ഉദ്യോഗസ്ഥനല്ലാതെ മറ്റാർക്കും ഇത് ഒരിക്കലും സമർപ്പിക്കേണ്ടതില്ല, അത് കാന്തിക സ്ട്രിപ്പിലൂടെ പല കഷണങ്ങളായി മുറിച്ചതിനുശേഷം മാത്രമാണ് സമർപ്പിക്കപ്പെടെണ്ടത്.

c. ഒരിക്കലും നിങ്ങളുടെ വ്യക്തിഗത തിരിച്ചറിയൽ നമ്പർ (PIN) ആർക്കും വെളിപ്പെടുത്തുകയോ സമർപ്പിക്കുകയോ ചെയ്യരുത്. PIN മനഃപാഠമാക്കിയ ശേഷം അതിന്റെ എല്ലാ തെളിവുകളും നശിപ്പിക്കുക. ഇത് Debit Card നു മുകളിൽ എഴുതരുത്. നിങ്ങളുടെ Debit Card ന് അടുത്ത് ഒരിക്കലും അതിന്റെ രേഖാമൂലമുള്ള പകർപ്പ് സൂക്ഷിക്കരുത്. കൃത്യമായ ഇടവേളകളിൽ നിങ്ങൾക്ക് ഇഷ്ടമുള്ള നമ്പറുകളിലേക്ക് PIN മാറ്റാൻ ഞങ്ങൾ ശുപാർശ ചെയ്യുന്നു. digiBank ആപ്പിലും DBS Bank ATMലും നിങ്ങളുടെ PIN മാറ്റാനാകുമെന്ന കാര്യം ശ്രദ്ധിക്കുക.

d. നിങ്ങളുടെ Debit Card നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ ചെയ്താൽ അല്ലെങ്കിൽ നിങ്ങളുടെ കാർഡ് വഞ്ചനാപരമായി ഉപയോഗിച്ചതായി നിങ്ങൾ സംശയിക്കുന്നുവെങ്കിൽ ആദ്യ നടപടിയായി digiBank ആപ്പിൽ കാർഡ് ബ്ലോക്ക് ചെയ്യുക. നിങ്ങൾക്ക് ആപ്പ് ആക്സസ് ചെയ്യാൻ കഴിയുന്നില്ലെങ്കിൽ, ഉപഭോക്തൃ സേവന നമ്പറായ 18602103456

(രാജ്യത്തിനകത്ത്), 044-49021180 (ഇന്ത്യക്ക് പുറത്ത് യാത്ര ചെയ്യുമ്പോൾ, ഉണ്ടാകുന്ന നഷ്ടം ഉടൻ അറിയിക്കാൻ) വിളിക്കുക.

e. നിങ്ങളുടെ ഭൗതികമായ Debit Card വീണ്ടും ഇഷ്യൂ ചെയ്യാനോ അവസാനിപ്പിക്കാനോ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങളുടെ ഭൗതികമായ Debit Card തടയുന്നതിനോ വീണ്ടും ഇഷ്യൂ ചെയ്യാൻ അഭ്യർത്ഥിക്കുന്നതിനോ ദയവായി digibank ആപ്പിലേക്ക് ലോഗിൻ ചെയ്യുക.

f. OTP അടിസ്ഥാനമാക്കിയുള്ള eKYC പ്രോസസ്സ് ഉപയോഗിച്ച് നിങ്ങൾക്ക് ഒരു digiSavings അക്കൗണ്ട് തുറക്കുകയും നിലവിൽ ഒരു ഫിസിക്കൽ Debit Card കൈവശമുണ്ടെങ്കിൽ, നിങ്ങളുടെ നിലവിലുള്ള ഭൗതികമായ Debit Card വീണ്ടും ഇഷ്യൂ ചെയ്യാൻ അഭ്യർത്ഥിക്കുമ്പോൾ നിങ്ങൾക്ക് ഒരു Virtual Debit Card നൽകും. ഇത് ഒറ്റത്തവണ / റിവേഴ്സിബിൾ അല്ലാത്ത പരിവർത്തനമാണ്.

g. നിങ്ങളുടെ ഫിസിക്കൽ Debt Card വീണ്ടും ഇഷ്യൂ ചെയ്യൽ സമയ പരിധിക്കുള്ളിലും ബാധകമായ താരിഫുകളിലും നൽകും. നിങ്ങളുടെ ഭൗതികമായ Debit Card കാലഹരണപ്പെടുമ്പോഴോ നിങ്ങളുടെ digiSavings അവസാനിപ്പിയ്ക്കുമ്പോഴോ, നിങ്ങളുടെ ഫിസിക്കൽ Debit Card മാഗ്നറ്റിക് സ്ട്രിപ്പിലൂടെ നിരവധി കഷണങ്ങളായി മുറിക്കുക.

h. വ്യാപാര സ്ഥാപനങ്ങളിൽ ഇടപാടുകൾ നടത്തുമ്പോൾ ഭൗതികമായ Debit Card നിങ്ങളുടെ സാന്നിധ്യത്തിൽ ഉപയോഗിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുക. അപൂർണ്ണമായ ചാർജ് സ്ലിപ്പിൽ ഒരിക്കലും ഒപ്പിടരുത്.

i. നിങ്ങളുടെ Debit Card ഉപയോഗിക്കുന്നതിന് മുമ്പ് Debit Card സംബന്ധമായ നിബന്ധനകളും വ്യവസ്ഥകളും വായിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ബാധകമായ നിരക്കുകളുടെ വിശദാംശങ്ങൾക്ക് സേവന നിരക്കുകളുടെ ഷെഡ്യൂൾ പരിശോധിക്കുക.

j. ഭൗതികമായ Debit Card ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് പക്കൽ വയ്ക്കരുത്.

k. നിങ്ങളുടെ ഭൗതികമായ Debit Card വീണ്ടും ഇഷ്യൂ ചെയ്യാൻ അഭ്യർത്ഥിക്കുന്നതിന് ദയവായി digibank ആപ്പിലേക്ക് ലോഗിൻ ചെയ്യുക.

5.15 PIN മാറ്റിസ്ഥാപിക്കൽ

ഒരു ഭൗതികമായ Debit Card നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ ചെയ്താൽ നിങ്ങൾക്ക് ഒരു പുതിയ Debit Card ന് വേണ്ടി അഭ്യർത്ഥിക്കുകയും digiBank ആപ്പിൽ പുതിയ PIN സൃഷ്ടിക്കുകയും ചെയ്യാം. ഒരു ഭൗതികമായ Debit Card വീണ്ടും ഇഷ്യൂ ചെയ്യുമ്പോൾ, സമയാസമയത്ത് ബാധകമായ രീതിയിലുള്ള റീപ്ലേസ്മെന്റ് ഫീസ് ഈടാക്കാനുള്ള അവകാശം ഞങ്ങൾക്കുണ്ടായിരിക്കും. ബാധകമായ നിരക്കുകൾക്കായി ഞങ്ങളുടെ വെബ്സൈറ്റിലെ നിരക്കുകളും ഫീസും എന്ന പേജ് പരിശോധിക്കുക.

5.16 ഇന്ത്യക്ക് പുറത്ത് Visa International Debit Card ന്റെ ഉപയോഗം.

ബാങ്ക്/വിസ തീരുമാനിക്കുന്ന നിരക്കുകൾ അടിസ്ഥാനമാക്കി പരിവർത്തന തീയതിയിൽ നടത്തിയ വിദേശ കറൻസിയിലെ ഇടപാടുകൾ ഇന്ത്യൻ രൂപയിലേക്ക് മാറ്റും. പരിവർത്തനത്തിന് ഉപയോഗിക്കുന്ന നിരക്ക് വിപണിയിലെ ഏറ്റക്കുറച്ചിലുകൾ കാരണം ഇടപാടിന്റെ തീയതിയിലെ പ്രാബല്യത്തിലുള്ള നിരക്കിൽ നിന്ന് വ്യത്യസ്തമായിരിക്കാം. വിദേശ കറൻസിയിലുള്ള എല്ലാ ഇടപാടുകളും Visa അസോസിയേഷൻ ചുമത്തുന്ന ചാർജിന് വിധേയമാണ്. ഇത് ഞങ്ങൾക്ക് ചുമത്തിയ ചാർജിനെ പ്രതിനിധീകരിക്കുന്ന റീ-ഇംബേഴ്സ്മെന്റ് ചാർജായോ അല്ലെങ്കിൽ നിങ്ങളിൽ നിന്നും നേരിട്ടുള്ള ചാർജ് ആയോ ഈടാക്കപ്പെടും. ഇത്തരത്തിൽ ഫോറിൻ കറൻസിയുമായി ബന്ധപ്പെട്ട നൽകുന്ന സേവനങ്ങൾക്കോ ഞങ്ങൾ സ്വീകരിക്കുന്ന നടപടികൾക്കോ വിദേശ കറൻസി ഇടപാട് തുക ഈടാക്കുന്ന സമയത്ത് ബാധകമായ ഒരു അഡ്മിനിസ്ട്രേറ്റീവ് ഫീസ് കൂടി നിങ്ങളിൽ നിന്നും ഈടാക്കുകയും നിങ്ങളുടെ digiSavings ൽ നിന്നും ഡെബിറ്റ് ചെയ്യുകയും ചെയ്യും.

5.17 Debit Card അക്കൗണ്ടിലുള്ള നിരോധനം ( ഹോൾഡ്)

ഇടപാടുകൾ ഞങ്ങൾക്ക് പേയ്മെന്റിനായി നൽകുന്ന ദിവസമോ ഇടപാടിന്റെ അറിയിപ്പ് ലഭിക്കുന്ന ദിവസമോ വരെ ഏതെങ്കിലും ഇടപാടുമായി **ബന്ധപ്പെടുന്ന** തുക നിങ്ങളുടെ digiSavings ഞങ്ങൾ മാറ്റിവെക്കുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്യാം. എങ്ങനെ മാറ്റിവെക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്ന തുക യഥാർത്ഥ ഇടപാടിനായി കണക്കാക്കിയ തുക മാത്രമാണ്, ഇത് യഥാർത്ഥ ഇടപാടിന് സമാനമായിരിക്കണമെന്നില്ല. ഞങ്ങൾ എന്തെങ്കിലും തുക നീക്കിവെക്കുകയോ കൈവശം വയ്ക്കുകയോ ചെയ്താൽ, നിങ്ങളുടെ digiSavings ൽ ലഭ്യമായ ബാലൻസിൽ നിന്നും ഞങ്ങൾ നിങ്ങളുടെ നീക്കിവച്ചിരിക്കുന്ന തുക കുറിച്ചേക്കാം. അത്തരം ഇടപാടുകളുടെ പേയ്മെന്റ് നിങ്ങൾ നിർത്തുന്നതിനോ ഞങ്ങൾ നീക്കിവെച്ചതോ കൈവശം വച്ചതോ ആയ തുക ഉപയോഗിക്കാനോ സാധിക്കില്ല. ബാധകമാണെങ്കിൽ, തുകകൾ 10 ദിവസം വരെ ഞങ്ങൾ മാറ്റിവെക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യാം.

അതിനുശേഷം നിങ്ങളുടെ digiSavings നിന്ന് യഥാർത്ഥ ഇടപാടിന്റെ മുഴുവൻ തുകയും ഞങ്ങൾ ഡെബിറ്റ് ചെയ്യും.

5.18 RBI നിയന്ത്രണങ്ങൾ

നേപ്പാളിലെയും ഭൂട്ടാനിലെയും വിദേശ കറൻസി ഇടപാടുകൾക്ക് Debit Card സാധുതയുള്ളതല്ല (അതായത് പ്രാദേശിക കറൻസിയോ ഇന്ത്യൻ രൂപയോ അല്ലാത്ത ഏത് കറൻസിയിലും).

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (RBI) കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നത് അനുസരിച്ചുള്ള വിദേശനാണ്യ വിനിമയ അവകാശങ്ങളേക്കാൾ കൂടുതൽ നിങ്ങൾ വിനിയോഗിക്കുന്നതിനാൽ നേരിട്ടോ അല്ലാതെയോ ഉണ്ടാകുന്ന ഒരു ചാർജ് കുറയ്ക്കുന്നത് മൂലമുള്ള നഷ്ടം അല്ലെങ്കിൽ അപാകതകൾ സംബന്ധിച്ച്, നിങ്ങൾ നിർദേശിച്ചതിനേക്കാൾ കൂടുതൽ വിനിയോഗിച്ചുവെന്നു ഞങ്ങൾ മനസ്സിലാക്കിയാൽ, അതിന്മേൽ ഞങ്ങൾക്ക് യാതൊരു ബാധ്യതയും ഇല്ലാത്തതായി കണക്കാക്കും.

ബഹുഭാഷാ Visa Emergency Assistance Services Programme വിദേശത്തേക്ക് യാത്ര ചെയ്യുമ്പോൾ Visa കാർഡ് അംഗങ്ങൾക്ക് ലോകമെമ്പാടുമുള്ള അടിയന്തര റഫറൽ സഹായം വാഗ്ദാനം ചെയ്യുന്നു. മെഡിക്കൽ, നിയമപരവും മറ്റ് സേവനങ്ങളും ഇതിൽ ഉൾപ്പെടുന്നു. Emergency Assistance Programme ന്റെ ആശയവിനിമയങ്ങളും സേവനങ്ങളുടെ ക്രമീകരണങ്ങളും ഒരു മൂന്നാം കക്ഷി സേവന ദാതാവാണ് നൽകുന്നത്. അതിനായി Visa International പണമടയ്ക്കുകയും ചെയ്യുന്നു. നിങ്ങൾ ഉപയോഗിക്കുന്ന എല്ലാ തരത്തിലുള്ള മെഡിക്കൽ / നിയമസഹായ / മറ്റ് സേവനങ്ങളുടെ ചെലവിന് നിങ്ങൾ ഉത്തരവാദിയായിരിക്കും. മികച്ച പ്രയത്നത്തിലൂടെ നിങ്ങൾക്ക് സഹായം നൽകുന്നത് എന്നാൽ ചിലപ്പോൾ സമയം, ദൂരം, സ്ഥലം എന്നിവയുടെ പ്രശ്നങ്ങൾ കാരണം ലഭ്യമാകാതേയും വന്നേക്കാം. Visa International നിർദ്ദേശിക്കുന്ന/ നിയമിക്കുന്ന മെഡിക്കൽ/നിയമ വിദഗ്ധർ Visa intenational ന്റെ ജീവനക്കാരല്ല. അതിനാൽ ഏതെങ്കിലും മെഡിക്കൽ / നിയമ / ഗതാഗത സേവനങ്ങളുടെ ലഭ്യത, ഉപയോഗം, പ്രവൃത്തികൾ, ഒഴിവാക്കലുകൾ, ഫലങ്ങൾ എന്നിവയ്ക്ക് അവർ ഉത്തരവാദിയായിക്കില്ല. അത്തരം സേവനങ്ങളുടെ ക്രമീകരണത്തിനോ ഉപയോഗത്തിനോ ഉള്ള യാതൊരു ഉത്തരവാദിത്തവും ബാങ്ക് സ്വീകരിക്കുന്നതല്ല.

5.19 നഷ്ടം/മോഷണം/വഞ്ചന തടയാനുള്ള ചുമതല

നിങ്ങളുടെ Debit Card എല്ലായ്പ്പോഴും ഞങ്ങളുടെ തന്നെ സ്വത്തായി തുടരുന്നതാണ്. ഞങ്ങളുടെ അഭ്യർത്ഥന പ്രകാരം അല്ലെങ്കിൽ Debit Card / അക്കൗണ്ട് റദ്ദാക്കുകയോ അവസാനിപ്പിക്കുകയോ ചെയ്യുമ്പോൾ Visa International Debit Card നിങ്ങൾ നശിപ്പിക്കേണ്ടതാണ്. നിങ്ങളുടെ Debit Card സുരക്ഷിതമായി സൂക്ഷിക്കുകയും നിങ്ങളുടെ അക്കൗണ്ട് നമ്പറും PIN നമ്പറും മറ്റേതെങ്കിലും വ്യക്തിക്ക് വെളിപ്പെടുത്തുന്നില്ലെന്ന് നിങ്ങൾ ഉറപ്പാക്കുകയും വേണം. Debit Card നിങ്ങൾ മാത്രം ഉപയോഗിക്കേണ്ടതാണ്. അത് ഒരു തരത്തിലും കൈമാറുകയോ പണയം വെക്കുകയോ ചെയ്യരുത്.

**5.20** നഷ്ടപ്പെട്ട/മോഷ്ടിക്കപ്പെട്ട ഭൗതികമായ Debit Card വീണ്ടെടുക്കൽ

നഷ്ടപ്പെട്ടതോ മോഷ്ടിക്കപ്പെട്ടതോ ആയ ഭൗതികമായ Debit Card നിങ്ങൾ വീണ്ടെടുക്കുകയാണെങ്കിൽ, അത് ഉപയോഗിക്കാതെ തന്നെ മാഗ്നറ്റിക് സ്ട്രിപ്പ് പകുതിയായി മുറിച്ചു ഉടൻ തന്നെ ഞങ്ങൾക്ക് തിരികെ ഏൽപ്പിക്കണം.

**5.21** ഭൗതികമായ Debit Card മാറ്റൽ :

മുകളിൽ സൂചിപ്പിച്ച ഏതെങ്കിലും സംഭവം നടന്നതിന് ശേഷം, ഞങ്ങളുടെ വിവേചനാധികാരത്തിൽ digiBank ആപ്പിൽ 'ഒരു പുതിയ ഭൗതികമായ Debit Card നായി അഭ്യർത്ഥിക്കുക' എന്ന ഓപ്ഷൻ ലഭ്യമാക്കിയേക്കാം.

**5.22** നിങ്ങളുടെ അക്കൗണ്ട് പ്രവർത്തിപ്പിക്കുന്നത്

ഇനിപ്പറയുന്ന എല്ലാ അക്കൗണ്ടുകൾക്കും, Visa International Debit Card, Virtual Debit Card എന്നിവയ്ക്കും ബാധകമാണ്.

5.22.1 ഇടപാടുകൾക്ക് മേലുള്ള ബാധ്യത

പ്രതിമാസ ഇലക്ട്രോണിക് സ്റ്റേറ്റ്മെന്റ് എല്ലാ മാസത്തിന്റെ അവസാനത്തിനു ശേഷം സൃഷ്ടിക്കപ്പെടുന്നു. അത് digibank ആപ്പിൽ ലഭ്യമാകുന്നതാണ്. കഴിഞ്ഞ മാസം അക്കൗണ്ടിൽ നിങ്ങൾ നടത്തിയ എല്ലാ ഇടപാടുകളും സ്റ്റേറ്റ്മെന്റിലൂടെ ലിസ്റ്റ് ചെയ്യപ്പെടുന്നു.

5.22.2 അക്കൗണ്ട് ബാലൻസുകളുടെ നീക്കിയിരുപ്പ്

നിങ്ങളോടോ മറ്റേതെങ്കിലും വ്യക്തി(കളോടോ) അക്കൗണ്ടുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും കരാറിൽ ഞങ്ങൾ മറ്റുവിധത്തിൽ സമ്മതിച്ചിട്ടുണ്ടെങ്കിലും; നിങ്ങളുടെ അക്കൗണ്ട് ക്ലോസ് ചെയ്യതോ അവസാനിപ്പിക്കുന്നതോ (ഞങ്ങളുടെയോ നിങ്ങളുടെയോ ഭാഗത്തു നിന്നും) ആയ തീയതിക്ക് ശേഷമുള്ള ഏഴ് (7) ദിവസം വരെ ബാലൻസ് നിലനിർത്താൻ ഞങ്ങൾക്ക് അർഹതയുണ്ട്. ഈ ഉടമ്പടിക്ക് കീഴിലുള്ള ഞങ്ങളുടെ അവകാശങ്ങൾ അക്കൗണ്ട്(കൾ) അവസാനിപ്പിച്ചതിന് ശേഷം അവസാനിക്കില്ല; കൂടാതെ, അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനോ അവസാനിപ്പിക്കുന്നതിനോ മുമ്പോ ശേഷമോ നടപ്പിലാക്കിയ ഓവർഡ്രാഫ്റ്റ് ചാർജുകൾ), Debit Card ഇടപാടുകൾക്കുള്ള ചാർജുകൾ (എന്തെങ്കിലും ഉണ്ടെങ്കിൽ) എന്നിവ നിങ്ങളുടെ അക്കൗണ്ടി(കളി)ൽ നിന്ന് ഡെബിറ്റ് ചെയ്യുന്നത് തുടരാൻ ഞങ്ങൾക്ക് അവകാശമുണ്ട്. ഈ ഉടമ്പടി പ്രകാരം നിങ്ങളുടെ ബാധ്യത (ആരുടെ പേരിൽ അക്കൗണ്ട് നിലനിൽക്കുന്നുവോ അവരെല്ലാം ഉൾപ്പെടുന്ന മറ്റു വ്യക്തികളുടെയും പേരിൽ ) ഞങ്ങൾക്ക് നൽകാൻ ബാക്കിയുള്ള തുക തീർപ്പാകുന്നത് വരെ തുടരും.

5.23 ചാർജുകളും ഫീസുകളും

5.23.1 പണം പിൻവലിക്കൽ/ബാലൻസ് അന്വേഷണ ഫീസ്

ബാധകമായേക്കാവുന്ന നിലവിലെ നിരക്കുകളുടെ വിശദാംശങ്ങൾക്കായി www.dbs.com/digibank/in/rates-and-fees.html-ൽ ലഭ്യമായ "നിരക്കുകളും ഫീസുകളും" പേജ് പരിശോധിക്കുക.

പണം പിൻവലിക്കൽ നടത്തുന്ന സമയത്ത് ബാധകമാണെങ്കിൽ ഓരോ പണം പിൻവലിക്കൽ ഇടപാടിനും/ബാലൻസ് അന്വേഷണത്തിനും ഞങ്ങൾ നിങ്ങളുടെ

digiSavingsൽ ഫീസ്/ചാർജ് ഈടാക്കിയേക്കാം. അത്തരം ഫീസുകൾ ഒഴിവാക്കുകയോ മാറ്റുകയോ ചെയ്യുന്നുവെങ്കിൽ നിങ്ങൾക്ക് മുൻകൂർ അറിയിപ്പ് നൽകാനും ഞങ്ങൾ തീരുമാനിച്ചേക്കാം.

5.23.2 വാർഷിക ചാർജുകൾ

Debit Card നുള്ള വാർഷിക ഫീസ് ബാധകമാണെങ്കിൽ Debit Card മായി ബന്ധിപ്പിച്ചിട്ടുള്ള അക്കൗണ്ടിൽ നിന്ന് അപേക്ഷ/പുതുക്കുമ്പോൾ ബാങ്കിന്റെ നിലവിലുള്ള നിരക്കിൽ ഡെബിറ്റ് ചെയ്യപ്പെടും. ഈ ഫീസുകൾ തിരികെ ലഭിക്കില്ല.

5.23.3 റീ-ഇഷ്യൂ ചാർജുകൾ

ഒരു ഭൗതിക Debit Card ഇഷ്യൂ ചെയ്യുന്നതിനോ റീ-ഇഷ്യൂ ചെയ്യുന്നതിനോ നിങ്ങളിൽ നിന്ന് പണം ഈടാക്കാനുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്.

5.23.4 നിയമപരമായ/റെഗുലേറ്ററി ചാർജുകൾ അല്ലെങ്കിൽ ഫീസ്

Debit Card ന്റെ ഉപയോഗത്തിന്റെ ഫലമായി അടയ്ക്കേണ്ട ഏതെങ്കിലും ഭരണപരമായ ചാർജുകൾ / ഡ്യൂട്ടികൾ / ഡെബിറ്റുകൾ / നികുതികൾ നിങ്ങളുടെ ഉത്തരവാദിത്തമായിരിക്കും. കൂടാതെ, ബാങ്കിൽ (നേരിട്ടോ അല്ലാതെയോ) നിന്ന് ഈടാക്കേണ്ടതോ അല്ലെങ്കിൽ ഈ ഉടമ്പടി പ്രകാരം അടയ്ക്കേണ്ടതോ ആയ ഏതെങ്കിലും തുകയുമായി ബന്ധപ്പെട്ട ചാർജുകൾ, തീരുവകൾ, നികുതികൾ എന്നിവ അക്കൗണ്ടിൽ നിന്ന് ബാങ്ക് ഡെബിറ്റ് ചെയ്യും.

5.23.5 മറ്റ് നിരക്കുകൾ

മേൽപ്പറഞ്ഞവയ്ക്ക് പുറമേ, ഇനിപ്പറയുന്ന ബാധകമായ നിരക്കുകൾ ഉൾപ്പെടെ, എന്നാൽ ഇവയിൽ മാത്രം പരിമിതപ്പെടുത്താതെ, നിങ്ങളുടെ അക്കൗണ്ടിൽ നിന്നോ, ഞങ്ങളുടെ പക്കൽ നിങ്ങൾ പരിപാലിക്കുന്ന ഏതെങ്കിലും അക്കൗണ്ടിൽ നിന്നോ ഞങ്ങൾ ഡെബിറ്റ് ചെയ്തേക്കാം:

a. ഭൗതികമായ Debit Card അല്ലെങ്കിൽ നിങ്ങളുടെ Debit Card മായി ബന്ധപ്പെട്ട രേഖകൾ പുതുക്കുന്നതിനുള്ള ഡോക്യുമെന്റുകൾ നിർമ്മിക്കുന്നതിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഫീസ്.

b. നിങ്ങളുടെ Visa international Debit Card വഴി സുരക്ഷിതമാക്കിയ ഒരു എയർലൈൻ അല്ലെങ്കിൽ ഹോട്ടൽ റിസർവേഷൻ റദ്ദാക്കുന്നതിനോ പരാജയപ്പെട്ടതിനോ ഉള്ള ചാർജ്, "നോ-ഷോ-റിസർവ്വേഷൻസ്" എന്നതിനുള്ള റദ്ദാക്കൽ ഫീസ്.

c. നിങ്ങളുടെ digiSavings മായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും അഭ്യർത്ഥനകളും, നിബന്ധനകളിലും, വ്യവസ്ഥകളിലും പരാമർശിച്ചതോ അല്ലെങ്കിൽ

വാഗ്ദാനം ചെയ്യുന്നതോ ആയ പ്രവർത്തനമോ സേവനമോ നടപ്പിലാക്കുന്നതിനായി ഞങ്ങൾ കൈക്കൊള്ളുന്ന ഏതൊരു പ്രവർത്തനത്തിനും ബാധകമാകുന്ന സേവന നിരക്ക്/അഡ്മിനിസ്ട്രേഷൻ ഫീസ്.

d. ഇലക്ട്രോണിക് സേവനങ്ങൾ (അധികൃതമോ അനധികൃതമോ) സൗകര്യപ്പെടുത്തുന്നതിനോ ഉപയോഗിക്കുന്നതിനോ ഉള്ളതും, ഇലക്ട്രോണിക് സേവനങ്ങൾ സൗകര്യപ്പെടുത്തുന്നതിനോ ഉപയോഗിക്കുന്നതിനോ ചെയ്യുന്നതിന്റെ ഉപയോഗത്തിന്റെ ഫലമായി ഞങ്ങൾക്കുണ്ടാകുന്ന മറ്റ് ബാധ്യതകളും നഷ്ടവും മൂലമുള്ള ചാർജുകൾ, ഫീസ്, പിൻവലിക്കലുകൾ, പേയ്മെന്റുകൾ.

e. കൂടാതെ, പങ്കിട്ട നെറ്റ്‌വർക്കുകളുടെ ഓപ്പറേറ്റർമാർ അവരുടെ ATM/POS ടെർമിനൽ/മറ്റ് ഉപകരണത്തിന്റെ ഓരോ ഉപയോഗത്തിനും ഒരു അധിക ചാർജ് ചുമത്തിയേക്കാം. കൂടാതെ, ബാധകമായ മറ്റ് ഫീസുകൾ/നിരക്കുകൾ എന്നിവയ്ക്കൊപ്പം ഈ ചാർജുകൾ അക്കൗണ്ടിൽ നിന്ന് കുറയ്ക്കും. ബാങ്ക് സമയാസമയങ്ങളിൽ പ്രഖ്യാപിക്കുകയും അക്കൗണ്ടിൽ നിന്ന് കുറയ്ക്കുകയും ചെയ്യുന്ന ഇത്തരം സൗകര്യങ്ങൾക്കായി പ്രത്യേക സേവന നിരക്കുകളും ഈടാക്കിയേക്കാം.

f. Debit Card മായി ബന്ധപ്പെട്ട് (പരിമിതികളില്ലാതെ ന്യായമായ നിയമപരമായ ഫീസുകൾ ഉൾപ്പെടെ) നിങ്ങളുടെ അക്കൗണ്ടിൽ നിന്ന് കുറയ്ക്കാനും ബാങ്കിന് നൽകേണ്ട പണം പിരിച്ചെടുക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകൾക്കെതിരെ ബാങ്കിന് നഷ്ടപരിഹാരം നൽകാനും നിങ്ങൾ ബാങ്കിനെ അധികാരപ്പെടുത്തുന്നു. മിനിമം ബാലൻസ് വ്യവസ്ഥയ്ക്ക് പുറമേ, digibank, Debit Card ഉപയോഗിക്കുന്നതിന് സേവനവും മറ്റ് നിരക്കുകളും ഈടാക്കാം. അത് കാലാകാലങ്ങളിൽ നിങ്ങളെ അറിയിക്കും.

g. Debit Card മുഖേന ഇന്ത്യക്ക് പുറത്ത് നിങ്ങൾ നടത്തിയ ഇടപാടുകളുടെ കാര്യത്തിൽ, Debit Card ഉടമയുടെ അക്കൗണ്ട് കറൻസിക്ക് തുല്യമായത്, പ്രോസസ്സിംഗ് ചാർജുകൾ, കൺവേർഷൻ ചാർജുകൾ, വിസ ചട്ടങ്ങൾ അനുസരിച്ച് എന്തെങ്കിലും ഈടാക്കുകയാണെങ്കിൽ അത്തരം ഫീസ് എന്നിവയ്ക്കൊപ്പം മറ്റേതെങ്കിലും അത്തരം ഇടപാടുകൾക്കുള്ള സേവന നിരക്കുകൾ ഇന്ത്യയിലെ DBS Bank ൽ ഉള്ള അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യും.

5.23.6 ചാർജുകൾ മാറ്റാനുള്ള അവകാശം

ഞങ്ങളുടെ വിവേചനാധികാരത്തിൽ നിങ്ങളുമായുള്ള മുൻകൂർ ആശയവിനിമയത്തിലൂടെ ഈ ഉടമ്പടി പ്രകാരം അടയ്ക്കേണ്ട ഏതെങ്കിലും ചാർജ്, ഫീസ്, ഓവർഡ്രാഫ്റ്റ് ചാർജ് എന്നിവയുടെ നിരക്കോ, തുകയോ ഞങ്ങൾ വ്യത്യാസപ്പെടുത്താവുന്നതാകുന്നു. ഞങ്ങൾ വ്യക്തമാക്കുന്ന ഒരു കാലയളവിനുശേഷം നിങ്ങൾ മാറ്റം അംഗീകരിച്ചതായി കണക്കാക്കുകയും പുതുക്കിയ നിരക്കുകൾ/ഫീസുകൾ ബാധകമാവുകയും ചെയ്യും. ബാങ്ക് അനുശാസിക്കുന്ന ബാധകമായ ഫീസിന്റെയും ചാർജുകളുടെയും വിശദാംശങ്ങൾ വെബ്സൈറ്റിലും ശാഖകളിലും പ്രദർശിപ്പിക്കും. ബാധകമായ താരിഫുകളെക്കുറിച്ചുള്ള വിശദാംശങ്ങൾക്ക് വെബ്സൈറ്റിലെ നിരക്കുകളും ഫീസും എന്ന പേജ് പരിശോധിക്കുക.

5.23.7 ലെവിയും ചാർജും വീണ്ടെടുക്കൽ

Visa International Debit Card നൽകുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള സേവന നിരക്കുകൾ, നിങ്ങളിൽ നിന്ന് ഈടാക്കാനും വീണ്ടെടുക്കാനുമുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്. അക്കൗണ്ടിൽ നിന്നോ നിങ്ങൾ കൈവശം വച്ചേക്കാവുന്ന മറ്റേതെങ്കിലും അക്കൗണ്ടിൽ നിന്നോ ഡെബിറ്റ് ചെയ്യുന്നതിലൂടെ സേവന നിരക്കുകൾ വീണ്ടെടുക്കാൻ നിങ്ങൾ ബാങ്കിനെ അധികാരപ്പെടുത്തുന്നു. നിങ്ങൾ ഇപ്രകാരം ചെയ്യുന്നില്ലെന്കിൽ, ബാങ്കിന് ബാധകമായ പലിശയ്ക്കൊപ്പം ബാങ്ക് അനുയോജ്യമെന്ന് തോന്നുന്ന വിധത്തിൽ സേവന നിരക്കുകൾ വീണ്ടെടുക്കുന്നതിനും, ബാങ്കിന് യാതൊരു ബാധ്യതയുമുണ്ടാകാതെയും കാരണമില്ലാതെയും Visa International Debit Card സസ്പെൻഡ് ചെയ്യുന്നതിനും നിങ്ങൾ ബാങ്കിനെ അധികാരപ്പെടുത്തുന്നു.

5.24. Debit Card ന്റെയും അക്കൗണ്ടിന്റെയും ഉപയോഗം അവസാനിപ്പിക്കുന്നതിന്

5.24.1 അവസാനിപ്പിക്കാനുള്ള ഞങ്ങളുടെ അവകാശം

നിങ്ങളുടെ Debit Card, അക്കൗണ്ട്, ഇലക്ട്രോണിക് സേവനങ്ങളുടെ ഉപയോഗം എന്നിവ ഞങ്ങൾ എപ്പോൾ വേണമെങ്കിലും കാരണങ്ങളോ അറിയിപ്പുകളോ നൽകിയോ / നൽകാതയോ തൽക്കാലികമായി നിർത്തുകയോ അവസാനിപ്പിക്കുകയോ ചെയ്യാം. അവസാനിപ്പിക്കുകയാണെങ്കിൽ നിങ്ങൾ Debit Card ഉപയോഗിക്കുകയോ, ഉപയോഗിക്കാൻ ശ്രമിക്കുകയോ ചെയ്യരുത്. അത്തരത്തിലുള്ള ഏത് ഉപയോഗവും വഞ്ചനാപരമായി കണക്കാക്കും. ഏതെങ്കിലും കാരണത്താൽ Debit Card ന്റെ ഉപയോഗം ഞങ്ങൾ അവസാനിപ്പിക്കുകയാണെങ്കിൽ, നിങ്ങൾ കാർഡ് പ്രവർത്തനരഹിതമാക്കണം (Visa Virtual Debit Card ന്റെ കാര്യത്തിൽ), അല്ലെങ്കിൽ മാഗ്നറ്റിക് സ്ട്രിപ്പിലൂടെ പകുതിയായി മുറിച്ച Visa International Debit Card ഞങ്ങൾക്ക് തിരികെ നൽകണം. ഒരു കാരണവശാലും Debit Card അവസാനിപ്പിക്കുമ്പോൾ അടയ്ക്കുന്ന ഏതെങ്കിലും ഫീസുകളിൽ റീ-ഫണ്ട് ഉണ്ടാകില്ല.

5.24.2 അവസാനിപ്പിക്കാനുള്ള നിങ്ങളുടെ അവകാശം

ഞങ്ങൾക്ക് രേഖാമൂലമുള്ള അറിയിപ്പ് നൽകിക്കൊണ്ട് നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും നിങ്ങളുടെ Debit Card ഓ ഇലക്ട്രോണിക് സേവനങ്ങളുടെ ഉപയോഗമോ (ബാധകമെങ്കിൽ) അവസാനിപ്പിക്കാവുന്നതാണ്. ഭൗതികമായ

Debit Card മാഗ്നറ്റിക് സ്ട്രിപ്പിലൂടെ പകുതിയായി മുറിച്ചോ അല്ലെങ്കിൽ Visa Virtual Debit Card പ്രവർത്തനരഹിതമാക്കിയോ, ഞങ്ങൾക്ക് രേഖാമൂലമുള്ള അറിയിപ്പ് നൽകിക്കോണ്ട് (ബാധകമെങ്കിൽ) Debit Card സറണ്ടർ ചെയ്യുകയോ/ ഡിസ്ഏബിൾ ചെയ്തോ നിങ്ങൾക്ക് ഈ കരാർ അവസാനിപ്പിക്കാവുന്നതാണ്. അവസാനിപ്പിച്ചതിന് ശേഷം, നിങ്ങൾ PIN, Debit Card എന്നിവ ഉപയോഗിക്കുകയോ ഉപയോഗിക്കാൻ ശ്രമിക്കുകയോ ചെയ്യരുത്. അത്തരത്തിലുള്ള ഏതൊരു ഉപയോഗവും വഞ്ചനയായി കണക്കാക്കും.

5.24.3 അവസാനിപ്പിച്ചതിന് ശേഷമുള്ള ബാധ്യതകൾ

നിങ്ങളുടെ അക്കൗണ്ട് അവസാനിപ്പിച്ചാൽ, ഒരു കാരണവശാലും നിങ്ങളുടെ Debit Card ഉപയോഗിക്കുന്നത് തുടരാനാകില്ല. ഈ ഉടമ്പടിക്ക് കീഴിലുള്ള നിങ്ങളുടെ ബാധ്യതകൾ തുടരുകയും, നിങ്ങളുടെ അക്കൗണ്ട് അവസാനിപ്പിക്കുന്നതിന് മുമ്പോ ശേഷമോ നടത്തുന്ന ഏതെങ്കിലും ഇടപാടുകൾക്കായി ഞങ്ങളുടെ പക്കൽ പരിപാലിക്കുന്ന അക്കൗണ്ടിൽ നിന്ന് ഡെബിറ്റ് ചെയ്യാൻ ഞങ്ങൾക്ക് അവകാശമുണ്ടായിരിക്കുകയും ചെയ്യും. മുകളിലുള്ള സെക്ഷൻ 5.23 - ൽ അനുശാസിക്കുന്ന രീതിയിൽ ചുമത്താവുന്ന അത്തരം ഇടപാടുകളും ഓവർഡ്രാഫ്റ്റ് ചാർജുകളും പൂർണ്ണമായി അടച്ചു തീരുന്നത് വരെ, നിങ്ങൾ (അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തി / ആരുടെ പേരിലാണ് അക്കൗണ്ട് പരിപാലിക്കപ്പെടുന്നുന്നത്) ഞങ്ങൾക്ക് ബാധ്യത ഉള്ളവരായിരിക്കും.

5.24.4 Debit Card അംഗത്തിന്റെ ബാധ്യത:

ഈ ഉടമ്പടി അല്ലെങ്കിൽ നിങ്ങൾ (ഒറ്റയ്ക്കോ മറ്റേതെങ്കിലും വ്യക്തിയുമായോ വ്യക്തികളുമായി സംയുക്തമായോ) തമ്മിലുള്ള മറ്റേതെങ്കിലും കരാറിന് അനുസൃതമായി നിങ്ങളുടെ അക്കൗണ്ടിലേക്ക് ഡെബിറ്റ് ചെയ്ത എല്ലാ ചാർജുകളും ഉൾപ്പെടെ, നിങ്ങളുടെ അക്കൗണ്ടിൽ ഞങ്ങൾക്ക് നൽകേണ്ട ബാക്കി തുകയ്ക്ക് നിങ്ങൾ ബാധ്യസ്ഥനായിരിയ്ക്കും. അത് നിങ്ങൾ അടച്ചു തീർക്കുകയും ചെയ്യേണ്ടതാണ്.

5.25 ഒഴിവാക്കുന്നവയും ബാധകമല്ലാത്തവയും

5.25.1 Debit Card സ്വീകരിക്കാത്തത്

ഇനി പറയുന്നവയ്ക്ക് ഞങ്ങൾ ഒരു തരത്തിലും ബാധ്യസ്ഥരല്ല:

a. നിങ്ങളുടെ Debit Card(കൾ) അല്ലെങ്കിൽ PIN(കൾ) ഒരു വ്യാപാരിയോ Debit Card ഇടപാടുകൾ പ്രോസസ്സ് ചെയ്യാൻ ഉപയോഗിക്കുന്ന ഏതെങ്കിലും ടെർമിനലോ നിരസിക്കുകയോ ഏതെങ്കിലും കാരണത്താൽ ഏതെങ്കിലും Debit Card ഇടപാടിന് അംഗീകാരം നൽകാൻ ഞങ്ങൾ വിസമ്മതിക്കുകയോ ചെയ്യുകയാണെങ്കിൽ ;

b. Debit Card ഇടപാടുകൾ പ്രോസസ്സ് ചെയ്യാൻ ഉപയോഗിക്കുന്ന ഏതെങ്കിലും ടെർമിനലിലെയോ ഞങ്ങളോ മറ്റ് വ്യക്തികളോ പ്രവർത്തിപ്പിക്കുന്ന മറ്റ്

മെഷീനുകൾ, അംഗീകൃത സംവിധാനം എന്നിവയുടെ എന്തെങ്കിലും തകരാർ, വൈകല്യം അല്ലെങ്കിൽ പിശക്.

c. ഈ ഉടമ്പടിക്ക് കീഴിലുള്ള ഞങ്ങളുടെ ഏതെങ്കിലും ബാധ്യതകൾ നിറവേറ്റാനായി അനുഭവപ്പെടുന്ന എന്തെങ്കിലും തരത്തിലുള്ള പ്രവർത്തന പരാജയം മൂലമുള്ള എന്തെങ്കിലും കാലതാമസം/കഴിവില്ലായ്മ;, ഏതെങ്കിലും യന്ത്രം, ഡാറ്റാ പ്രോസസ്സിംഗ് സിസ്റ്റം, ട്രാൻസ്മിഷൻ ലിങ്ക് എന്നിവയിലെ പരാജയം; ഏതെങ്കിലും യന്ത്രം, ഡാറ്റാ പ്രോസസ്സിംഗ് സിസ്റ്റം, ട്രാൻസ്മിഷൻ ലിങ്ക് എന്നിവയിലേക്കുള്ള അനധികൃതവും നിയമവിരുദ്ധവുമായ പ്രവേശനം മൂലമുള്ള ഏതെങ്കിലും കാലതാമസമോ, കഴിവില്ലായ്മയോ ഉണ്ടായാൽ; ഇലക്ട്രോണിക്, മെക്കാനിക്കൽ സിസ്റ്റം, ഡാറ്റ പ്രോസസ്സിംഗ് അല്ലെങ്കിൽ ടെലികമ്മ്യൂണിക്കേഷൻ വൈകല്യം; ഊർജ്ജ /വൈദ്യുതി തകരാർ; പ്രകൃതിക്ഷോഭം; ആഭ്യന്തര കലഹം; യുദ്ധം; യുദ്ധസമാനമായ അവസ്ഥ; ആഭ്യന്തര കലാപങ്ങൾ; കലാപങ്ങൾ; ഉപരോധങ്ങൾ; അട്ടിമറികൾ; പണിമുടക്കുകൾ; ലോക്കൗട്ടുകൾ; അഗ്നിബാധ; വെള്ളപ്പൊക്കം; മെറ്റീരിയലിന്റെയോ തൊഴിലാളികളുടെയോ ക്ഷാമം; സബ് കോൺട്രാക്ടർമാരിൽ നിന്നുള്ള ഡെലിവറികളിലെ കാലതാമസം; ഞങ്ങളുടെ നിയന്ത്രണത്തിന് പുറത്തുള്ള ഏതെങ്കിലും സംഭവം; ഞങ്ങളുടെ ഏതെങ്കിലും ഏജന്റുമാരുടെയോ കോൺട്രാക്ടർമാരുടെയോ നിയന്ത്രണമോ, വഞ്ചന, അഴിമതി എന്നിവയോ സംഭവിക്കുകയാണെങ്കിൽ;

d. കൂടാതെ, നിങ്ങളുടെ Debit Card, നിങ്ങളുടെ Debit Card ലെ ഏതെങ്കിലും മൈക്രോചിപ്പ് എന്നിവകളിലെ കേടുപാടുകൾ, സർക്യൂട്ടിൽ അല്ലെങ്കിൽ ഉപകരണത്തിൽ സംഭരിച്ചിരിക്കുന്ന ഏതെങ്കിലും ഡാറ്റ/വിവര നഷ്ടങ്ങളോ, ഡാറ്റയോ/വിവരങ്ങളോ വീണ്ടെടുക്കാനുള്ള കഴിവില്ലായ്മയോ;

e. ഇലക്ട്രോണിക് സേവനങ്ങളുമായി ബന്ധപ്പെട്ട് നിങ്ങൾ നൽകിയിട്ടുള്ളതോ നൽകുമെന്ന് കരുതുന്നതോ ആയ ഏതെങ്കിലും നിർദ്ദേശങ്ങൾ ഞങ്ങൾ പാലിക്കുന്നത്, അത്തരം നിർദ്ദേശങ്ങളിൽ അടങ്ങിയിരിക്കുന്ന വിവരങ്ങളുടെ സമഗ്രത കൈമാറ്റം ചെയ്യപ്പെടുമ്പോൾ വിട്ടുവീഴ്ച ചെയ്യപ്പെടുകയോ തകരാറിലാകുകയോ ചെയ്തിട്ടുണ്ടെങ്കിലും, നിർദ്ദേശം സ്വീകരിക്കുന്ന ഒരു വ്യക്തിക്ക് വിട്ടുവീഴ്ചയോ വൈകല്യമോ പ്രകടമായിരിക്കില്ല.

f. ഞങ്ങളുടെയോ ഞങ്ങളുടെ ഏതെങ്കിലും പങ്കാളിയുടെയോ ഏതെങ്കിലും പ്രവർത്തനത്തിന്റെ അനന്തരഫലമായി നിങ്ങൾക്ക് ഏതെങ്കിലും ഇലക്ട്രോണിക് സേവനങ്ങളുടെ ഉപയോഗം നഷ്ടമാകുന്നത്.

g. സിസ്റ്റം മെയിന്റനൻസ് അല്ലെങ്കിൽ തകരാർ  മൂലം ഏതെങ്കിലും നെറ്റ്‌വർക്കിന്റെ ലഭ്യത ഇല്ലാത്തതിനാൽ ഏതെങ്കിലും ഇലക്ട്രോണിക് സേവനം ലഭ്യമല്ല എങ്കിൽ ;

h. ഏതെങ്കിലും ഉപകരണങ്ങൾ , സോഫ്റ്റ്‌വെയർ ദാതാക്കൾ, സേവന ദാതാക്കൾ, നെറ്റ്‌വർക്ക് ദാതാക്കൾ (ടെലികമ്മ്യൂണിക്കേഷൻ ദാതാക്കൾ, ഇന്റർനെറ്റ് ബ്രൗസർ ദാതാക്കൾ, ഇന്റർനെറ്റ് ആക്സസ് ദാതാക്കൾ എന്നിവയുൾപ്പെടെ, എന്നാൽ അതിൽ മാത്രം പരിമിതപ്പെടുത്തിയിട്ടില്ല), ഏതെങ്കിലും പങ്കാളിയ്ക്കോ അല്ലെങ്കിൽ മേൽപ്പറഞ്ഞ ഏതെങ്കിലുമൊരു ഏജന്റ് അല്ലെങ്കിൽ സബ് കോൺട്രാക്ടർക്കോ വേണ്ടി.

ഏത് സാഹചര്യത്തിലും, ഞങ്ങളുടെ കടുത്ത അശ്രദ്ധയോ മനഃപൂർവ്വം വീഴ്ച വരുത്തിയതോ ഒഴികെ, ചെയ്തതോ ഒഴിവാക്കിയതോ ആയ ഒന്നിനും ഞങ്ങൾ ബാധ്യസ്ഥരല്ല.

5.25.2 ചരക്കുകളും സേവനങ്ങളും സംബന്ധിച്ച പ്രശ്നങ്ങൾ

നിങ്ങളുടെ Debit Card ഉപയോഗിച്ചോ ഇലക്ട്രോണിക് സേവനങ്ങൾ വഴിയോ നിങ്ങൾ വാങ്ങുന്ന ചരക്കുകളിലും സേവനങ്ങളിലും എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ ഞങ്ങൾ അതിനു ഒരു തരത്തിലും ബാധ്യസ്ഥരല്ല. കൂടാതെ, ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ, കിഴിവ് , ഞങ്ങൾ നിർദേശിക്കുന്ന ഏതെങ്കിലും വ്യാപാരികളിൽ നിന്നുള്ള പദ്ധതികൾ എന്നിവയ്ക്കും ഞങ്ങൾ ബാധ്യസ്ഥരാകില്ല. അത്തരത്തിലുള്ള ഏതെങ്കിലും ചരക്കുകളിലും സേവനങ്ങളിലും ഡെലിവറി ചെയ്യാത്തതോ പ്രവർത്തനരഹിതമായതോ തകരാറുകളോ ഉള്ളതോ ആണെങ്കിലും ആ Debit Card ൽ നിന്നും ഇടപാടിന് അനുസരിച്ചുള്ള മുഴുവൻ തുകയും ഞങ്ങളുടെ പക്കൽ നിങ്ങൾ പരിപാലിക്കുന്ന നിങ്ങളുടെ അക്കൗണ്ടിൽ നിന്ന് ഡെബിറ്റ് ചെയ്യാൻ ഞങ്ങൾക്ക് അർഹതയുണ്ട്. ചരക്കുകളുടെയും സേവനങ്ങളുടെയും ദാതാവുമായി ബന്ധപ്പെട്ട ഏതു തർക്കവും നിങ്ങൾ നേരിട്ട് പരിഹരിക്കേണ്ടതാണ്.

5.25.3 തുടർന്നുള്ള നഷ്ടത്തിന് ബാധ്യതയില്ല

ഇലക്ട്രോണിക് സേവനങ്ങളുടെ സൗകര്യം / നിങ്ങളുടെ Debit Card ന്റെ ഉപയോഗത്തിൽ നിന്നോ നേരിട്ടോ/പരോക്ഷമായോ പ്രത്യേകമായോ അല്ലെങ്കിൽ അനന്തരഫലമായോ, സാമ്പത്തികമോ അല്ലെങ്കിൽ  മറ്റ് തരത്തിൽ ഉള്ള നാശനഷ്ടങ്ങളോ ഉണ്ടായാൽ ഞങ്ങളോ ഏതെങ്കിലും പങ്കാളിയോ ഒരു തരത്തിലും ഉത്തരവാദികളായിരിക്കില്ല.

5.25.4 Debit Card-നോട്ട്-പ്രസന്റ് ഇടപാടുകൾക്ക് ബാധ്യതയില്ല

ഞങ്ങളുടെ വിവേചനാധികാരത്തിലും മുൻകൂർ അറിയിപ്പ് നൽകാതെയും അത്തരം കാർഡ്-നോട്ട്-പ്രസന്റ് ഇടപാടുകൾ അനുവദിക്കുകയോ അംഗീകരിക്കുകയോ ചെയ്യാം. കാർഡ്-നോട്ട്-പ്രസന്റ് ഇടപാടുകളുമായി ബന്ധപ്പെട്ട് നടത്തുന്ന ഏതെങ്കിലും തരത്തിലുള്ള അംഗീകാരത്തിന് ഞങ്ങൾ നിങ്ങളോട് ഒരു തരത്തിലും ബാധ്യസ്ഥരായിരിക്കില്ല.

5.25.5 രേഖകളുടെയും സർട്ടിഫിക്കറ്റുകളുടെയും നിർണായകത

Debit Card ഇടപാടുകളുമായി ബന്ധപ്പെട്ട നിങ്ങളുടെ ഒപ്പ് അല്ലെങ്കിൽ PIN മുഖേന അധികാരപ്പെടുത്തിയിട്ടുള്ള ഞങ്ങളുടെ ഏതെങ്കിലും രേഖകൾ അവയുടെ കൃത്യതയുടെയും ആധികാരികതയുടെയും നിർണായക തെളിവാണ് എന്ന് മാത്രമല്ല എല്ലാ ആവശ്യങ്ങൾക്കും നിങ്ങൾക്ക് ബാധകമാകുകയും ചെയ്യും. ഏതെങ്കിലും digiSavings/s സ്റ്റേറ്റ്മെന്റിൽ എന്തെങ്കിലും പിശകുകളോ കൃത്യത കുറവോ നിങ്ങൾ കണ്ടെത്തുകയാണെങ്കിൽ ഞങ്ങളെ അറിയിക്കേണ്ടതാണ്. ഇലക്ട്രോണിക് സ്റ്റേറ്റ്മെന്റ് ഡൗൺലോഡ് ചെയ്ത് 14 (പതിനാല്) ദിവസത്തിനുള്ളിൽ നിങ്ങൾ തർക്കം ഉന്നയിച്ചില്ലെങ്കിൽ, അത് ശരിയാണെന്ന് കണക്കാക്കും.

5.25.6 ഇലക്ട്രോണിക്സ് സേവനങ്ങൾ

ATM വഴിയുള്ള Visa International Debit Card ഇടപാടുകൾ സ്ഥിരീകരിക്കാനായും, Visa Virtual Debit Card (ആഭ്യന്തര ഇൻറർനെറ്റ് വാങ്ങൽ) ഇടപാടുകൾ നടത്താനായും , കാർഡ്-നോട്ട്-പ്രസന്റ് ഇടപാടുകൾ ഉൾപ്പെടെയുള്ള അംഗീകൃത ഇടപാടുകൾ നടത്താനായും ഇലക്ട്രോണിക് സേവനങ്ങൾ ഉപയോഗിക്കാൻ നിങ്ങളുടെ Debit Card / PIN ഉപയോഗിക്കാം. ഇടപാടുകൾ നടത്താൻ Debit Card / PIN ഉപയോഗിക്കാൻ മറ്റാരെയും അനുവദിക്കരുത്. നിങ്ങളുടെ PIN ഉപയോഗിക്കാവുന്ന സൗകര്യങ്ങൾ ഞങ്ങളുടെ സ്വന്തം വിവേചനാധികാരത്തിൽ ഞങ്ങൾ നിർണ്ണയിച്ചേക്കാം. ഞങ്ങൾ തീരുമാനിക്കുകയാണെങ്കിൽ, ഞങ്ങളുടെ സ്വന്തം വിവേചനാധികാരത്തിൽ അത്തരം സൗകര്യങ്ങൾ പരിഷ്കരിക്കുകയും ചെയ്യാം.

ഒരു മൂന്നാം കക്ഷിക്ക് PIN അറിയാനുള്ള സാധ്യത ഒഴിവാക്കാൻ നിങ്ങൾ ഒരു രൂപത്തിലും PIN രേഖപ്പെടുത്തരുത്. PIN വഴി പ്രാമാണീകരിക്കുന്ന ഇടപാടുകളും നിർദ്ദേശങ്ങളും നടത്തുന്നതിന് നിങ്ങൾ DBS Bank ന് എക്സ്പ്രസ് അധികാരം നൽകുന്നു, അത് അസാധുവാക്കുകയുമില്ല. PIN പരിശോധിച്ചുറപ്പിക്കൽ വഴിയല്ലാതെ നിങ്ങളിൽ നിന്ന് അയച്ച അല്ലെങ്കിൽ അയച്ചതായി കരുതപ്പെടുന്ന ഇടപാട് നിർദ്ദേശങ്ങളുടെ ആധികാരികത പരിശോധിക്കാൻ DBS Bank ന് ബാധ്യതയില്ല.

5.25.7 Debit Card ന്റെ ഉപയോഗം

നിയമവിരുദ്ധമായ ഏതെങ്കിലും വാങ്ങലുകൾക്ക് അതായത് നിലവിലുള്ള നിയന്ത്രണങ്ങൾ അനുസരിച്ച് നിയമവും RBI യും അനുവദിക്കാത്ത ഇനങ്ങളുടെ/സേവനങ്ങളുടെ വാങ്ങലുകൾക്ക് പണമടയ്ക്കുന്നതിന് Debit Card ഉപയോഗിക്കില്ലെന്ന് നിങ്ങൾ ഉറപ്പുനൽകുന്നു.

DBS Live more, Bank less

മറ്റേതെങ്കിലും വ്യക്തിക്ക് PIN കൈവശം വെച്ചാൽ ഞങ്ങൾ ഉത്തരവാദിയല്ല എന്ന് നിങ്ങൾ സമ്മതിക്കുന്നു. നിങ്ങൾ ജനറേറ്റ് ചെയ്ത ഏതെങ്കിലും PIN നിങ്ങൾ സംരക്ഷിക്കുകയും, ഉപയോഗത്തെ സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും, സുരക്ഷയും, മറ്റ് ആവശ്യകതകളും, അറിയിപ്പുകളും പാലിക്കുകയും, അവയുടെ ഉപയോഗത്തെക്കുറിച്ച് ഞങ്ങളെ / പ്രസക്തമായ പങ്കാളിയെ അറിയിക്കുകയും ചെയ്യും. ഏത് സാഹചര്യത്തിലും ഈ ക്ലോസിലെ വ്യവസ്ഥകൾ നിങ്ങൾ പാലിക്കും. ഇനിപ്പറയുന്ന സാഹചര്യങ്ങളിൽ നിങ്ങൾ ഞങ്ങളെ ഉടൻ തന്നെ അറിയിക്കുകയും ചെയ്യും:

a. DBS പിൻ ഏതെങ്കിലും വ്യക്തിയ്ക്ക് വെളിപ്പെടുത്തിയാൽ.
b. Debit Card മറ്റേതെങ്കിലും വ്യക്തി ഉപയോഗിക്കുകയാണെങ്കിൽ.
c. ഈ കരാറിന്റെ നിബന്ധനകൾ പ്രകാരം, ഇലക്ട്രോണിക് സേവനങ്ങളുടെ ഉപയോഗം താൽക്കാലികമായി നിർത്താനോ റദ്ദാക്കാനോ ഞങ്ങളെ അനുവദിക്കുന്ന മറ്റേതെങ്കിലും സംഭവം നടക്കുന്നുവെങ്കിൽ. നിങ്ങളിൽ നിന്ന് വരുന്നതായി കരുതുന്ന അത്തരത്തിലുള്ള എന്തെങ്കിലും അറിയിപ്പ് ലഭിച്ചതിന് ശേഷം, എപ്പോൾ വേണമെങ്കിലും നിങ്ങളുടെ ഇലക്ട്രോണിക് സേവനങ്ങളുടെ ഉപയോഗം ഞങ്ങൾക്ക് താൽക്കാലികമായി നിർത്തുകയോ റദ്ദാക്കുകയോ ചെയ്യാം.

ഈ ഉടമ്പടിയുടെ നിബന്ധനകൾക്ക് കീഴിൽ, ഇലക്ട്രോണിക് സേവനങ്ങളുടെ ഉപയോഗം താൽക്കാലികമായി നിർത്താനോ റദ്ദാക്കാനോ ഞങ്ങളെ അനുവദിക്കുന്ന മറ്റേതെങ്കിലും സംഭവം നടക്കുകയാണെങ്കിൽ, നിങ്ങൾ ഞങ്ങളെ ഉടൻ അറിയിക്കണം (digibank ആപ്പ് അല്ലെങ്കിൽ ലഭ്യമായ മറ്റേതെങ്കിലും രീതിയിൽ). നിങ്ങളിൽ നിന്ന് വരുന്നതായി കരുതുന്ന അത്തരത്തിലുള്ള എന്തെങ്കിലും അറിയിപ്പ് ലഭിച്ചതിന് ശേഷം, എപ്പോൾ വേണമെങ്കിലും നിങ്ങളുടെ ഇലക്ട്രോണിക് സേവനങ്ങളുടെ ഉപയോഗം ഞങ്ങൾക്ക് താൽക്കാലികമായി നിർത്തുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്.

5.26 ഭേദഗതികൾ

5.26.1 നിബന്ധനകളിലും വ്യവസ്ഥകളിലും മാറ്റങ്ങൾ

ഈ കരാറിലെ ഉള്ളടക്കങ്ങൾ എപ്പോൾ വേണമെങ്കിലും ഞങ്ങൾ മാറ്റുകയും, പുതിയ നിബന്ധനകളും വ്യവസ്ഥകളും നിർമ്മിക്കുകയും, നിങ്ങളെ മാറ്റങ്ങൾ അറിയിക്കുകയും ചെയ്യും. അറിയിപ്പിൽ വ്യക്തമാക്കിയ തീയതി മുതൽ മാറ്റങ്ങൾ പ്രാബല്യത്തിൽ വരും. നിർദ്ദിഷ്ട തീയതിക്ക് ശേഷവും നിങ്ങൾ Debit Card ഉം ഇലക്ട്രോണിക് സേവനങ്ങളും നിലനിർത്തുകയോ, ഉപയോഗിക്കുന്നത് തുടരുകയോ ചെയ്യുകയാണെങ്കിൽ, എതിർപ്പ് കൂടാതെ മാറ്റങ്ങൾ നിങ്ങൾ അംഗീകരിച്ചതായി കണക്കാക്കും. നിങ്ങൾ മാറ്റങ്ങൾ അംഗീകരിക്കുന്നില്ലെങ്കിൽ, നിങ്ങൾ Debit Card / ഇലക്ട്രോണിക് സേവനങ്ങൾ ഉപയോഗിക്കുന്നത് നിർത്തുകയും ഈ കരാർ അവസാനിപ്പിക്കുകയും ചെയ്യേണ്ടതാണ്.

5.26.2 മാറ്റങ്ങൾ പ്രസിദ്ധീകരിക്കുന്നത്

ഈ നിബന്ധനകളിലും വ്യവസ്ഥകളിലും എന്തെങ്കിലും മാറ്റങ്ങളുണ്ടെങ്കിൽ, അവ ഞങ്ങളുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചോ, ഞങ്ങളുടെ ശാഖകളിൽ പ്രദർശിപ്പിച്ചോ, മറ്റ് ആശയവിനിമയ മാർഗങ്ങളിലൂടെയോ നിങ്ങളെ അറിയിക്കുന്നതാണ്.

5.27 വിവരങ്ങളുടെ വെളിപ്പെടുത്തൽ

5.27.1 വെളിപ്പെടുത്തൽ നടത്താവുന്ന കക്ഷികൾ

നിങ്ങളുടെ അക്കൗണ്ടിന്റെയോ , Debit Card ന്റെയോ ഏതെങ്കിലും വിവരങ്ങൾ ഇനിപ്പറയുന്നവർക്ക് വെളിപ്പെടുത്താൻ നിങ്ങൾ ഞങ്ങളെ അധികാരപ്പെടുത്തുന്നു.

a. ബാങ്കിംഗ് സേവനങ്ങളുമായി ബന്ധപ്പെട്ട്, ഇലക്ട്രോണിക് അല്ലെങ്കിൽ മറ്റ് ബാങ്കിങ് സംബന്ധമായ സേവനങ്ങൾ നൽകുകയും, പ്രസ്തുത സേവനങ്ങളുടെ പ്രവർത്തനത്തിനായി, ഇന്ത്യയിലായാലും ഇന്ത്യയ്ക്ക് പുറത്തായാലും, നിങ്ങൾ ലഭ്യമാക്കിയതോ, ഉപയോഗിക്കുന്നതോ, ലോയൽറ്റി ആയതോ ആയ ആനുകൂല്യങ്ങൾ നൽകുന്ന ഞങ്ങൾക്കൊപ്പം പങ്കെടുക്കുന്ന ഏതെങ്കിലും വ്യക്തി അല്ലെങ്കിൽ സ്ഥാപനം. കൂടാതെ, പൊരുത്തക്കേടുകൾ, പിശകുകൾ, ക്ലെയിമുകൾ എന്നിവ അന്വേഷിക്കുന്നത് ഉൾപ്പെടെയുള്ള, എന്നാൽ അതിൽ മാത്രം പരിമിതപ്പെടുത്താതെയുള്ള, മറ്റു കക്ഷികൾ;

b. ബാങ്കുകൾ, ക്രെഡിറ്റ്, ചാർജ് കാർഡ് കമ്പനികൾ, ക്രെഡിറ്റ് / ചാർജ് കാർഡ് അന്വേഷണങ്ങളിലെ വ്യാപാരികൾ, പ്രിന്റിംഗ് / മെയിലിംഗ്/ മൈക്രോഫിലിമിംഗ് / വ്യക്തിഗത ചെക്കുകൾ സംഭരിക്കൽ / digiSavings സ്റ്റേറ്റ്മെന്റ് / Debit Card / ലേബലുകൾ, മെയിലർമാർ, നിങ്ങളുടെ പേര് / മറ്റ് വിശദാംശങ്ങൾ ദൃശ്യമാകുന്ന മറ്റേതെങ്കിലും പ്രമാണങ്ങൾ / ഏതെങ്കിലും ഡാറ്റ / രേഖകൾ / ഇനങ്ങൾ എന്നിവ ഫയൽ ചെയ്യുന്നതിനായി ഞങ്ങൾ നിയോഗിച്ചിട്ടുള്ള ഔട്ട്സോഴ്സ് ഏജന്റുമാർ;

c. ഏതെങ്കിലും വിവരങ്ങൾ ശേഖരിക്കുന്നതോ, പ്രോസസ്സ് ചെയ്യുന്നതോ ആയ ഓർഗനൈസേഷൻ / ഡിപ്പാർട്ട്മെന്റ് / സർവേ കൺസൾട്ടന്റ്കൾ, ഞങ്ങളുടെ പേരിൽ സിസ്റ്റം ആപ്ലിക്കേഷനുകൾ വിശകലനം ചെയ്യുകയോ വികസിപ്പിക്കുകയോ ചെയ്യുന്നവർ;

d. ഞങ്ങളുടെ സ്വന്തമായതോ ഞങ്ങളുമായി ബന്ധിപ്പിച്ചതോ ആയ ഏതെങ്കിലും സേവനങ്ങളോ ഉൽപ്പന്നങ്ങളോ വിപണനം ചെയ്യുന്നതിനോ

പ്രോത്സാഹിപ്പിക്കുന്നതിനോ വേണ്ടിയുള്ള ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ;

e. Visa International, MasterCard International അല്ലെങ്കിൽ American Express International;

f. റിസ്ക് മാനേജ്മെന്റ് ആവശ്യങ്ങൾക്കും, നിങ്ങളുടെ DBS ഗ്രൂപ്പിലുടനീളം ക്രെഡിറ്റ് എക്സ്പോഷറുകൾ നിരീക്ഷിക്കുന്നതിനും, ക്രോസ്-സെല്ലിംഗ് ആവശ്യങ്ങൾക്കുമായി ഞങ്ങളുമായി ബന്ധപ്പെട്ട ഏതെങ്കിലും കോർപ്പറേഷനുകൾ. "DBS Group" എന്നാൽ ഞങ്ങളുടെ ഏതെങ്കിലും അനുബന്ധ സ്ഥാപനങ്ങൾ, ഹോൾഡിംഗ് കമ്പനി, ഞങ്ങളുടെ ഹോൾഡിംഗ് കമ്പനിയുടെ ഏതെങ്കിലും അനുബന്ധ സ്ഥാപനങ്ങൾ എന്നിവരും ഉൾപ്പടുന്നതാണ്;

g. ഞങ്ങളുടെ വിദേശ ശാഖകൾ സ്ഥിതി ചെയ്യുന്ന അധികാരപരിധിയിലെ സർക്കാർ ഏജൻസികൾ/അതോറിറ്റികൾ/ കോടതികൾ;

h. നിങ്ങൾ ഞങ്ങൾക്ക് നൽകാനുള്ള ഏതെങ്കിലും തുക ഞങ്ങളുടെ പേരിൽ ശേഖരിക്കുന്നതിനോ, വീണ്ടെടുക്കുന്നതിനോ, നിങ്ങളുടെ ആനുകൂല്യത്തിനായി സുരക്ഷിതമാക്കുന്നതിനോ, നിങ്ങളുടെ പേരിൽ തിരിച്ചടയ്ക്കുന്നതിനോ വേണ്ടിയുള്ള ഏതെങ്കിലും വ്യക്തി/ സ്ഥാപനം;

i. ഇലക്ട്രോണിക് സേവനങ്ങളുമായി ബന്ധപ്പെട്ട് / സുഗമമാക്കുന്നതിന് നിങ്ങൾക്കായി ഉൽപ്പന്നങ്ങളോ സേവനങ്ങളോ വാഗ്ദാനം ചെയ്യുന്നതുൾപ്പെടെ, അത്തരം വിവരങ്ങൾ നേടുന്നതിന് നിയമാനുസൃതമായ ബിസിനസ്സ് ഉദ്ദേശ്യമുള്ള ഏതെങ്കിലും പങ്കാളിയോ മൂന്നാം കക്ഷിയോ; നിങ്ങൾക്കാണെന്നു കരുതി ഇലക്ട്രോണിക് സേവനങ്ങൾ ഉപയോഗിക്കുന്ന ഏതൊരു വ്യക്തിക്കും; ഏതെങ്കിലും ഇടപാട് പൂർത്തിയാക്കാൻ അത്തരം വെളിപ്പെടുത്തൽ ആവശ്യമായി വരുമ്പോൾ ;

5.27.2. അംഗീകാരം

നിങ്ങൾ ഇനിപറയുന്നവ അംഗീകരിക്കുന്നു:

a. നിങ്ങളുടെ താൽപ്പര്യം ഉറപ്പാക്കാൻ Debit Card ഉപയോഗിക്കുമ്പോൾ ഏതെങ്കിലും വ്യക്തിയുടെ പ്രവേശനവും സാന്നിധ്യവും ഞങ്ങളുടെ സ്വന്തം വിവേചനാധികാരത്തിൽ ഞങ്ങൾ ക്യാമറയിലോ വീഡിയോടേപ്പിലോ റെക്കോർഡ് ചെയ്യാം. ഞങ്ങൾ പരിപാലിക്കുന്ന നിങ്ങളിൽ നിന്നുള്ള ഇലക്ട്രോണിക് അല്ലെങ്കിൽ ഡോക്യുമെന്ററി രൂപത്തിലുള്ള നിർദ്ദേശങ്ങളുടെ എല്ലാ രേഖകളും മറ്റ് വിശദാംശങ്ങളും (പേയ്മെന്റുകൾ നടത്തിയതോ സ്വീകരിച്ചതോ ഉൾപ്പെടെ എന്നാൽ അതിൽ മാത്രം പരിമിതപ്പെടുത്തിയിട്ടില്ല), മുകളിൽ സൂചിപ്പിച്ച എല്ലാ ക്യാമറ/വീഡിയോ റെക്കോർഡിംഗുകളും നിങ്ങൾക്ക് എതിരായി കണക്കാക്കും. അത്തരം നിർദ്ദേശങ്ങൾക്കും മറ്റുമുള്ള നിർണായകമായ തെളിവുകളായിരിക്കും.

5.27.3 നിബന്ധനകൾക്കും വ്യവസ്ഥകൾക്കും കീഴിൽ ബാധ്യതയില്ലാത്ത വെളിപ്പെടുത്തലുകൾ

ഞങ്ങൾക്കോ ഞങ്ങളുടെ ഏതെങ്കിലും ഉദ്യോഗസ്ഥർക്കോ വെളിപ്പെടുത്തുന്നതിനായി നിങ്ങൾ സമ്മതം നൽകിയിട്ടുള്ള ഏതെങ്കിലും വിവരങ്ങൾ ഞങ്ങളുടെ ഏതെങ്കിലും ഉദ്യോഗസ്ഥർ വെളിപ്പെടുത്തിയതിന്റെ ഫലമായി നിങ്ങൾക്ക് ഉണ്ടായ നഷ്ടത്തിനോ നാശത്തിനോ ഞങ്ങൾ ബാധ്യസ്ഥരായിരിക്കില്ല.

5.27.4 വിവരങ്ങൾ നൽകൽ

നിങ്ങളുടെ Debit Card ന്റെയോ ഇലക്ട്രോണിക് സേവനങ്ങളുടെയോ ഉപയോഗവുമായി ബന്ധപ്പെട്ട് ഞങ്ങൾ ന്യായമായും അഭ്യർത്ഥിച്ചേക്കാവുന്ന ഏതെങ്കിലും വിവരങ്ങളോ ഡോക്യുമെന്റേഷനോ നിങ്ങൾ ഞങ്ങൾക്ക് നൽകേണ്ടതാണ്. കൂടാതെ ബന്ധപ്പെട്ട അന്വേഷണത്തിലോ വ്യവഹാരത്തിലോ ഞങ്ങളുമായി സഹകരിക്കുകയും ചെയ്യണം. വിവരങ്ങൾ നൽകിയിട്ടില്ലെങ്കിലോ നൽകിയ വിവരങ്ങൾ തെറ്റാണെങ്കിലോ, ഞങ്ങളുടെ വിവേചനാധികാരത്തിൽ Debit Card പുതുക്കാനോ പുനഃവിതരണം ചെയ്യാനോ വിസമ്മതിക്കുകയോ Debit Card ഉടൻ റദ്ദാക്കുകയോ ചെയ്യാം.

5.27.5 സമ്മത ക്ലോസ്

എന്റെ/ഞങ്ങളുടെ വിശദാംശങ്ങൾ, അക്കൗണ്ട്, നിക്ഷേപം, ഇടപാടുകൾ, ബാങ്കുമായുള്ള ഇടപാടുകൾ എന്നിവയുമായി ബന്ധപ്പെട്ട ഏത് വിവരവും, ഏത് സമയത്തും, ഏത് ആവശ്യത്തിനും, ഏതു അധികാരപരിധിയിലുമുള്ള കോടതി, അർദ്ധ ജുഡീഷ്യറി അതോറിറ്റി, നിയമ നിർവ്വഹണ കേന്ദ്രങ്ങൾ, ഏജൻസി, സംസ്ഥാന സർക്കാരിന്റെ പ്രസക്തമായ വിഭാഗം, RBI, ആദായനികുതി അധികാരികൾ, നിയമാനുസൃത അധികാരികൾ, ധനകാര്യ സ്ഥാപനങ്ങൾ, ക്രെഡിറ്റ് ബ്യൂറോകൾ/ഏജന്റുകൾ/വെണ്ടർമാർ അല്ലെങ്കിൽ ബാങ്കിന്റെ അഫിലിയേറ്റ് അല്ലെങ്കിൽ അസോയിയേറ്റ് അല്ലെങ്കിൽ സബ്സിഡറി ആയ ഏതെങ്കിലും കമ്പനി എന്നിവയിൽ വെളിപ്പെടുത്താൻ നിങ്ങൾ ഇതിനാൽ ബാങ്കിന് വ്യക്തമായി അധികാരം നൽകുന്നു.

5.28 രേഖകളുടെ ആശയവിനിമയവും സേവനവും

5.28.1 ആശയവിനിമയം

ഞങ്ങൾ Debit Card മായി ബന്ധപ്പെട്ട അറിയിപ്പുകൾ, അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ അല്ലെങ്കിൽ മറ്റേതെങ്കിലും ആശയവിനിമയങ്ങൾ, അപ്ലികേഷനിലെ സന്ദേശങ്ങൾ, ഫാക്സിമൈൽ ട്രാൻസ്മിഷൻ, ഷോർട്ട് മെസേജ് സിസ്റ്റം (SMS), ഇലക്ട്രോണിക് മെയിൽ, സാധാരണ പ്രീ-പെയ്ഡ് പോസ്റ്റ് അല്ലെങ്കിൽ വ്യക്തിഗത ഡെലിവറി എന്നിവ വഴി ഞങ്ങളുടെ രേഖകളിൽ രജിസ്റ്റർ ചെയ്ത നിങ്ങളുടെ നിലവിലെ വിലാസത്തിലേക്ക് അയക്കുന്നതാണ്. ആപ്ലിക്കേഷനിലെ സന്ദേശങ്ങൾ/ഫാക്സിമൈൽ/SMS/ഇമെയിൽ മുഖേന അയയ്ക്കുന്ന ആശയവിനിമയവും അറിയിപ്പുകളും കാരിയർ കാലതാമസം പരിഗണിക്കാതെ തന്നെ അയയ്ക്കുകയും നിങ്ങൾ സ്വീകരിക്കുകയും ചെയ്തതായി കണക്കാക്കും. പ്രീ-പെയ്ഡ് മെയിൽ വഴി അയച്ച കമ്മ്യൂണിക്കേഷനും അറിയിപ്പുകളും ഇന്ത്യയിൽ തപാൽ വഴി അയച്ചാൽ പോസ്റ്റ് ചെയ്ത തീയതിക്ക് തൊട്ടുപിന്നാലെയുള്ള ദിവസം ഡെലിവർ ചെയ്തതായി കണക്കാക്കും, കൂടാതെ ഇന്ത്യയ്ക്ക് പുറത്ത് അയച്ചാൽ പോസ്റ്റ് ചെയ്ത തീയതിക്ക് അഞ്ച് (5) ദിവസം കഴിഞ്ഞ് ഡെലിവർ ചെയ്തതായി കണക്കാക്കും. നിലവിൽ, Debit Card ലിങ്ക് ചെയ്തിട്ടുള്ള digiBank ആപ്പിൽ ആശയവിനിമയം ലഭ്യമാകും.

5.28.2 പ്രമാണങ്ങളുടെ വിതരണം

ഞങ്ങൾ നിങ്ങൾക്ക് ഒരു സമൻസ് റിട്ട്, ക്ലെയിം സ്റ്റേറ്റ്മെന്റുകൾ, മറ്റേതെങ്കിലും നിയമ പ്രക്രിയ അല്ലെങ്കിൽ വ്യക്തിഗത സേവനത്തിനു ആവശ്യമുള്ള രേഖകൾ എന്നിവ വ്യക്തിപരമായി നൽകുന്നതിലൂടെയോ സാധാരണ തപാൽ വഴിയോ നിങ്ങളുടെ അവസാനം അറിയപ്പെടുന്ന വിലാസത്തിൽ (തപാൽ ഓഫീസ് വിലാസമോ, സ്വകാര്യ / ബിസിനസ് സ്ഥലത്തെ അല്ലെങ്കിൽ മറ്റെന്തെങ്കിലും ആകട്ടെ) അയച്ച് നൽകാം. ഞങ്ങൾ ഡോക്യുമെന്റുകൾ നിങ്ങൾക്ക് വ്യക്തിപരമായി ഡെലിവറി ചെയ്താൽ ഡെലിവറി തീയതിയിൽ നിങ്ങൾക്ക് ലഭിച്ചതായി കണക്കാക്കും. ഡോക്യുമെന്റുകൾ നിങ്ങൾക്ക് പോസ്റ്റ് ചെയ്താൽ പോസ്റ്റ് ചെയ്ത തീയതിക്ക് ശേഷമുള്ള അടുത്ത ദിവസം ലഭിച്ചതായി പരിഗണിക്കും. ഈ രണ്ട് (2) വിതരണ രീതികൾക്ക് പുറമേ, നിയമം അനുവദിക്കുന്ന മറ്റേതെങ്കിലും രീതിയിൽ ഞങ്ങൾ നിങ്ങൾക്ക് വിവരങ്ങൾ വിതരണം ചെയ്യാം.

5.29 പലവക

5.29.1 ചെലവുകളുടെ വീണ്ടെടുക്കൽ

ഈ ഉടമ്പടിയുടെ നിബന്ധനകളും വ്യവസ്ഥകളും നിങ്ങൾ ലംഘിച്ചതിന്റെ ഫലമായി അല്ലെങ്കിൽ ഞങ്ങളുടെ ഏതെങ്കിലും അവകാശങ്ങൾ നടപ്പിലാക്കുന്നതിലൂടെ ഉണ്ടാകുന്ന ഏതെങ്കിലും മൂല്യം, ഫീസ് അല്ലെങ്കിൽ ചെലവുകൾ (നിയമപരമായ ചിലവുകൾ ഉൾപ്പെടെ) പൂർണ്ണ നഷ്ടപരിഹാര അടിസ്ഥാനത്തിൽ ഞങ്ങൾ നിങ്ങളിൽ നിന്ന് വീണ്ടെടുക്കും.

5.29.2 വിദേശ കറൻസി ഉൾപ്പെടുന്ന ഇടപാടുകൾ

ഏതെങ്കിലും കാർഡ് ഇടപാടിന്റെ കറൻസി നിങ്ങളുടെ digiSavings ലൂടെ നിലനിർത്തുന്ന കറൻസിയിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ, അത്തരം

ഇടപാടുകൾ നിങ്ങളുടെ അക്കൗണ്ടിന്റെ കറൻസിയായോ മറ്റേതെങ്കിലും കറൻസിയായോ ഞങ്ങൾ നിർണ്ണയിക്കുന്ന വിനിമയ നിരക്കിൽ പരിവർത്തനം ചെയ്യാൻ ഞങ്ങൾക്ക് അർഹതയുണ്ട്; കൂടാതെ ഇങ്ങനെയുള്ള Debit Card ഇടപാടിന്റെ തുക നിങ്ങളുടെ digiSavings അക്കൗണ്ടിൽ നിന്ന് ഡെബിറ്റ് ചെയ്യുന്നതാണ്. ഈ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും കീഴിൽ ഞങ്ങൾക്ക് അടയ്ക്കേണ്ട എല്ലാ തുകയും ഞങ്ങൾ നിങ്ങളുടെ അക്കൗണ്ടിൽ നിന്നും ഡെബിറ്റ് ചെയ്തേക്കാം, ഇതിനായി നിങ്ങളുടെ അക്കൗണ്ടിന്റെ കറൻസിയിലേക്ക് വരുന്ന ക്രെഡിറ്റുകളും ചാർജുകളും ഞങ്ങൾ നിർണ്ണയിക്കുന്ന വിനിമയ നിരക്ക് അനുസരിച്ച് മാറ്റുകയും ചെയ്യാം.

5.29.3 നിങ്ങളിൽ നിന്നുള്ള നിർദ്ദേശങ്ങൾ

നിങ്ങളിൽ നിന്നുള്ള എല്ലാ അഭ്യർത്ഥനകളും നിർദ്ദേശങ്ങളും digibank ആപ്പ് വഴി ചെയ്യണം. അത് സാധ്യമല്ലെങ്കിൽ, അത് നിങ്ങളുടെ അടുത്തുള്ള DBS Bank ശാഖയിൽ രേഖാമൂലം സമർപ്പിക്കാവുന്നതാണ്. ഇലക്ട്രോണിക് തപാൽ മുഖേനയും ഏത് നിർദ്ദേശവും ഞങ്ങൾ സ്വീകരിച്ചേക്കാം. ടെലിഫോൺ കോളിലൂടെയാണെങ്കിൽ നിങ്ങൾ യഥാർത്ഥത്തിൽ നിർദ്ദേശങ്ങൾ നൽകിയിട്ടില്ലെങ്കിലും നിങ്ങളിൽ നിന്നാണ് എന്ന് ഞങ്ങൾ വിശ്വസിക്കുന്ന നിർദ്ദേശങ്ങളും സ്വീകരിക്കാം.

5.29.4 നഷ്ടപരിഹാരം

നിങ്ങൾക്ക് Debit Card ഓ ഇലക്ട്രോണിക് സേവനങ്ങളോ ലഭ്യമാക്കുന്നതിലൂടെയും, നിങ്ങളുമായി ഈ കരാറിൽ ഏർപ്പെടുന്നതിലൂടെയും , ഈ ഉടമ്പടി പ്രകാരം ഞങ്ങളുടെ അവകാശങ്ങൾ നടപ്പിലാക്കുന്നതിലൂടെയും , Debit Card / ഇലക്ട്രോണിക് സേവനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് നിങ്ങൾ നൽകിയേക്കാവുന്ന ഏതെങ്കിലും നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുമ്പോളും, നിങ്ങളുടെ ഭാഗത്തുനിന്നോ നിങ്ങളുടെ ഏതെങ്കിലും ഏജന്റുമാരുടെയോ, പ്രതിനിധികളുടെയോ ഏതെങ്കിലും അശ്രദ്ധ/വഞ്ചന/തെറ്റായ പെരുമാറ്റം, ഈ ഉടമ്പടിയുടെ ലംഘനം/വഞ്ചന, Debit Card, PIN എന്നിവയുടെ അനധികൃത/ഡ്യൂപ്ലിക്കേറ്റ്/തെറ്റായ ഉപയോഗം/ ദുരുപയോഗം എന്നിവ മൂലമോ നേരിട്ടോ അല്ലാതെയോ ഞങ്ങൾ നിലനിർത്തുകയോ വഹിക്കുകയോ ചെയ്യേണ്ടതായി വരുന്ന അഭിഭാഷ-ഉപഭോക്തൃ ചെലവുകൾ (നിയമപരമോ മറ്റെന്തെങ്കിലുമോ) ഉൾപ്പെടെയുള്ള ഏതെങ്കിലും ബാധ്യത, നഷ്ടം, നാശനഷ്ടങ്ങൾ എന്നിവയ്ക്ക് നിങ്ങൾ ഞങ്ങൾക്ക് നഷ്ടപരിഹാരം നൽകേണ്ടതാണ്.

5.29.5 നിബന്ധനകളും വ്യവസ്ഥകളും

ഈ കരാറിന് പുറമേ, Debit Card, ഇലക്ട്രോണിക് സേവനങ്ങളുടെ ഉപയോഗം എന്നിവ അക്കൗണ്ടുകളുടെ നിയന്ത്രണം നിർവഹിക്കുന്ന ഞങ്ങളുടെ നിലവിലുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും. ഈ ഉടമ്പടിയും അക്കൗണ്ടുകൾ നിയന്ത്രിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും തമ്മിൽ എന്തെങ്കിലും വൈരുദ്ധ്യമോ പൊരുത്തക്കേടോ ഉണ്ടെങ്കിൽ, ഏതു കരാറിന്റെ നിബന്ധനകൾ നിലനിൽക്കുന്നു എന്ന് തീരുമാനിക്കുന്നത് ബാങ്കിന്റെ വിവേചനാധികാരത്തിലാണ്.

5.29.6 വിയോജനം

ഈ കരാറിന്റെ ഏതെങ്കിലും നിബന്ധനകൾ നിയമവിരുദ്ധമോ, ബാധകമായ ഏതെങ്കിലും നിയമത്തിന് കീഴിൽ നടപ്പിലാക്കാൻ കഴിയാത്തതോ ആണെങ്കിൽ, അവ നിയമം അനുവദിക്കുന്ന പരിധി വരെ, ഈ കരാറിൽ നിന്ന് വേർപെടുത്തുകയും, ഈ കരാറിന്റെ മറ്റ് നിബന്ധനകൾ പരിഷ്കരിക്കാതെ സാധ്യമാകുന്നിടത്തോളം അത് നിഷ്ഫലമാക്കുകയും ചെയ്യും.

5.29.7 ഒഴിവാക്കൽ ഇല്ല

നടപ്പിലാക്കുന്നതിൽ പരാജയപ്പെടുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്നുവെങ്കിൽ ഈ ഉടമ്പടിക്ക് കീഴിലുള്ള ഏതെങ്കിലും അവകാശമോ പ്രതിവിധിയോ അതിന്റെ ഇളവായി പ്രവർത്തിക്കും, ഏതെങ്കിലും അവകാശത്തിന്റെയോ പ്രതിവിധിയുടെയോ ഏതെങ്കിലും ഒന്നോ ഭാഗികമോ ആയ പ്രയോഗം മറ്റേതെങ്കിലും അവകാശം അല്ലെങ്കിൽ പ്രതിവിധി, അതിന്റെ തുടർന്നുള്ള നടപടികൾ നടപ്പിലാക്കുന്നതിന് തടയുന്നതല്ല. ഈ ഉടമ്പടിയിലെ ഞങ്ങളുടെ അവകാശങ്ങളും പ്രതിവിധികളും സമഗ്രമായതാണ്. നിയമം നൽകുന്ന മറ്റ് അവകാശങ്ങളോ പരിഹാരങ്ങളോ അല്ല.

5.29.8 ഇലക്ട്രോണിക് ഇടപാടുകൾ/Debit Card നിയന്ത്രിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും

നിങ്ങളുടെ അഭ്യർത്ഥന പ്രകാരം, ഞങ്ങൾ നിങ്ങൾക്ക് ഒരു ഭൗതികമായ Debit Card ഇഷ്യൂ ചെയ്തേക്കാം, അത് നിങ്ങളുടെ റിസ്കിൽ ഏത് മാർഗ്ഗത്തിലൂടെയും നിങ്ങൾക്ക് അയച്ചേക്കാം. നിലവിൽ, ഇതിനു digiBank ആപ്പിൽ PIN ജനറേറ്റ് ചെയ്യാം.

മുകളിൽ സൂചിപ്പിച്ച ഏതെങ്കിലും സംഭവത്തെത്തുടർന്ന്, ഞങ്ങളുടെ വിവേചനാധികാരത്തിൽ, ഇലക്ട്രോണിക് സേവനങ്ങൾക്കായുള്ള നിലവിലുള്ള നിബന്ധനകളിലും വ്യവസ്ഥകളിലും ഒരു പകരം PIN / ഭൗതികമായ ഡെബിറ്റ് Card നൽകുകയും ഫീസ് ഈടാക്കുകയും ചെയ്യാം. ഈ സമയത്ത്, digiBank ആപ്പിൽ നിന്ന് PIN ജനറേറ്റ് ചെയ്യാം.

5.29.9 ഇലക്ട്രോണിക് സേവനങ്ങളുടെ ഉപയോഗം.

ഞങ്ങളും, ഞങ്ങളുടെ പങ്കാളികളും നിങ്ങളെ അറിയിക്കാതെ ഇനിപ്പറയുന്ന നടപടികൾ എപ്പോൾ വേണമെങ്കിലും ചെയ്യാം.

a. ഇലക്ട്രോണിക് സേവനങ്ങൾ, ഇടപാട് പരിധികൾ, പ്രവർത്തന സമയം, ഇലക്ട്രോണിക് സേവനങ്ങൾ വഴി ലഭ്യമാകുന്ന സൗകര്യങ്ങളും സേവനങ്ങളും എന്നിവയുടെ ആവൃത്തിയും, ഉപയോഗ രീതിയും നിർണ്ണയിക്കുകയും മാറ്റുകയും ചെയ്യുക.

b. ഏതെങ്കിലും പങ്കാളിയെ ചേർക്കുക അല്ലെങ്കിൽ ഒഴിവാക്കുക. നിങ്ങളുടെ അധികാരമോ, അറിവോ, സമ്മതമോ ഇല്ലാതെ ഏതെങ്കിലും വ്യക്തി

DBS Live more, Bank less

ഇലക്ട്രോണിക് സേവനങ്ങൾ ഉപയോഗിക്കുന്നതോ , ഉപയോഗിക്കാൻ ശ്രമിക്കുന്നതോ ആയ എല്ലാ ഇടപാടുകൾക്കും നിങ്ങൾ ഉത്തരവാദിയായിരിക്കും. അത്തരം ഉപയോഗത്തിനോ, ഉദ്ദേശങ്ങൾക്കോ ഞങ്ങൾക്കെതിരെ ക്ലെയിം ചെയ്യരുത്.

ഞങ്ങളും ഞങ്ങളുടെ പങ്കാളികളും എപ്പോൾ വേണമെങ്കിലും നിങ്ങളെ അറിയിക്കാതെയും ഒരു കാരണവും നൽകാതെയും നിങ്ങളോ മൂന്നാം കക്ഷിയോ അനുഭവിച്ച അസൗകര്യങ്ങൾ, നഷ്ടം, നാശനഷ്ടങ്ങൾ അല്ലെങ്കിൽ പരിക്കുകൾ എന്നിവയിൽ ബാധ്യതയില്ലാതെ ഇനിപ്പറയുന്ന ചെയ്യുന്നതാണ്.

a. എല്ലാ ഇലക്ട്രോണിക് സേവനങ്ങളും പരിമിതപ്പെടുത്തുകയോ, താൽക്കാലികമായി നിർത്തുകയോ അല്ലെങ്കിൽ അവസാനിപ്പിക്കുകയോ;

b. ഏതെങ്കിലും ഇടപാട് അനുവദിക്കാതെ ഇരിക്കുകയോ അല്ലെങ്കിൽ ഞങ്ങൾക്ക് അനുയോജ്യമെന്ന് തോന്നുന്ന നിബന്ധനകൾക്ക് വിധേയമായി മാത്രം ഒരു ഇടപാട് അനുവദിക്കുകയോ ചെയ്യുകയും;

c. ഇലക്ട്രോണിക് സേവനങ്ങൾ ഉപയോഗിക്കാനുള്ള നിങ്ങളുടെ അല്ലെങ്കിൽ ഏതെങ്കിലും ഉപയോക്താവിന്റെ അവകാശവും അധികാരവും അസാധുവാക്കുകയോ താൽക്കാലികമായി നിർത്തുകയോ ചെയ്യുകയും;

d. ഏതെങ്കിലും Debit Card / PIN സൂക്ഷിക്കുക അല്ലെങ്കിൽ നിരസിക്കുക.

ഒരു പങ്കാളിക്കെതിരായ ഏതെങ്കിലും ക്ലെയിമുകൾ അല്ലെങ്കിൽ തർക്കങ്ങൾ നിങ്ങൾക്കും പങ്കാളിക്കും ഇടയിൽ തീർപ്പാക്കേണ്ടതാണ്. ഇക്കാര്യത്തിൽ നിങ്ങൾ ഞങ്ങൾക്കെതിരെ അവകാശവാദമുന്നയിക്കില്ല.

Visa Virtual International Debit Card / digiSavings ന്റെ കാര്യത്തിൽ, ഇലക്ട്രോണിക് സേവനങ്ങൾ വഴി നിക്ഷേപിച്ച പണവും ചെക്കുകളുടെ വരുമാനവും (ഹൗസ് ചെക്കുകൾ ഉൾപ്പെടെ) ഞങ്ങൾ ശേഖരിച്ച് പരിശോധിച്ചുറപ്പിക്കുന്നത് വരെ പിൻവലിക്കാൻ കഴിയില്ല. നിക്ഷേപിച്ച തുകയെക്കുറിച്ചുള്ള ഞങ്ങളുടെ നിർണ്ണയം നിർണായകവും നിങ്ങൾക്ക് ബാധകമായതുമാണ്.

5.29.10 പേയ്മെന്റുകൾ, ചാർജുകൾ, ഫീസ്, ചെലവുകൾ, നികുതികൾ

നിങ്ങൾ ഇലക്ട്രോണിക് സേവനങ്ങൾ യഥാർത്ഥത്തിൽ ഉപയോഗിച്ചാലും ഇല്ലെങ്കിലും, ഞങ്ങൾ കാലാകാലങ്ങളിൽ നിർദ്ദേശിച്ചേക്കാവുന്ന ഇലക്ട്രോണിക് സേവനങ്ങൾ നൽകുന്നതിന് ചാർജുകളും, ഫീസും നിങ്ങൾ അടയ്ക്കേണ്ടതാണ്. ഇലക്ട്രോണിക് സേവനങ്ങളുടെ സൗകര്യം, ഉപയോഗം (അംഗീകൃതമോ അനധികൃതമോ ആയ) എന്നിവയ്ക്കും, പിൻവലിക്കലുകൾ, പേയ്മെന്റുകൾ എന്നിവയ്ക്കും, ചാർജുകൾ, ഫീസ് എന്നിവയ്ക്കും, ഇലക്ട്രോണിക് സേവനങ്ങൾ മുഖേനെയുള്ള മറ്റു ബാധ്യതകൾ, നഷ്ടങ്ങൾ എന്നിവയ്ക്കും നിങ്ങളുടെ അക്കൗണ്ടിൽ നിന്ന് ഡെബിറ്റ് ചെയ്യാൻ ഞങ്ങൾക്ക് അധികാരമുണ്ട്. കൂടാതെ പണം അടയ്ക്കുന്നതിനുള്ള ഏതെങ്കിലും അഭ്യർത്ഥന നിറവേറ്റുന്നതിനോ ഏതെങ്കിലും ബാധ്യത നിറവേറ്റുന്നതിനോ അക്കൗണ്ടിൽ മതിയായ ഫണ്ടുകൾ ഇല്ലെങ്കിൽ, അത്തരം പേയ്മെന്റോ ബാധ്യതയോ നിറവേറ്റുന്നതിന് ഞങ്ങൾ നിങ്ങൾക്ക് ക്രെഡിറ്റ് അനുവദിച്ചേക്കാം (എന്നാൽ ബാധ്യസ്ഥരല്ല). ഞങ്ങൾ നിശ്ചയിച്ചിരിക്കുന്ന നിരക്കുകളിലോ തുകകളിലോ പലിശയും ചാർജുകളും അടയ്ക്കാൻ നിങ്ങൾ ഏറ്റെടുക്കുന്നു. ഒരു ഇടപാട്, അല്ലെങ്കിൽ ഒരു ഇടപാടുമായി ബന്ധപ്പെട്ട് ഏതെങ്കിലും അക്കൗണ്ടിന്റെ ഡെബിറ്റ് അല്ലെങ്കിൽ ക്രെഡിറ്റ് ചെയ്യൽ, ഒരു കറൻസിയെ മറ്റൊന്നിലേക്ക് പരിവർത്തനം ചെയ്യേണ്ടത് ആവശ്യമാണെങ്കിൽ, ഞങ്ങളും ഞങ്ങളുടെ പങ്കാളികളും നിർണ്ണയിക്കുന്ന നിരക്കിൽ അത്തരം പരിവർത്തനങ്ങൾ നടത്താൻ ഞങ്ങൾക്ക് അധികാരമുണ്ട്. ഏതെങ്കിലും പേയ്മെന്റിന് GST ഈടാക്കുകയാണെങ്കിൽ, അടയ്ക്കേണ്ട എല്ലാ തുകയും, കൂടാതെ നിങ്ങൾ അത്തരം GST നൽകുകയും, അത്തരം GST-യുമായി ബന്ധപ്പെട്ട് നിയമപ്രകാരം ഞങ്ങൾ ആവശ്യപ്പെടുന്ന ഏതെങ്കിലും പേയ്മെന്റിനെതിരെ ഞങ്ങൾക്ക് നഷ്ടപരിഹാരം നൽകുകയും ചെയ്യും. ഈ കരാറിലോ ക്രെഡിറ്റ് സൗകര്യങ്ങൾക്കായുള്ള ഏതെങ്കിലും അനുബന്ധ കരാറിലോ, കൂടാതെ കാലാകാലങ്ങളിൽ ഞങ്ങൾ നിർദ്ദേശിച്ചേക്കാവുന്ന മറ്റേതെങ്കിലും ചാർജുകളിലോ നൽകിയിരിക്കുന്ന അതേ രീതിയിൽ അടയ്ക്കേണ്ട ഡിഫോൾട്ട് പലിശ ഉൾപ്പെടെ, ഡെബിറ്റിംഗ് അക്കൗണ്ട് ഓവർഡ്രോയിന് കാരണമാകുന്നുവെങ്കിൽ കൂടി GST ഉൾപ്പടെ ഞങ്ങൾ അക്കൗണ്ടിൽ നിന്ന് ഡെബിറ്റ് ചെയ്യാം.

5.29.11 ബാധ്യത

ഞങ്ങളുടെ അശ്രദ്ധമൂലമോ മനഃപൂർവമായ വീഴ്ചയോ കാരണമല്ലാതെ ഇലക്ട്രോണിക് സേവനങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ട് നിങ്ങൾക്കോ അല്ലെങ്കിൽ ഏതെങ്കിലും മൂന്നാം കക്ഷിക്കോ ഉണ്ടാകുന്ന നഷ്ടത്തിന് ഞങ്ങൾ ബാധ്യസ്ഥരായിരിക്കില്ല. നിങ്ങൾക്കോ അല്ലെങ്കിൽ ഏതെങ്കിലും മൂന്നാം കക്ഷിക്കോ ഉണ്ടാകുന്ന ഇനിപ്പറയുന്ന അസൗകര്യങ്ങൾക്കോ നഷ്ടങ്ങൾക്കോ കേടുപാടുകൾക്കോ പരിക്കുകൾക്കോ ഞങ്ങൾക്കോ പങ്കാളികൾക്കോ ബാധ്യതയുണ്ടായിരിക്കില്ല.

a. നിങ്ങളോ ഇലക്ട്രോണിക് സേവനങ്ങളുമായി ബന്ധപ്പെട്ട ഒരു ഉപയോക്താവോ നൽകിയിട്ടുള്ളതോ നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും നിർദ്ദേശങ്ങൾ ഞങ്ങൾ പാലിക്കുന്നു, എന്നിരുന്നാലും, അത്തരം നിർദ്ദേശങ്ങളിൽ അടങ്ങിയിരിക്കുന്ന വിവരങ്ങളുടെ സമഗ്രത കൈമാറ്റം ചെയ്യുന്നതിടയിൽ നഷ്ടപ്പെടുകയോ മാറ്റം വരുകയോ

ചെയ്യുകയാണെങ്കിൽ അത്തരം നിർദേശങ്ങൾ ലഭിക്കുന്ന ആളുകൾക്ക് അവ അനുഭവപ്പെടണമെന്നില്ല.

b. ഞങ്ങളുടെയും, ഞങ്ങളുടെ പങ്കാളികളുടെയും ഏതെങ്കിലും പ്രവർത്തനത്തിന്റെ അനന്തരഫലമായി ഏതെങ്കിലും ഇലക്ട്രോണിക് സേവനത്തിന്റെ ഉപയോഗം നിങ്ങൾക്ക് നഷ്ടമാകുന്നത്;

c. സിസ്റ്റം മെയിന്റനൻസ് അല്ലെങ്കിൽ തകരാർ കാരണം ഏതെങ്കിലും ഇലക്ട്രോണിക് സേവനങ്ങൾ ലഭ്യമല്ല / ഏതെങ്കിലും നെറ്റ്വർക്കിന്റെ ലഭ്യതയില്ല;

d. ഈ കരാറിന്റെ ഏതെങ്കിലും ബാധ്യത നിറവേറ്റുന്നതിൽ ഏതെങ്കിലും മെഷീൻ/ഡാറ്റാ പ്രോസസ്സിംഗ് സിസ്റ്റം/ട്രാൻസ്മിഷൻ ലിങ്ക് പരാജയം, ഏതെങ്കിലും അംഗീകൃതമല്ലാത്ത/നിയമവിരുദ്ധമായ ആക്സസ് നിന്ന് പരാജയം, ഈ കരാറിന്റെ ഏതെങ്കിലും ബാധ്യത നിറവേറ്റുന്നതിൽ ഏതെങ്കിലും പങ്കാളിയുടെ പരാജയം, ദൈവത്തിന്റെ പ്രവൃത്തികൾ, യുദ്ധം, യുദ്ധസമാനമായ ശത്രുത, ആഭ്യന്തര കലഹങ്ങൾ, കലാപങ്ങൾ, ഉപരോധങ്ങൾ, അട്ടിമറികൾ, പണിമുടക്കുകൾ, ലോക്കൗട്ടുകൾ, തീപിടിത്തം, വെള്ളപ്പൊക്കം, മെറ്റീരിയലിന്റെയോ/ തൊഴിലാളികളുടെയോ ക്ഷാമം, ഉപ-കരാറുകാരിൽ നിന്നുള്ള ഡെലിവറികളിലെ കാലതാമസം എന്നിങ്ങനെയുള്ള ബാഹ്യമായതോ നിയന്ത്രണാതീതമായ സംഭവങ്ങൾ;

e. ഏതെങ്കിലും ഉപകരണങ്ങൾ, സോഫ്റ്റ്വെയർ ദാതാക്കൾ, സേവന ദാതാക്കൾ, നെറ്റ്വർക്ക് ദാതാക്കൾ (ടെലികമ്മ്യൂണിക്കേഷൻ ദാതാക്കൾ, ഇന്റർനെറ്റ് ബ്രൗസർ ദാതാക്കൾ, ഇന്റർനെറ്റ് ആക്സസ് ദാതാക്കൾ എന്നിവയുൾപ്പെടെ, എന്നാൽ അതിൽ മാത്രം പരിമിതപ്പെടുത്തിയിട്ടില്ല), ഏതെങ്കിലും പങ്കാളി, മേൽപ്പറഞ്ഞ ഏതെങ്കിലും ഏജന്റ്, സബ് കോൺട്രാക്ടർ.

f. Debit Card ഇഷ്യൂ ചെയ്ത രാജ്യത്തിനപ്പുറം ATM സേവനങ്ങൾ ലഭ്യമല്ല. പ്രസ്തുത രാജ്യത്ത് പ്രാബല്യത്തിലുള്ള പ്രാദേശിക നിയന്ത്രണങ്ങളാൽ ഇത് നിയന്ത്രിക്കപ്പെടും.

DBS Live more, Bank less

g. ഏതെങ്കിലും ഇലക്ട്രോണിക് സേവനത്തിൽ നിന്നുള്ള ഡാറ്റ ഡൗൺലോഡ് ചെയ്യുന്നത് നിങ്ങളുടെ ഉത്തരവാദിത്തത്തിൽ മാത്രമാണ് ചെയ്യുന്നത്, ഏതെങ്കിലും തരത്തിൽ ഡൗൺലോഡ് ചെയ്ത ഡാറ്റയുടെ സമഗ്രതയ്ക്കോ ഉപയോഗത്തിനോ ഞങ്ങൾ ബാധ്യസ്ഥരായിരിക്കില്ല.

h. ഇലക്ട്രോണിക് സേവനങ്ങളുടെ പ്രൊവിഷൻ / ഉപയോഗത്തിൽ നിന്ന് നേരിട്ടോ, പരോക്ഷമായോ, പ്രത്യേകമായോ, അനന്തരഫലമായോ, സാമ്പത്തികമോ മറ്റ് നാശനഷ്ടങ്ങളോ ഉണ്ടായാൽ, ഞങ്ങളോ ഏതെങ്കിലും പങ്കാളിയോ ഒരു തരത്തിലും ഉത്തരവാദികളായിരിക്കില്ല.

5.29.12 ഇടപാടുകളുടെ രേഖകൾ

കണക്കുകൂട്ടൽ / പ്രതിഫലന പിശക് ഒഴികെ ഞങ്ങളുടെയും പങ്കാളികളുടെയും ഇടപാടുകളുടെ രേഖകൾ നിങ്ങൾക്ക് നിർണായകവും ബാധകവുമാണ്.

5.29.13 എൻട്രികളുടെ റിവേഴ്സൽ

ഇലക്ട്രോണിക് സേവനങ്ങളുടെ ഉപയോഗത്തിന്റെയോ ഉദ്ദേശിക്കപ്പെട്ട ഉപയോഗത്തിന്റെയോ ഫലമായി ഞങ്ങൾ എന്തെങ്കിലും പേയ്മെന്റ് നടത്തിയിട്ടുണ്ടെങ്കിൽ:

a. അക്കൗണ്ട് തൽഫലമായി ഡെബിറ്റ് ചെയ്യപ്പെടുകയും പക്ഷേ ഡെബിറ്റ് തെറ്റായി മാറ്റപ്പെട്ടു അല്ലെങ്കിൽ അക്കൗണ്ട് ഡെബിറ്റ് പ്രതിഫലിപ്പിച്ചില്ല എങ്കിൽ , അല്ലെങ്കിൽ

b. അക്കൗണ്ടിൽ ഏതെങ്കിലും പേയ്മെന്റ് നിർദ്ദേശം നൽകിയതിന് ശേഷം അത്തരം പേയ്മെന്റ് നിർദ്ദേശം മാനിക്കപ്പെടുന്നില്ല എങ്കിൽ

ഞങ്ങൾ അടച്ച തുക അക്കൗണ്ടിൽ നിന്ന് ഡെബിറ്റ് ചെയ്തത് അക്കൗണ്ട് ശരിയാക്കാൻ നമുക്ക് അർഹതയുണ്ടാകും.

5.29.14 നിങ്ങളിൽ നിന്നുള്ള നിർദേശങ്ങൾ

നിങ്ങളിൽ നിന്നുള്ള എല്ലാ അഭ്യർത്ഥനകളും നിർദ്ദേശങ്ങളും digibank ആപ്പ് വഴി ചെയ്യണം. അത് സാധ്യമല്ലെങ്കിൽ, അത് നിങ്ങളുടെ അടുത്തുള്ള DBS Bank ശാഖയിൽ രേഖാമൂലം സമർപ്പിക്കാവുന്നതാണ്. ഇലക്ട്രോണിക് തപാൽ മുഖേനയുള്ള ഏത് നിർദ്ദേശവും ഞങ്ങൾ സ്വീകരിച്ചേക്കാം, ടെലിഫോൺ കോളിലൂടെയാണെങ്കിൽ, നിങ്ങൾ യഥാർത്ഥത്തിൽ നിർദ്ദേശങ്ങൾ നൽകിയിട്ടില്ലെങ്കിലും നിങ്ങളിൽ നിന്നാണ് എന്ന് ഞങ്ങൾ വിശ്വസിക്കുന്ന നിർദ്ദേശങ്ങളും സ്വീകരിക്കാം. ഞങ്ങൾ രേഖാമൂലമല്ലാതെ നൽകുന്ന

നിർദേശങ്ങളുടെ നഷ്ടത്തിനും അപാകതകൾക്കും നിങ്ങൾ മാത്രമായിരിക്കും ബാധ്യസ്ഥർ.

5.29.15 ഈ നിബന്ധനകളുടെയും വ്യവസ്ഥകളുടെയും നിലനിൽക്കൽ:

ഏതെങ്കിലും അക്കൗണ്ട്(കൾ) അല്ലെങ്കിൽ ഇലക്ട്രോണിക് സേവനങ്ങൾ, ഞങ്ങളും നിങ്ങളും തമ്മിലുള്ള മറ്റേതെങ്കിലും ഉടമ്പടി(കൾ), അത്തരം ഏതെങ്കിലും ഉടമ്പടി(കൾ) പ്രകാരം ഉടലെടുക്കുന്ന ഞങ്ങളുടെ അവകാശങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഈ നിബന്ധനകളുടെയും വ്യവസ്ഥകളുടെയും വ്യവസ്ഥകൾ അനുബന്ധമായി നിലനൽക്കുന്നു. കൂടാതെ, കരാറിലെ ഏതെങ്കിലും വ്യവസ്ഥകളെ ഇത് മാറ്റുകയുമില്ല. ഈ നിബന്ധനകളുടെയും വ്യവസ്ഥകളുടെയും വ്യവസ്ഥകളും ഈ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും കീഴിൽ വരുന്ന വിഷയത്തിലെ മറ്റേതെങ്കിലും കരാറിലെ വ്യവസ്ഥകളും വൈരുദ്ധ്യമുണ്ടെങ്കിൽ, ഈ നിബന്ധനകളുടെയും വ്യവസ്ഥകളുടെയും വ്യവസ്ഥകൾ നിലനിൽക്കും.

5.29.16 അധിക ആനുകൂല്യങ്ങൾ, സേവനങ്ങൾ അല്ലെങ്കിൽ പ്രോഗ്രാമുകൾ

നിങ്ങളുടെ Debit Card ന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് ഞങ്ങളുടെ സ്വന്തം വിവേചനാധികാരം, അധിക സേവനങ്ങൾ, ആനുകൂല്യങ്ങൾ അല്ലെങ്കിൽ പ്രോഗ്രാമുകൾ എന്നിവ ഞങ്ങൾ നൽകിയേക്കാം. അത്തരം അധിക സേവനങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ, അത് നിങ്ങളുമായുള്ള ഞങ്ങളുടെ നിയമപരമായ ബന്ധത്തിന്റെ ഭാഗമാകണമെന്നില്ല. കൂടാതെ എപ്പോൾ വേണമെങ്കിലും നിങ്ങളെ അറിയിക്കാതെ ഈ സേവനങ്ങൾ പിൻവലിക്കുകയോ മാറ്റുകയോ ചെയ്യാം. ഈ അധിക സേവന ആനുകൂല്യങ്ങൾ / പ്രോഗ്രാമുകൾ അവരുടെ സ്വന്തം നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കാം.

5.29.17 അവകാശങ്ങൾ വിനിയോഗിക്കുന്നതിൽ കാലതാമസം അല്ലെങ്കിൽ പരാജയം

ഈ ഉടമ്പടിക്ക് കീഴിലുള്ള ഞങ്ങളുടെ അവകാശങ്ങളും, പരിഹാരങ്ങളും വിനിയോഗിക്കുന്നതിൽ ഞങ്ങൾ വരുത്തുന്ന കാലതാമസമോ പരാജയമോ ഞങ്ങളുടെ ഏതെങ്കിലും അവകാശങ്ങൾ ഒഴിവാക്കുന്നതിനെ പ്രതിനിധീകരിക്കുന്നില്ല. അത്തരമൊരു ഇളവ് നിങ്ങളെ രേഖാമൂലം അറിയിച്ചാൽ മാത്രമേ ഞങ്ങൾ ഞങ്ങളുടെ അവകാശങ്ങൾ ഒഴിവാക്കിയതായി കണക്കാക്കുക.

5.29.18 ഭരണനിയമം

ഈ നിബന്ധനകളും വ്യവസ്ഥകളും ഇന്ത്യൻ നിയമത്തിന് വിധേയമാണ്. ഇത് ഈ രേഖാമൂലം ഇന്ത്യയിലെ മുംബൈ കോടതികളുടെ പ്രത്യേക അധികാരപരിധിയിലായിരിക്കും.